# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 2
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
മെയ് 2011





## വികസനവും കരുതലും
Development & Care

ഉമ്മൻചാണ്ടി മുഖ്യമന്ത്രി

ഡോ. എം. കെ. മുനീറിന് പഞ്ചായത്ത്

# യു.ഡി.എഫ്. മന്ത്രിസഭ അധികാരത്തിൽ

സാമ്പത്തിക വളർച്ചയിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനവും
മാലിന്യമുക്തമായ സുന്ദരകേരളവും ലക്ഷ്യം






# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 കേരളത്തിൽ പുതിയ മന്ത്രിസഭ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

8 പതിമൂന്നാം
കേരള നിയമസഭാംഗങ്ങൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



10 വിദ്യാഭ്യാസ ചിന്തകൾ
ഡോ. എസ്. ശ്രീദേവി



14 മഴക്കാലപൂർവ്വ ശുചീകരണം
ഡോ. ആർ. അജയകുമാർ വർമ്മ



18 മഴക്കാലരോഗങ്ങൾക്കെതിരെ
മുന്നൊരുക്കം
പ്രൊഫ. (ഡോ.) തോമസ് മാത്യു



20 അറിയുക, പറയുക, പ്രവർത്തിക്കുക
ഉണ്ണികൃഷ്ണൻ .ആർ





22 മഴവെള്ളശേഖരണം:
പ്രാധാന്യവും സാദ്ധ്യതയും
ഡോ. നന്ദകുമാരൻ .പി


26 കേരള പഞ്ചായത്ത്
കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011
-ഒരെത്തിനോട്ടം
എൻ. സുരാജ്

30 രാജീവ് ആവാസ് യോജന:
ചേരിരഹിത നഗരാസൂത്രണ പരിപാടി
ഫിലിപ്പ് മാത്യു

26 പഞ്ചായത്തിലെ
ഡബിൾ എൻട്രി അക്കൗണ്ടിംഗ്
ഉദയഭാനു കണ്ടേത്ത്



35 ശുചിത്വബാല്യം, സുരക്ഷിതബാല്യം
ഡോ. അമർ.എസ്. ഫെറ്റിൽ



36 ചക്ക: ഭക്ഷ്യസുരക്ഷയ്ക്കും
രുചി വൈവിധ്യത്തിനും
അജിത് വെണ്ണിയൂർ

38 ദേ മഴയിങ്ങെത്തി!!!
ഡോ. മരിയ ലിസ മാത്യു



40 തേഞ്ഞു മാഞ്ഞു പോകുന്ന
ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ




# കത്തുകൾ

### വിവാഹ രജിസ്ട്രേഷൻ – ലേഖനം വേണം

കേരളത്തിലെ ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച് പഞ്ചായത്ത് രാജ് മാസികയുടെ മാർച്ച്, ഏപ്രിൽ ലക്കങ്ങളിൽ രണ്ട് ഭാഗങ്ങളായി പ്രസിദ്ധീകരിച്ച ലേഖനം ഈ രംഗത്ത് നിലനിൽക്കുന്ന പല സംശയങ്ങളും ദുരീകരിക്കുന്നതിന് സഹായകമായി. ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ തിരുത്തലുമായി ബന്ധപ്പെട്ട് ലോക്കൽ രജിസ്ട്രാർമാർ വിവിധ സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇത് പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. സ്വന്തം നിലയിൽ ചെയ്യാവുന്ന കാര്യങ്ങൾപോലും മേലധികാരികൾക്ക് അയച്ചുകൊടുത്ത് കാലതാമസം വരുത്തുന്ന സ്ഥിതിയാണ് കൂടുതലും അനുഭവപ്പെടുന്നത്. ലോക്കൽ രജ്സ്ട്രാർമാർക്ക് നല്കുന്ന പരിശീലന പരിപാടികളിൽ ആർ.ഡി.ഒ ആഫീസുകളിലെ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തിയാൽ നന്നായിരുന്നു. ജനന-മരണ രജിസ്ട്രേഷൻ പോലെ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ചും നാളിതുവരെയുള്ള ഉത്തരവുകളെയും സർക്കുലറുകളെയും ക്രോഡീകരിച്ച് ഒരു ലേഖനം തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

***നാരായണൻ,*** *വെളപ്പായ, തൃശൂർ*

### ഹിവരി ബസാർ ഗ്രാമം മാതൃകയാക്കണം

പഞ്ചായത്ത് രാജ് മാർച്ച്, ഏപ്രിൽ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച ഹിവരി ബസാർ ഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ പഞ്ചായത്തുകൾക്ക് മാതൃകയാക്കാവുന്നതാണ്. പ്രാദേശിക വികസന രംഗങ്ങളിൽ കേരളം മുന്നിട്ട് നിൽക്കുന്നുവെങ്കിലും ഏറെ ശ്രദ്ധ പിടിച്ചുപറ്റുന്ന രീതികളാണ് ഹിവരി ബസാർ ഗ്രാമത്തിലേത്. അതുപോലെതന്നെ ഏപ്രിൽ ലക്കത്തിലെ 'വമ്പാതുവിലെ വിശേഷങ്ങൾ' എന്ന ലേഖനവും നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. കേരളത്തിലെ വികസന മാതൃകയും മറ്റ് പ്രവർത്തനങ്ങളും പ്രസിദ്ധീകരിക്കുന്നതോടൊപ്പം ഇത്തരം ഫീച്ചറുകളും ലേഖനങ്ങളും മാസികയിൽ ഉൾപ്പെടുത്തിയതിന് പഞ്ചായത്ത് രാജിന് അഭിനന്ദനങ്ങൾ. ഇതുപോലുള്ള ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

***സലിം രാജ്,*** *എടവനക്കാട്*

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാനായി ജസ്റ്റിസ് എം.എൻ. കൃഷ്ണൻ ചുമതലയേറ്റു. 2011 ഏപ്രിൽ 23ന് തിരുവനന്തപുരം രാജ്ഭവനിൽ നടന്ന ചടങ്ങിൽ വെച്ച് ഗവർണർ ആർ.എസ്. ഗവായി സത്യവാചകം ചൊല്ലിക്കൊടുത്തു.

## 2011-12 വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി പൂർണ്ണമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്നതിനുള്ള അവസാന തീയതികൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായി. എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രോജക്ടുകളും അന്തിമമാക്കി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കേണ്ട അവസാന തീയതി 2011 ജൂൺ 4 ആണ്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ട അവസാന തീയതി 2011 ജൂൺ 10 ആണ്.

## പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ചു

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ പരിധി 40 ശതമാനമായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായി. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ സാധാരണ വിഹിതം, ലോകബാങ്ക് സഹായം, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, പ്രത്യേക ഗ്രാന്റ് എന്നിവ ഉൾപ്പെടുന്നുണ്ടെങ്കിലും ലോകബാങ്ക് സഹായത്തിനും പ്രത്യേക ഗ്രാന്റിനും മേഖലാതല മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമല്ലെന്ന് സർക്കാർ വ്യക്തമാക്കി. അതായത് പൊതുവിഭാഗം ഫണ്ടിൽ നിന്ന് ഉത്പാദന, പശ്ചാത്തല മേഖലകൾക്ക് വകയിരുത്തേണ്ട വിഹിതം നിശ്ചയിക്കുമ്പോഴും ആകെ വികസനഫണ്ടിൽ നിന്ന് വനിതാ ഘടക പദ്ധതി, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ പദ്ധതി, ചേരി വികസനം മുതലായ പദ്ധതികൾക്ക് വകയിരുത്തേണ്ട വിഹിതം നിശ്ചയിക്കുമ്പോഴും ലോകബാങ്ക് സഹായവും പ്രത്യേക ഗ്രാന്റും ഒഴിവാക്കാവുന്നതാണ്. മേഖലാ വകയിരുത്തൽ സംബന്ധിച്ച മറ്റു മാർഗ്ഗനിർദ്ദേശങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണ്. ലോകബാങ്ക് സഹായം, പ്രത്യേക ഗ്രാന്റ് എന്നിവ വികസനഫണ്ട് അനുവദനീയമായ ഏതൊരു കാര്യത്തിനും മേഖലാതല മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമല്ലാതെ വിനിയോഗിക്കാവുന്നതാണ്. പതിമൂന്നാം ധനകാര്യ കമ്മിഷൻ അവാർഡ് തുക വികസനഫണ്ട് അനുവദനീയമായ ഏതൊരു കാര്യത്തിനും മേഖലാതല മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതാണ്. ഈ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 2011-12 വാർഷിക പദ്ധതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. (സ.ഉ.(സാധാ)നം.1055/2011/തസ്വഭവ, തീയതി 23.04.2011.)



**പഞ്ചായത്ത് രാജ്**
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മെയ് 2011
പുസ്തകം 51
ലക്കം 2
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**പഞ്ചായത്ത് വകുപ്പ് മന്ത്രി**

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

*എഡിറ്ററുടെ പേജ്*

# കാലവർഷം: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒരു വേനൽചൂടിന്റെ കാഠിന്യം കൂടി സഹിച്ചുകൊണ്ട് മറ്റൊരു മഴക്കാലത്തിന്റെ വരവും കാത്തു കഴിയുകയാണ് കേരളം. പ്രകൃതിയെ പുളകമണിയിച്ച് സസ്യജന്തുജീവജാലങ്ങൾക്ക് പുതുജീവൻ നൽകുന്ന ഇടവപ്പാതിയുടെ വരവിന് പ്രതീക്ഷയോടെ കാത്തിരിക്കുമ്പോൾ തന്നെ മഴക്കാലവുമായി ബന്ധപ്പെട്ട് രണ്ടു പ്രധാന മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തകയാണിവിടെ.

ഒന്ന്, മഴവെള്ളത്തെ പ്രയോജനപ്പെടുത്തി ഭൂജല പോഷണത്തിലൂടെ വരൾച്ചയെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ്. മഴയാണ് കേരളത്തിന്റെ പ്രാഥമിക ജലസ്രോതസ്. ഇന്ത്യയുടെ ശരാശരി വാർഷിക മഴയുടെ അളവ് 1190 മില്ലീമീറ്ററാണ്. കേരളത്തിലിത് 3000 മി.മീറ്ററും. 44 നദികളും 45000 കുളങ്ങളും 3000 മി.മീറ്റർ മഴയും കൊണ്ട് ജലസമൃദ്ധമായ നമ്മുടെ സംസ്ഥാനത്തിൽ പലയിടത്തും വേനൽക്കാലങ്ങളിൽ വരൾച്ചയും കടുത്ത കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നുവെന്നത് വിരോധാഭാസമായി തോന്നാം. വൻകിട നദികളുടെ അഭാവം, നദീതടങ്ങളിലെ മണലിന്റെ ആഴക്കുറവ്, ചെങ്കുത്തായ ഭൂപ്രകൃതി തുടങ്ങിയ കാരണങ്ങളാൽ നമ്മുടെ ജലസമ്പത്തിന്റെ 70 ശതമാനത്തോളം കടലിലേക്ക് ഒഴുകി നഷ്ടപ്പെടുന്നുവെന്ന വസ്തുത നിലനില്ക്കുമ്പോൾ തന്നെ നമുക്ക് ലഭിക്കുന്ന മഴയെ ശാസ്ത്രീയമായ രീതികൾ അവലംബിച്ച് ഭൂജലപോഷണം നടത്തുന്നതിന് കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ലെന്നതാണ് സത്യം. കാസർകോട് ജില്ലയിലെ മടിക്കൈ, പാലക്കാട് ജില്ലയിലെ അകത്തേത്തറ തുടങ്ങിയ പഞ്ചായത്തുകൾ നടത്തുന്ന മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഇവിടെ വിസ്മരിക്കുന്നില്ല. മഴക്കുഴികൾ, തടയണകൾ, കോണ്ടൂർ കയ്യാലകൾ തുടങ്ങിയ ഭൂജല പോഷണ നിർമ്മിതികൾ, മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും ഭൂഗർഭജലം കിനിഞ്ഞിറങ്ങുന്നതിനും സഹായിക്കുന്ന കൃഷിരീതികൾ, മേൽക്കൂര മഴവെള്ള കൊയ്ത്ത് തുടങ്ങിയ കേരളത്തിന് അനുയോജ്യമായ ഭൂജലപോഷണ മാർഗ്ഗങ്ങൾ വ്യാപകമാക്കി കൊണ്ടല്ലാതെ ഉയർന്ന ജനസാന്ദ്രതയും ആധുനിക ജീവിതശൈലികൊണ്ടും നാൾക്കുനാൾ സങ്കീർണ്ണമായി കൊണ്ടിരിക്കുന്ന ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. നമ്മുടെ കുളങ്ങളും പരമ്പരാഗത ജലസംഭരണികളും പരിപാലിച്ചുകൊണ്ട് മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ വർഷകാലത്ത് ലഭിക്കുന്ന മഴവെള്ളത്തെ പ്രയോജനപ്പെടുത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവരണം.

രണ്ടാമത്തെ പ്രധാനകാര്യം മഴക്കാലത്ത് പൊട്ടിപ്പുറപ്പെടാൻ സാദ്ധ്യതയുള്ള ജലജന്യ-കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കലാണ്. 2007 മുതൽ ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ എല്ലാവർഷവും നടന്നുവരുന്നുണ്ട്. പകർച്ചപ്പനിയും മറ്റും പ്രതിരോധിക്കുന്നതിൽ വലിയൊരളവ് വിജയം കൈവരിക്കാനും അതിലൂടെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ആലപ്പുഴ ജില്ലയിൽ നീണ്ട ഇടവേളയ്ക്കു ശേഷം പ്രത്യക്ഷപ്പെട്ട ജപ്പാൻജ്വരം ആരോഗ്യമേഖലയിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നാം നേരിടുന്ന വെല്ലുവിളികൾ അവസാനിക്കുന്നില്ലായെന്ന തിരിച്ചറിവ് ഉണ്ടാക്കുന്നു. ഇക്കാര്യത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം മുമ്പെന്നത്തേക്കാളും ശക്തമാക്കേണ്ടതുണ്ട്. ആരോഗ്യമേഖലയിൽ ഓരോ പ്രദേശവും വ്യത്യസ്തമായ പ്രശ്നങ്ങളായിരിക്കും അഭിമുഖീകരിക്കുന്നത്. അതു കണക്കിലെടുത്തുകൊണ്ടുള്ള പൊതുജന ബോധവത്ക്കരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകണം. വീടും പരിസരവും മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും അത്തരമൊരു ശുചിത്വ സംസ്ക്കാരം വളർത്തിയെടുക്കാനും കഴിയണം.

കേരളത്തിലെ വാർഷിക മഴയുടെ 60 ശതമാനവും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ ലഭിക്കുന്ന മഴവെള്ളത്തെ സംഭരിക്കുന്നതിനും മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കാവണം ഇക്കാലയളവിലെ മുൻഗണന.



മുഖ്യമന്ത്രിയായി ഉമ്മൻചാണ്ടി ഗവർണർ ആർ.എസ്. ഗവായ് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നു.

# യു.ഡി.എഫ്. മന്ത്രിസഭ അധികാരത്തിൽ



**കേരളത്തിൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭ അധികാരമേറ്റു. മെയ് 18ന് രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഉമ്മൻചാണ്ടിയോടൊപ്പം പി.കെ.കുഞ്ഞാലിക്കുട്ടി, കെ.എം.മാണി, കെ.പി.മോഹനൻ, ടി.എം. ജേക്കബ്, കെ.ബി.ഗണേഷ് കുമാർ, ഷിബു ബേബിജോൺ എന്നിവരും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. രണ്ടാംഘട്ടത്തിൽ മെയ് 23ന് പി.കെ.അബ്ദുറബ്ബ്, എ.പി.അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, കെ.ബാബു, സി.എൻ. ബാലകൃഷ്ണൻ, വി.കെ.ഇബ്രാഹിംകുഞ്ഞ്, പി.കെ.ജയലക്ഷ്മി, കെ.സി.ജോസഫ്, പി.ജെ.ജോസഫ്, എം.കെ.മുനീർ, അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.എസ്.ശിവകുമാർ എന്നിവരും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.**

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*






## പുതിയ മന്ത്രിമാർ


പി.കെ. അബ്ദുറബ്ബ്


എ.പി. അനിൽകുമാർ


ആര്യാടൻ മുഹമ്മദ്


കെ. ബാബു


സി.എൻ. ബാലകൃഷ്ണൻ


കെ. ബി. ഗണേഷ്കുമാർ



വി.കെ. ഇബ്രാഹിംകുഞ്ഞ്



ടി.എം. ജേക്കബ്


പി.കെ. ജയലക്ഷ്മി



കെ. സി. ജോസഫ്


പി. ജെ. ജോസഫ്



പി.കെ. കുഞ്ഞാലിക്കുട്ടി


കെ. എം. മാണി


കെ. പി. മോഹനൻ


എം. കെ. മുനീർ


അടൂർ പ്രകാശ്


തിരുവഞ്ചൂർ രാധാകൃഷ്ണൻ


ഷിബു ബേബിജോൺ


വി. എസ്. ശിവകുമാർ

# പതിമൂന്നാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ

| നിയോജകമണ്ഡലം | പേര് |
|---|---|
| **കാസർകോട് ജില്ല** | |
| മഞ്ചേശ്വരം | പി.ബി. അബ്ദുൽ റസാഖ് |
| കാസർകോട് | എൻ.എ. നെല്ലിക്കുന്ന് |
| ഉദുമ | കെ കുഞ്ഞിരാമൻ |
| കാഞ്ഞങ്ങാട് | ഇ. ചന്ദ്രശേഖരൻ |
| തൃക്കരിപ്പൂർ | കെ. കുഞ്ഞിരാമൻ |
| **കണ്ണൂർ ജില്ല** | |
| പയ്യന്നൂർ | സി. കൃഷ്ണൻ |
| കല്ല്യാശ്ശേരി | ടി.വി. രാജേഷ് |
| തളിപ്പറമ്പ് | ജെയിംസ് മാത്യു |
| ഇരിക്കൂർ | കെ.സി. ജോസഫ് |
| അഴിക്കോട് | കെ.എം. ഷാജി |
| കണ്ണൂർ | എ.പി. അബ്ദുള്ളക്കുട്ടി |
| ധർമ്മടം | കെ.കെ. നാരായണൻ |
| തലശ്ശേരി | കോടിയേരി ബാലകൃഷ്ണൻ |
| കൂത്തുപറമ്പ് | കെ.പി. മോഹനൻ |
| മട്ടന്നൂർ | ഇ.പി. ജയരാജൻ |
| പേരാവൂർ | സണ്ണി ജോസഫ് |
| **വയനാട് ജില്ല** | |
| മാനന്തവാടി | പി.കെ. ജയലക്ഷ്മി |
| സുൽത്താൻ ബത്തേരി | ഐ.സി. ബാലകൃഷ്ണൻ |
| കൽപ്പറ്റ | എം.വി. ശ്രേയാംസ് കുമാർ |
| **കോഴിക്കോട് ജില്ല** | |
| വടകര | സി.കെ. നാണു |
| കുറ്റ്യാടി | കെ.കെ. ലതിക |
| നാദാപുരം | ഇ.കെ. വിജയൻ |

| നിയോജകമണ്ഡലം | പേര് |
|---|---|
| കൊയിലാണ്ടി | കെ. ദാസൻ |
| പേരാമ്പ്ര | കെ. കുഞ്ഞമ്മദ് മാസ്റ്റർ |
| ബാലുശ്ശേരി | പുരുഷൻ കടലുണ്ടി |
| ഏലത്തൂർ | എ.കെ. ശശീന്ദ്രൻ |
| കോഴിക്കോട് നോർത്ത് | എ. പ്രദീപ് കുമാർ |
| കോഴിക്കോട് സൗത്ത് | എം.കെ. മുനീർ |
| കൊടുവള്ളി | വി.എം. ഉമ്മർ മാസ്റ്റർ |
| തിരുവമ്പാടി | സി. മോയിൻ കുട്ടി |
| കുന്ദമംഗലം | പി.ടി.എ. റഹിം |
| ബേപ്പൂർ | എളമരം കരീം |
| **മലപ്പുറം ജില്ല** | |
| കൊണ്ടോട്ടി | കെ. മുഹമ്മദുണ്ണി ഹാജി |
| ഏറനാട് | പി.കെ. ബഷീർ |
| നിലമ്പൂർ | ആര്യാടൻ മുഹമ്മദ് |
| വണ്ടൂർ | എ.പി. അനിൽകുമാർ |
| മഞ്ചേരി | എം. ഉമ്മർ |
| പെരിന്തൽമണ്ണ | മഞ്ഞളാംകുഴി അലി |
| മങ്കട | ടി.എ. അഹമ്മദ് കബീർ |
| മലപ്പുറം | പി. ഉബൈദുള്ള |
| വേങ്ങര | പി.കെ. കുഞ്ഞാലിക്കുട്ടി |
| വള്ളിക്കുന്ന് | കെ.എൻ. എ. ഖാദർ |
| തിരൂരങ്ങാടി | പി.കെ. അബ്ദു റബ്ബ് |
| താനൂർ | അബ്ദുറഹിമാൻ രണ്ടത്താണി |
| തിരൂർ | സി. മമ്മൂട്ടി |
| കോട്ടയ്ക്കൽ | അബ്ദുസമദ് സമദാനി |
| തവനൂർ | കെ.ടി. ജലീൽ |
| പൊന്നാനി | പി. ശ്രീരാമകൃഷ്ണൻ |







| നിയോജകമണ്ഡലം | പേര് |
|---|---|
| **പാലക്കാട് ജില്ല** | |
| തൃത്താല | വി.ടി. ബൽറാം |
| പട്ടാമ്പി | സി.പി. മുഹമ്മദ് |
| ഷൊർണ്ണൂർ | കെ.എസ്. സലീഖ |
| ഒറ്റപ്പാലം | എം. ഹംസ |
| കോങ്ങാട് | കെ.വി. വിജയദാസ് |
| മണ്ണാർക്കാട് | എൻ. ഷംസുദ്ദീൻ |
| മലമ്പുഴ | വി.എസ്. അച്യുതാനന്ദൻ |
| പാലക്കാട് | ഷാഫി പറമ്പിൽ |
| തരൂർ | എ.കെ. ബാലൻ |
| ചിറ്റൂർ | കെ. അച്യുതൻ |
| നെന്മാറ | വി. ചെന്താമരാക്ഷൻ |
| ആലത്തൂർ | എം. ചന്ദ്രൻ |
| **തൃശൂർ ജില്ല** | |
| ചേലക്കര | കെ. രാധാകൃഷ്ണൻ |
| കുന്ദംകുളം | ബാബു എം. പാലിശ്ശേരി |
| ഗുരുവായൂർ | കെ.വി. അബ്ദുൾ ഖാദർ |
| മണലൂർ | പി.എ. മാധവൻ |
| വടക്കാഞ്ചേരി | സി.എൻ. ബാലകൃഷ്ണൻ |
| ഒല്ലൂർ | എം.പി. വിൻസന്റ് |
| തൃശൂർ | തേറമ്പിൽ രാമകൃഷ്ണൻ |
| നാട്ടിക | ഗീത ഗോപി |
| കയ്പമംഗലം | വി.എസ്. സുനിൽകുമാർ |
| ഇരിങ്ങാലക്കുട | തോമസ് ഉണ്ണിയാടൻ |
| പുതുക്കാട് | സി. രവീന്ദ്രനാഥ് |
| ചാലക്കുടി | ബി.ഡി. ദേവസി |
| കൊടുങ്ങല്ലൂർ | ടി.എൻ. പ്രതാപൻ |
| **എറണാകുളം ജില്ല** | |
| പെരുമ്പാവൂർ | സാജു പോൾ |
| അങ്കമാലി | ജോസ് തെറ്റയിൽ |
| ആലുവ | അൻവർ സാദത്ത് |
| കളമശ്ശേരി | വി.കെ. ഇബ്രാഹിം കുഞ്ഞ് |
| പറവൂർ | വി.ഡി. സതീശൻ |
| വൈപ്പിൻ | എസ്. ശർമ്മ |
| കൊച്ചി | ഡൊമിനിക് പ്രസന്റേഷൻ |
| തൃപ്പൂണിത്തുറ | കെ. ബാബു |
| എറണാകുളം | ഹൈബി ഈഡൻ |
| തൃക്കാക്കര | ബെന്നി ബെഹനാൻ |
| കുന്നത്തുനാട് | വി.പി. സജീന്ദ്രൻ |
| പിറവം | ടി.എം. ജേക്കബ് |
| മൂവാറ്റുപുഴ | ജോസഫ് വാഴക്കൻ |
| കോതമംഗലം | ടി.യു. കുരുവിള |
| **ഇടുക്കി ജില്ല** | |
| ദേവികുളം | എസ്. രാജേന്ദ്രൻ |
| ഉടുമ്പൻചോല | കെ.കെ. ജയചന്ദ്രൻ |
| തൊടുപുഴ | പി.ജെ. ജോസഫ് |
| ഇടുക്കി | റോഷി അഗസ്റ്റിൻ |
| പീരുമേട് | ഇ.എസ്. ബിജിമോൾ |
| **കോട്ടയം ജില്ല** | |
| പാലാ | കെ.എം. മാണി |
| കടുത്തുരുത്തി | മോൻസ് ജോസഫ് |
| വൈക്കം | കെ. അജിത്ത് |

| നിയോജകമണ്ഡലം | പേര് |
|---|---|
| ഏറ്റുമാനൂർ | കെ. സുരേഷ് കുറുപ്പ് |
| കോട്ടയം | തിരുവഞ്ചൂർ രാധാകൃഷ്ണൻ |
| പുതുപ്പള്ളി | ഉമ്മൻചാണ്ടി |
| ചങ്ങനാശ്ശേരി | സി.എഫ്. തോമസ് |
| കാഞ്ഞിരപ്പള്ളി | എൻ. ജയരാജ് |
| പൂഞ്ഞാർ | പി.സി. ജോർജ് |
| **ആലപ്പുഴ ജില്ല** | |
| അരൂർ | എ.എം. ആരിഫ് |
| ചേർത്തല | പി. തിലോത്തമൻ |
| ആലപ്പുഴ | ടി.എം. തോമസ് ഐസക് |
| അമ്പലപ്പുഴ | ജി. സുധാകരൻ |
| കുട്ടനാട് | തോമസ് ചാണ്ടി |
| ഹരിപ്പാട് | രമേശ് ചെന്നിത്തല |
| കായംകുളം | സി.കെ. സദാശിവൻ |
| മാവേലിക്കര | ആർ. രാജേഷ് |
| ചെങ്ങന്നൂർ | പി.സി. വിഷ്ണുനാഥ് |
| **പത്തനംതിട്ട ജില്ല** | |
| തിരുവല്ല | മാത്യു ടി തോമസ് |
| റാന്നി | രാജു എബ്രഹാം |
| ആറന്മുള | കെ. ശിവദാസൻ നായർ |
| കോന്നി | അടൂർ പ്രകാശ് |
| അടൂർ | ചിറ്റയം ഗോപകുമാർ |
| **കൊല്ലം ജില്ല** | |
| കരുനാഗപ്പള്ളി | സി. ദിവാകരൻ |
| ചവറ | ഷിബു ബേബിജോൺ |
| കുന്നത്തൂർ | കോവൂർ കുഞ്ഞുമോൻ |
| കൊട്ടാരക്കര | പി. അയിഷാ പോറ്റി |
| പത്തനാപുരം | കെ.ബി. ഗണേഷ്കുമാർ |
| പുനലൂർ | കെ. രാജു |
| ചടയമംഗലം | മുല്ലക്കര രത്നാകരൻ |
| കുണ്ടറ | എം.എ. ബേബി |
| കൊല്ലം | പി.കെ. ഗുരുദാസൻ |
| ഇരവിപുരം | എ.എ. അസീസ് |
| ചാത്തന്നൂർ | ജി.എസ്. ജയലാൽ |
| **തിരുവനന്തപുരം ജില്ല** | |
| വർക്കല | വർക്കല കഹാർ |
| ആറ്റിങ്ങൽ | ബി. സത്യൻ |
| ചിറയിൻകീഴ് | വി. ശശി |
| നെടുമങ്ങാട് | പാലോട് രവി |
| വാമനപുരം | കോലിയക്കോട് എൻ. കൃഷ്ണൻനായർ |
| കഴക്കൂട്ടം | എം.എ. വാഹിദ് |
| വട്ടിയൂർക്കാവ് | കെ. മുരളീധരൻ |
| തിരുവനന്തപുരം | വി.എസ്. ശിവകുമാർ |
| നേമം | വി. ശിവൻകുട്ടി |
| അരുവിക്കര | ജി. കാർത്തികേയൻ |
| പാറശ്ശാല | എ.ടി. ജോർജ് |
| കാട്ടാക്കട | എൻ. ശക്തൻ |
| കോവളം | ജമീല പ്രകാശം |
| നെയ്യാറ്റിൻകര | ആർ. സെൽവരാജ് |

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

# വിദ്യാഭ്യാസ ചിന്തകൾ

ഡോ. എസ്. ശ്രീദേവി

**ഒരു കോടതിയും ജാമ്യം കൊടുക്കാത്ത അദൃശ്യമായ ഒരു സമൂഹം– അതിനെ നാമൊക്കെ ചേർന്നു പടച്ചു വച്ചിരിക്കുന്നു. സ്വന്തം സ്വർണം പിച്ചളയാണെന്നു തിരിച്ചറിഞ്ഞിട്ടും പത്തരമാറ്റു സ്വർണ്ണമാണെന്ന് അഭിനയിച്ച് അഭിമാനിക്കുന്നു. ആശുപത്രികൾ മാത്രമല്ല Child friendly ആകേണ്ടത്. ആദ്യം സ്ക്കൂളാണ് ശിശുപ്രേമി ആകേണ്ടത്.**

*"ഒരു തത്ത്വശാസ്ത്രത്തിൻ തൈ നട്ടു ഞാൻ*
*എന്നും പിഴുതു നോക്കുന്നു വേരെണ്ണാൻ"*

കവിയെന്നപോലെയോ അതിലധികമോ പ്രശസ്തി അധ്യാപകനെന്ന നിലയിൽ നേടിക്കഴിഞ്ഞ ഒ എൻ വി കുറുപ്പിന്റെ "ഞാൻ" എന്ന കവിത കണ്ണുതുറപ്പിച്ചിട്ടു കാലം ഏറെയായി. ഏതു കർഷകനും പ്രാഥമികമായുള്ള അറിവാണ് തൈ നട്ടാൽ വേരു പിടിക്കാനുള്ള 'സമയം' അതിനു കൊടുക്കണമെന്നുള്ളത്. പഞ്ചതന്ത്രത്തിൽ ഒരു കുരങ്ങനെ തോട്ടം ഏൽപ്പിച്ചതും അവൻ എന്നും വേരുപിടിച്ചോന്നറിയാൻ തൈകൾ പിഴുതു നോക്കിയതും ശേഷം ചിന്ത്യം എന്നതും പഴങ്കഥയല്ല. നമ്മുടെ മുത്തശ്ശിക്കഥയിൽ മാത്രമാണ് വിസ്മയാവഹമായ വളർച്ചകൾ ഭാവനയിൽ വിരിയുന്നത്. എന്നാൽ സമയബന്ധിതമായിട്ടല്ലാതെ തത്ത്വശാസ്ത്രങ്ങളുടെ തൈകൾ വേരു പിടിക്കുകയില്ല. ഈ സരളമായ അറിവാണ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സംഭവിക്കുന്നത്. ഒരു പരിഷ്ക്കാരം നിലവിൽ വന്നാൽ അതിന് വേരു പിടിക്കാനുള്ള സമയം, ഈരില വീശാനുള്ള സമയം കൊടുക്കണം. ചെടി വാടാതെ നോക്കണം. സൂര്യപ്രകാശവും ജലവും ആവശ്യത്തിനു ലഭിക്കണം. അത്യാവശ്യം വളവും. പിന്നെ കളകളുടെ ഉപദ്രവമില്ലാതെ നോക്കുന്ന നല്ല തോട്ടക്കാരുണ്ടാകണം. പൂത്തും തളിർത്തും കായ്ചും നിൽക്കുന്ന മരങ്ങളെ നോക്കി നിന്ന് ആനന്ദിക്കുന്ന മനുഷ്യർ വേണം. കിളികൾക്കും അണ്ണാനും വകയിരുത്തിയ ഫലങ്ങൾ അവയ്ക്കു കിട്ടണം. കാറ്റേ വാ–എനിക്കൊരു മാമ്പഴം തന്നേപോ– എന്നു സ്നേഹിക്കുന്ന കുട്ടികൾക്കു പഴങ്ങൾ കിട്ടണം. അവർ ആസ്വദിക്കുകയും പങ്കിടുകയും ചെയ്യണം. നല്ല കുട്ടികൾ നല്ല മുതിർന്ന മനുഷ്യരായി പ്രകൃതി സ്നേഹികളും പരിസര സ്നേഹികളും ആയി വളർന്നു വരണം. ഇവർ പഠിക്കുന്ന വിദ്യാലയങ്ങൾ വിവിധ വിഷയങ്ങൾ പകർന്നു കൊടുക്കുന്നതോടൊപ്പം മനുഷ്യന്റെ 'ചെത്തവും ചൂരും' അറിയിച്ചുകൊടുക്കണം. 'വെളിച്ചം വെളിച്ചം സർവത്ര' എന്നായിരിക്കണം വിദ്യാലയങ്ങളുടെ മുദ്രാവാക്യം. അസതോ മാ സത് ഗമയ, തമസോ മാ ജ്യോതിർ ഗമയ, മൃത്യോർ മാ അമൃതം ഗമയ എന്ന ഉപനിഷത്ത് വാക്യങ്ങളെക്കാൾ കുട്ടികൾക്കു മനസ്സിലാകും വെളിച്ചത്തിന്റെ(അറിവിന്റെ), പ്രകാശത്തെക്കുറിച്ച്. ഇത്തരം പാഠ്യപ്രവർത്തനങ്ങൾക്കും ഇതര പ്രവർത്തനങ്ങൾക്കും സമയം വേണം. വേരുപിടിക്കാനുള്ള സമയം കിട്ടിയില്ലെങ്കിൽ വന്നുചേരുന്ന നാശത്തെക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം. ചുരുക്കികൂട്ടിപ്പറയാമല്ലോ ഭരണപക്ഷങ്ങൾ മാറിമാറി വരുന്നതോടെ വിദ്യാഭ്യാസം എന്ന ചെടി വേരുപിടിക്കുന്നതിനു മുമ്പ് പറിച്ചു നടപ്പെടും. മിക്കവാറും പുതിയ ഭൂമിയിൽ അതു വേരുപിടിക്കാതെ തന്നെ പട്ടുപോകും.

പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിനും അധ്യാപന തന്ത്രങ്ങൾ പരിഷ്ക്കരിക്കുന്നതിനും വിദ്യാഭ്യാസ മൂല്യങ്ങൾ ഉറപ്പാക്കുന്നതിനും കൃത്യമായി പടിഞ്ഞാറോട്ടു നോക്കുന്ന നിലപാട് ഒഴിവാക്കണം. ഇന്ത്യ എന്ന രാജ്യത്തിന്റെ അഭിവൃദ്ധിക്ക് പടിഞ്ഞാറൻ സംസ്കാരങ്ങൾ നൽകിയ ഈടുറ്റ സംഭാവനകളെ തരം താഴ്ത്തി കാണുകയല്ല ലേഖകന്റെ ലക്ഷ്യം.

നാം നിത്യവും കാണുന്ന, കേൾക്കുന്ന, പരസ്യങ്ങളിൽ ഒന്നു ശ്രദ്ധിക്കാം. *ഓ നാലു കിലോ ഭാരമുള്ള ഈ സ്കൂൾ ബാഗ് കുട്ടി ചുമന്നുകൊണ്ടു പോകണ്ടേ? അവനു സാധാരണ ഭക്ഷണം മതിയോ? നിശ്ചയമായും എക്സ്ട്രാ നറിഷ്മെന്റ് വേണം. ഞാൻ അതിനായി എന്റെ കുട്ടിക്ക് ... കൊടുക്കുന്നു.* ഇവിടെ അമ്മയുടെ വേവലാതി കുട്ടിയുടെ ശാരീരിക വളർച്ചയെപ്പറ്റിയാണ്. എന്നാൽ നാലുകിലോ ഭാരമുള്ള ആ സ്കൂൾ ബാഗിൽ നാലായിരം കിലോ ഭാരമുള്ള അറിവുകളെ ഒളിപ്പിച്ചിരിക്കുന്നതിനെക്കുറിച്ച് പാവം അമ്മ എന്തറിയുന്നു? കുരുന്നു മനസ്സുകളിൽ എന്തിനീ ഭാരം? ഈ ഭാരം ഏത് അളവുകോലു കൊണ്ടാണ് അളക്കേണ്ടത്? മിനുത്ത ഷൂസും ചുളി വീഴാത്ത യൂണിഫോമും വാട്ടർ ബോട്ടിലും ടൈയും കാറും സ്ക്കൂൾ ബസ്സും ആണോ അവ നിർണ്ണയിക്കേണ്ടത്? അന്യഭാഷ വികലമായി പറഞ്ഞ് മേനി നടിക്കുന്നതോ മാനദണ്ഡം? മാതൃഭാഷ പറയുന്നതിന് ശിക്ഷ നേടുന്നതോ മാനദണ്ഡം?

വിവിധ സ്ക്കൂളുകളിലെ പൊതുയോഗങ്ങളിലും മാതൃസംഗമങ്ങളിലും രക്ഷാകർത്തൃ സംഘടനകളിലും അത്തരം പല വേദികളിലും ഞാൻ ഇത്തരം സംശയങ്ങൾ ഉറക്കെ ചോദിച്ചിട്ടുണ്ട്. കുട്ടികൾ എന്തിനു സ്ക്കൂളിൽ പോകുന്നു? നിങ്ങളുടെ കുട്ടി ആരാകണം? വിദ്യാഭ്യാസം കുട്ടിക്ക് സുഖകരമായ അനുഭവമാണോ? കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഗുണകരങ്ങളായ വ്യതിയാനങ്ങൾ വന്നു ചേരുന്നുണ്ടോ?

പ്രീപ്രൈമറി ക്ലാസുകളിൽ കുട്ടികൾ ഔപചാരിക പഠനവും പരീക്ഷയും നേരിടണമോ? പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലൂടെ ആകരുതോ?

കുട്ടികൾക്കു കളിക്കാൻ ഇടം വേണ്ടേ? സ്വന്തമായി ചിലതു കണ്ടെത്താൻ കുട്ടികൾക്ക് അവസരം ഉണ്ടോ?

പാഠപുസ്തകങ്ങൾ കൂടാതെ ചില വായനാനുഭവങ്ങൾ കിട്ടാറുണ്ടോ?

വിദ്യാർത്ഥികൾക്ക് ഗൈഡുകൾ വലിച്ചുവാരി കൊടുക്കണോ? പ്രൈവറ്റ് ട്യൂഷൻ നിർബന്ധമായും കൊടുക്കണോ? അധ്യാപകരെക്കുറിച്ചു കുട്ടികൾ എന്തു വിചാരിക്കുന്നു, പറയുന്നു?

സഹപാഠികളെക്കുറിച്ച് എന്തു പറയുന്നു? മത്സരങ്ങളിൽ ജയിക്കാനായി മാത്രം ജനിച്ചവരാണോ കുട്ടികൾ?

എന്റെ വിദ്യാലയം, എന്റെ അധ്യാപകൻ, എന്റെ കൂട്ടുകാരി, കൂട്ടുകാരൻ എന്നൊക്കെ അഭിമാനത്തോടെ കുട്ടികൾ സംസാരിക്കാറുണ്ടോ?

പഠിച്ച പദ്യങ്ങളോ കഥകളോ തമാശകളോ വീട്ടുകാരുമായി കുട്ടികൾ പങ്കുവയ്ക്കാറുണ്ടോ? ഗൃഹപാഠങ്ങൾ കുട്ടികൾക്കു താങ്ങാനാവാത്തത്ര ഉണ്ടോ? എന്നിങ്ങനെ പല ചോദ്യങ്ങും അന്തരീക്ഷത്തിൽ പറന്നു നടക്കും. മിക്കവാറും എല്ലാരും മൗനം വിദ്വാനു ഭൂഷണം എന്ന മട്ടിൽ ഇരുന്നുകളയും. നാടോടുമ്പോൾ നടുവേ ഓടണ്ടേ? ചേരയെത്തിന്നുന്ന നാട്ടിൽ നടുക്കണ്ടം തിന്നണ്ടേ എന്നും ചിലർ പ്രതികരിച്ചിട്ടുണ്ട്. പ്രസംഗവും പ്രവൃത്തിയും തമ്മിൽ അകലം വളരെ കൂടുതലാണെന്നും ചിലർ ഓർമ്മിപ്പിച്ചിട്ടുണ്ട്. വീടിനേക്കാൾ സുരക്ഷിതമായ ഒരിടം സ്കൂളാണെന്ന് ചിലർ പറയും. അലയാണ്ടിരിക്കാൻ അപ്പുക്കിളിയെ സ്ക്കൂളിൽ ചേർത്തത് പലരും ഓർക്കുന്നുണ്ട്. *(ഒ.വി.വിജയൻ: ഖസാക്കിന്റെ ഇതിഹാസം)*

**ബലൂണും മിഠായിയും പ്രവേശന ഗാനവും നൃത്തവും കുട്ടികളെ ആദ്യദിവസം ഭ്രമിപ്പിച്ചേക്കാം. പിന്നെപ്പിന്നെ വിദ്യാലയത്തിന്റെ തനിക്കോണം– തനിഗുണം, അവർ തിരിച്ചറിയും. നല്ല പഴത്തിന്റെ സ്വാദ് കിളികളും അണ്ണാനും അറിയുന്നതുപോലെ തന്നെ കുട്ടികളും തിരിച്ചറിയും. വാസ്തവത്തിൽ നല്ലതും ചീത്തയും തിരിച്ചറിയുന്ന ഒന്നാം നമ്പർ പുള്ളി കുട്ടി തന്നെയാണ്. എന്നാൽ ചതിയിൽ പെടുന്നതും കുട്ടി തന്നെ.**



**നാലുകിലോ ഭാരമുള്ള ആ സ്കൂൾ ബാഗിൽ നാലായിരം കിലോ ഭാരമുള്ള അറിവുകളെ ഒളിപ്പിച്ചിരിക്കുന്നതിനെക്കുറിച്ച് പാവം അമ്മ എന്തറിയുന്നു? കുരുന്നു മനസ്സുകളിൽ എന്തിനീ ഭാരം? ഈ ഭാരം ഏത് അളവുകോലു കൊണ്ടാണ് അളക്കേണ്ടത്? മിനുത്ത ഷൂസും ചുളി വീഴാത്ത യൂണിഫോമും വാട്ടർ ബോട്ടിലും ടൈയും കാറും സ്ക്കൂൾ ബസ്സും ആണോ അവ നിർണ്ണയിക്കേണ്ടത്? അന്യഭാഷ വികലമായി പറഞ്ഞ് മേനി നടിക്കുന്നതോ മാനദണ്ഡം? മാതൃഭാഷ പറയുന്നതിന് ശിക്ഷ നേടുന്നതോ മാനദണ്ഡം?**





ഇത്തരം സമൂഹത്തോട് പരിഭവമില്ലാതെ ചോദിക്കട്ടെ-കുരുന്നു മനസ്സുകളിൽ എന്തിന് ഇത്രയും ഭാരം?

ശിശു വിഹാരങ്ങളായിത്തീരേണ്ട പ്രാഥമിക വിദ്യാലയങ്ങൾ ശിശു വിരോധികളായി വർത്തിക്കുന്നതു കണ്ട് ധാർമ്മികരോഷം കൊണ്ടവർ ചരിത്രത്തിൽ ഉണ്ട്. പെസ്തലോസ്സി, മോണ്ടിസ്സോറി, ഫ്രബൽ, ഗാന്ധിജി, ടാഗോർ, വിവേകാനന്ദൻ, ശ്രീനാരായണ ഗുരു എന്നൊക്കെ പല പേരുകൾ സാധാരണക്കാർപോലും വിളിച്ചുപറയും. പ്യാഷേ, വൈഗോട്സ്കി, ഫ്രോയിഡ്, യുങ്, ആഡ്ലർ, കോഹ്ലർ, പാവ്ലോപ്, മലിനോവ്സ്ക്കി തുടങ്ങിയ എത്രയോ പേരുകൾ അധ്യാപക വിദ്യാർത്ഥികൾ ഓർക്കും. ഒടുവിൽ Models of Teaching എന്ന വേദ പുസ്തകത്തെപ്പറ്റിയും പറയും. നമ്മുടെ അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ നിലപാട് "ഏട്ടിലപ്പടി പയറ്റിലിപ്പടി" എന്നു തന്നെ. ഒരു നേഴ്സറിയിൽ പിഞ്ചു ചെടികളെ ശ്രദ്ധിച്ചു വളർത്തുന്ന വിധം മനുഷ്യക്കുട്ടികളെ മനുഷ്യനേഴ്സറികളിൽ വളർത്തണം എന്നു പറഞ്ഞപ്പോൾ ഒരു അധ്യാപിക സത്യസന്ധമായി പ്രതികരിച്ചതു ഞാൻ ഓർക്കുന്നു. "അതെ റ്റീച്ചർ, ഞങ്ങൾ വളരെ ശ്രദ്ധിച്ചാണു വളർത്തുന്നത്. മറ്റു കുട്ടികൾ ഉപദ്രവിക്കാതെ, വീണു കൈകാലുകൾ മുറിയാതെ, സ്വന്തം റ്റിഫിൻ കഴിച്ച്, ടവ്വലിൽ മുഖം തുടച്ച്, ഉറങ്ങി ഉണർന്ന് പഠിച്ച്, സ്കൂൾ ബസ്സിൽ വരിവരിയായി കേറി താന്താങ്ങൾക്കുള്ള ഇരിപ്പിടങ്ങളിൽ കാലടുപ്പിച്ച് ഇരിക്കുന്ന കുട്ടികളെയാണ് ഞങ്ങൾ ശ്രദ്ധാപൂർവ്വം വളർത്തിയെടുക്കുന്നത്. കുട്ടികളുടെ മാതാപിതാക്കൾ ആവശ്യപ്പെടുന്നതാണ് ഞങ്ങൾ കൊടുക്കുന്നത്. ഞങ്ങൾ സന്തുഷ്ടരാണ്''. നിസ്സഹായരായ ഇത്തരം അധ്യാപികമാരുടെ നിഷ്ക്കളങ്കതയെ ചോദ്യം ചെയ്യാൻ ആർക്കാണ് അധികാരം? വിദ്യാഭ്യാസം എന്നതുകൊണ്ട് മാതാപിതാക്കൾ ധരിച്ചുവശായിരിക്കുന്ന വൈകല്യത്തെക്കുറിച്ച് അവരോടും പറഞ്ഞു നോക്കിയിട്ടുണ്ട്.


ഗണപതി പ്രാതലിലെ കുട്ടിഗണപതിയെപ്പോലെ കണ്ടതും കടിയതും വെട്ടിവിഴുങ്ങാനുള്ള വിശപ്പുമായി വരുന്ന കുട്ടികളിൽ പലരും അർദ്ധപട്ടിണിക്കാരായിപ്പോകുന്നുണ്ട്. അമിത ഭക്ഷണം കൊടുത്ത് അജീർണ്ണമുണ്ടാക്കുന്നതും നന്നല്ല. പിന്നെ നല്ലതേതാണ്? ചിത്രശലഭങ്ങളെക്കണ്ട് പാടിപ്പറക്കാനും പൂക്കളെ നോക്കി ചിരിക്കാനും വെയിലും മഴയും വരുമ്പോൾ കുറുക്കന്റെ കല്യാണം കാണാനും (ഊളന്റെ പെണ്ണു കെട്ടാണ് കൂടുതൽ ഉചിതമായ പ്രയോഗം എന്ന് എന്നോടു പറഞ്ഞത് വെങ്ങാനൂർ സ്ക്കൂളിലെ ഒരു കുട്ടിയാണ്) തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കാനും വണ്ടത്താനെ കളിയാടാൻ വിളിക്കാനും പരസ്പരം കെട്ടിമറിയാനും ഓടിത്തൊടാനും കുന്തിക്കളിക്കാനും നെല്ലിക്ക കടിച്ചുമുറിച്ച് പങ്കിടാനും അതിന്റെ കുരു ബെഞ്ചിന്റെ കാലിന്റടിയിൽ വച്ച് പൊട്ടിച്ചു തിന്നിട്ട് എന്തൊരു സ്വാദ് എന്നു പറയാനും കഴിയുന്ന കുട്ടികൾ പണ്ടത്തെ കഥകളായി മാറിക്കഴിഞ്ഞു. ഗൃഹപാഠങ്ങളായി മര്യാദാസരളമായ നോക്കും വാക്കും സ്നേഹലാളനങ്ങളും ഒളിഞ്ഞും തെളിഞ്ഞും കാട്ടിയിരുന്ന ഒരു തലമുറ അസ്തമിച്ചു കഴിഞ്ഞു. സംസ്ക്കാരശൂന്യത ഓളം വെട്ടുന്ന അന്തരീക്ഷത്തിൽ വളർന്നുവരുന്ന, വളർത്തിക്കൊണ്ടുവരുന്ന കുട്ടികൾ സംസ്ക്കാര പൂർണ്ണരാകുന്നതെങ്ങനെ? ഇത്തരം എത്രയോ ഉത്തരമില്ലാച്ചോദ്യങ്ങൾ, വീട്ടാക്കടങ്ങൾ, ഉള്ളിലേറ്റി നടക്കുന്ന ബാലസംഘത്തെ സൃഷ്ടിക്കുന്നതിന്റെ ഉത്തരവാദിത്വം ആരാണ് ഏറ്റെടുക്കേണ്ടത്? ഒരു കോടതിയും ജാമ്യം കൊടുക്കാത്ത അദൃശ്യമായ ഒരു സമൂഹം-അതിനെ നാമൊക്കെച്ചേർന്നു പടച്ചു വച്ചിരിക്കുന്നു. സ്വന്തം സ്വർണം പിച്ചളയാണെന്നു തിരിച്ചറിഞ്ഞിട്ടും പത്തരമാറ്റു സ്വർണ്ണമാണെന്ന് അഭിനയിച്ച് അഭിമാനിക്കുന്നു. ആശുപത്രികൾ മാത്രമല്ല Child friendly ആകേണ്ടത്. ആദ്യം സ്ക്കൂളാണ് ശിശുപ്രേമി ആകേണ്ടത്. ബലൂണും മിഠായിയും പ്രവേശന ഗാനവും നൃത്തവും കുട്ടികളെ ആദ്യദിവസം ഭ്രമിപ്പിച്ചേക്കാം. പിന്നെപ്പിന്നെ വിദ്യാലയത്തിന്റെ തനിക്കൊണം- തനിഗുണം, അവർ തിരിച്ചറിയും. നല്ല പഴത്തിന്റെ സ്വാദ് കിളികളും അണ്ണാനും അറിയുന്നതുപോലെ തന്നെ കുട്ടികളും തിരിച്ചറിയും. വാസ്തവത്തിൽ നല്ലതും ചീത്തയും തിരിച്ചറിയുന്ന ഒന്നാം നമ്പർ പുള്ളി കുട്ടി തന്നെയാണ്. എന്നാൽ ചതിയിൽ പെടുന്നതും കുട്ടി തന്നെ.

'അവൾ അവനെ തോട്ടക്കാരൻ എന്നു നിനച്ച്....' എന്ന് സെന്റ് ജോൺ പറയുന്നപോലെ കുട്ടികൾ അധ്യാപകരെ നിനയ്ക്കണം. അവർക്കു തെറ്റുപറ്റുകയില്ല. ഉത്തരവാദിത്വമുള്ള തോട്ടക്കാരൻ ഓരോ ചെടിയേയും പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കും, സ്നേഹിക്കും, വളർത്തും. മാതാപിതാക്കളും നല്ല തോട്ടക്കാരായിരുന്നാൽ കാര്യം വളരെ എളുപ്പത്തിലാകും. ചെടിയെ വാട്ടുന്ന രോഗങ്ങളെ, കീടങ്ങളെ ഒക്കെ തിരിച്ചറിഞ്ഞ് ഫലപ്രദമായ ശുശ്രൂഷ നൽകി കാത്തുകൊള്ളുംപോലെ അധ്യാപകരും മാതാപിതാക്കളും കുട്ടികളെ വാടാതെ കരിയാതെ നോക്കണം.

നമ്മുടെ കുട്ടികൾക്കു ജീവിതം കാട്ടിക്കൊടുക്കുന്ന കണ്ണാടികൾ (ആദർശം എന്നാൽ കണ്ണാടി എന്നർത്ഥമുണ്ടല്ലോ) മുതിർന്ന തലമുറക്കാരാണ്. ആ കണ്ണാടികൾ വൈകല്യങ്ങൾ, തെറ്റുകൾ, അബദ്ധങ്ങൾ, അസത്യങ്ങൾ തുടങ്ങിയവ പ്രതിഫലിപ്പിച്ചാൽ കുട്ടികൾ അവയെ വിശ്വസിച്ചു തന്നെ തീരും. ഹൃദയശുദ്ധിയും ലാഘവവും വാസ്തവത്തിൽ പല മാതാപിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിലെ മാന്യന്മാർക്കും അറിഞ്ഞുകൂട. പണക്കൊഴുപ്പിലൂടെ സ്നേഹം പ്രദർശിപ്പിച്ച് തൃപ്തരാകുന്നവർ ഓന്നോർക്കുക; വിതച്ചതേ കൊയ്യാനാവൂ.

വിദ്യാലയങ്ങളുടെ അന്തരീക്ഷത്തിനും ചില മാറ്റങ്ങൾ ഗുണപരമായവ- കൂടിയേ കഴിയൂ. കൃത്രിമമായ ചട്ടങ്ങളോ ചിട്ടവട്ടങ്ങളോ നമുക്ക് ബാഹ്യമായ അച്ചടക്കം കാട്ടിത്തരും. സാർ വന്ദനം! എന്ന് എന്റെ തലമുറയിലെ പലരും പറഞ്ഞിരുന്നത് ദൈവമേ വന്ദനം എന്ന അർത്ഥപുഷ്ടിയോടെ ആയിരുന്നു. പവിത്രമായ ഒരു വികാരം അതിനു പിന്നിലുണ്ടായിരുന്നു. ഇന്ന് താങ്ക്യൂ സാർ, താങ്ക്യൂ മാം എന്നെല്ലാം യാന്ത്രികമായി മാത്രം പറയുന്നതു കേൾക്കുമ്പോൾ, കാണുമ്പോൾ സങ്കടം തോന്നാറുണ്ട്. ചുണ്ടുകൊണ്ടു പറയുന്നതും മനസ്സുകൊണ്ടു പറയുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഇതൊക്കെ നമ്മോടു പറയുന്നത് വിദ്യാലയം കുട്ടികൾക്ക് "വളരെ പ്രിയപ്പെട്ട ഒരിടം" അല്ല എന്നാണ്. വീടും ഏറെക്കുറെ അങ്ങനെ തന്നെ. അതുകൊണ്ടെന്താ - പല കുട്ടികളും വളരെ പ്രിയപ്പെട്ട മറ്റിടങ്ങൾ തേടി പോകുന്നു. "ഓല എഴുത്താണികളെ കാട്ടിലെറിഞ്ഞ് പൂതത്തിന്റെ പിന്നാലെ ഉണ്ണിപോയതുപോലെ. പക്ഷേ ഉണ്ണിയെത്തേടി ഇറങ്ങിയ അമ്മ പൂതത്തിനെ അടിയറവുപറയിച്ച് ഉണ്ണിയെ വീണ്ടെടുത്തത് ഓർക്കുക. ഇത്തരം പുതിയ ഇടശ്ശേരികളും പുതിയ പൂതപ്പാട്ടും ധാരാളമായി പിറക്കേണ്ടിയിരിക്കുന്നു. മാതൃദേവോ ഭവ: എന്ന ഉപന്യാസത്തിന് 100ൽ 90 മാർക്ക് വാങ്ങിച്ച കുട്ടി അമ്മയെ കഴുത്തുഞെരിച്ചു കൊല്ലുന്ന കഥ സത്യമാണ്. ഏട്ടിലെ പശു പുല്ലുതിന്നുകയില്ലെന്ന് എത്രകാലമായി നമുക്കറിയാം. അസത്യമായ ഒരു ജീവിതത്തെപ്പറ്റിയുള്ള അവബോധം ശൈശവത്തിലേ തന്നെ വിളമ്പിക്കൊടുക്കുന്നത് അച്ഛനമ്മമാരും അധ്യാപകരും മത നേതാക്കളും കച്ചവടക്കാരും സിനിമാ മാധ്യമങ്ങളും ചില രാഷ്ട്രീയക്കാരും എല്ലാവരും ചേരുന്ന ഒരു ഗൂഢസംഘമാണ്. വികലങ്ങളായ മാതൃകകൾ സ്വീകരിക്കുന്ന കുട്ടികൾ വികലമനസ്ക്കരാകും എന്നതിന് സംശയമില്ല. നന്മതിന്മകളെക്കുറിച്ചും മാനുഷിക മൂല്യങ്ങളെക്കുറിച്ചും ഉള്ള പാഠങ്ങൾ ജീവിതത്തിൽ ആവർത്തിക്കാനും പ്രാവർത്തികമാക്കാനും ഉള്ളതാണെന്ന് നമ്മുടെ കുട്ടികൾക്ക് അറിയില്ല. അത്തരം ഒരു വെളിച്ചത്തിലേക്ക് അവരെ നയിക്കാൻ ആർക്കാണ് ഉത്തരവാദിത്വം? വെറുപ്പിന്റെ ക്ഷാരം സ്നേഹത്തിന്റെ മാധുര്യത്തെ ഇല്ലാതാക്കുന്ന ഒരു കാലത്താണ് നമ്മുടെ കുട്ടികൾ വളരുന്നത്. മനസ്സിന്റെ അമിതമായ പിരിമുറുക്കം കുട്ടികളുടെ സ്വാഭാവികമായ ഭാവങ്ങളെ മാറ്റിമറിക്കും. ശൈശവവും ബാല്യവും കൗമാരവും ഒക്കെ നഷ്ടപ്പെടുന്ന അവർ ഭാരമെടുത്തു തളരുന്ന കൂലിപ്പണിക്കാരായിത്തീരുന്നു. കൂലി ചോദിച്ചു വാങ്ങുന്ന ഗൗരവം, പിന്നെ മദ്യത്തിലും മയക്കുമരുന്നിലും നീലപ്പടങ്ങളിലും മഞ്ഞപുസ്തകങ്ങളിലും അവരുടെ സ്വപ്നങ്ങളെ തളച്ചിടുന്നു. "പിഞ്ചിലേ പറിച്ചാൽ നഞ്ച്" എന്ന ചൊല്ല് ഇവർക്ക് പറഞ്ഞുകൊടുക്കേണ്ടത് ആര്? നമ്മുടെ കുഞ്ഞുങ്ങൾക്ക് പാകമായ അറിവുകൾ പകർന്നു നൽകുന്ന രീതി നിർത്തലാക്കിയിട്ട് അറിവിന്റെ ഭരണികൾ കുട്ടികളുടെ മനസ്സിലേക്കു മറിച്ചിടുകയാണ് പുതിയ രീതി. അതുകൊണ്ടെന്താ? അറിവുണ്ട്; തിരിച്ചറിവില്ല. പുതിയ ഭസ്മാസുരന്മാരായി അവർ സ്വയം നാശകാരികളായി വളർന്നു വിലസുന്നു.

ശേഷം പേജ് 34









**ഒരു പരിഷ്ക്കാരം നിലവിൽ വന്നാൽ അതിന് വേരുപിടിക്കാനുള്ള സമയം, ഈരില വീശാനുള്ള സമയം കൊടുക്കണം. ചെടി വാടാതെ നോക്കണം. സൂര്യപ്രകാശവും ജലവും ആവശ്യത്തിനു ലഭിക്കണം. അത്യാവശ്യം വളവും. പിന്നെ കളകളുടെ ഉപദ്രവമില്ലാതെ നോക്കുന്ന നല്ല തോട്ടക്കാരുണ്ടാകണം. പൂത്തും തളിർത്തും കായ്ച്ചും നിൽക്കുന്ന മരങ്ങളെ നോക്കിനിന്ന് ആനന്ദിക്കുന്ന മനുഷ്യർ വേണം. കിളികൾക്കും അണ്ണാനും വകയിരുത്തിയ ഫലങ്ങൾ അവയ്ക്കു കിട്ടണം. കാറ്റേ വാ-എനിക്കൊരു മാമ്പഴം തന്നേപോ- എന്നു സ്നേഹിക്കുന്ന കുട്ടികൾക്കു പഴങ്ങൾ കിട്ടണം. അവർ ആസ്വദിക്കുകയും പങ്കിടുകയും ചെയ്യണം. നല്ല കുട്ടികൾ നല്ല മുതിർന്ന മനുഷ്യരായി പ്രകൃതി സ്നേഹികളും പരിസര സ്നേഹികളും ആയി വളർന്നു വരണം. ഇവർ പഠിക്കുന്ന വിദ്യാലയങ്ങൾ വിവിധ വിഷയങ്ങൾ പകർന്നു കൊടുക്കുന്നതോടൊപ്പം മനുഷ്യന്റെ 'ചെത്തവും ചൂരും' അറിയിച്ചു കൊടുക്കണം. 'വെളിച്ചം വെളിച്ചം സർവത്ര' എന്നായിരിക്കണം വിദ്യാലയങ്ങളുടെ മുദ്രാവാക്യം.**







പഞ്ചായത്ത് രാജ്

ഡോ. ആർ. അജയകുമാർ വർമ്മ

# മഴക്കാലപൂർവ്വ ശുചീകരണം

ആരോഗ്യമേഖലയിലെ സുചിന്തിതമായ ഇടപെടലുകളിലൂടെ വലിയ സാമൂഹ്യ നേട്ടം ഉണ്ടാക്കിയ ഒരു സംസ്ഥാനമാണ് കേരളം. ഇതിന്റെ ഫലമായി മരണനിരക്ക് കുറയുന്നതിനും ജീവിത ദൈർഘ്യം വർദ്ധിക്കുന്നതിനും സർവോപരി പൊതുജനാരോഗ്യസ്ഥിതി മെച്ചപ്പെടുന്നതിനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഏറിവരുന്ന വ്യക്തിചിന്ത സാമൂഹ്യസംരക്ഷണ ചിന്തയേയും പ്രവർത്തനങ്ങളെയും പിന്നോട്ടടിക്കുന്ന സ്ഥിതി ആശങ്കയോടെ കാണേണ്ടിയിരിക്കുന്നു. ശുഷ്ക്കിച്ചുവരുന്ന ശുചിത്വസ്ഥിതിയും വർധിച്ചുവരുന്ന പകർച്ചവ്യാധികളും നമ്മുടെ പ്രഥമ പരിഗണനയിൽ വരേണ്ടിയിരിക്കുന്നു. ഇതിനായുള്ള വിവിധ ശ്രമങ്ങളിൽ ഒന്നാണ് 2007 മുതൽ ആരംഭിച്ചതും എല്ലാവർഷവും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ തുടർന്നുവരുന്നതുമായ മഴക്കാലപൂർവ്വ ശുചീകരണ കാമ്പയിൻ. മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള സാധ്യതയെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരികയാണ് ഇതിലൂടെ നാം ചെയ്തുവരുന്നത്. പ്രാദേശിക പ്രവർത്തനങ്ങളിലൂടെ കൊതുകിന്റെ ഉറവിടം നശിപ്പിച്ചും ഓടകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ വൃത്തിയാക്കിയും വീടും ചുറ്റുപാടും പൊതുസ്ഥലവും വൃത്തിയായി പരിപാലിച്ചും വെള്ളക്കെട്ടില്ലാതെ സംരക്ഷിച്ചും പരിസരശുചിത്വം ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് നാം ഇതിലൂടെ നേടാൻ ശ്രമിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ പ്രദേശത്തെ ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി., കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, പ്രാദേശിക ആരോഗ്യ പ്രവർത്തകർ എന്നിവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ കാമ്പയിനും ശുചീകരണവുമാണ് പ്രവർത്തനങ്ങൾ. ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, നഗരകാര്യം, ജലവിഭവം, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ ഏകോപിപ്പിച്ച പ്രവർത്തനം തദ്ദേശസ്ഥാപനതലത്തിൽ ഉറപ്പുവരുത്തുന്ന സമീപനവും സ്വീകരിച്ചുവരുന്നു.

### പഞ്ചായത്ത്/നഗരസഭാതല പ്രവർത്തനങ്ങൾ

പഞ്ചായത്തുകളുടേയും നഗരസഭകളുടേയും നേതൃത്വത്തിൽ വിവിധ വകുപ്പുതല പ്രവർത്തകരേയും വിദ്യാർത്ഥികളേയും സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡുതലത്തിൽ ശുചിത്വപ്രവർത്തനങ്ങൾ കണ്ടെത്തുകയും











സമയബന്ധിതമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയുമാണ് ആദ്യ ലക്ഷ്യം. ഇതോടൊപ്പം പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും പ്രദേശത്തെ ഓരോ വ്യക്തിയും കുടുംബവും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടിയുമുള്ള വിപുലമായ പ്രചാരണവും ഓരോ വാർഡിലും സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സഹായകമാകും.

### വാർഡുതല ശുചിത്വ കൂട്ടായ്മയും ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണവും

വാർഡുതലത്തിൽ വായനശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, മഹിളാ സംഘടനകൾ, കുടുംബശ്രീ പ്രവർത്തകർ, സ്ക്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, ഗ്രാമതല ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ്മ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ വിളിച്ചുചേർക്കുന്ന 'വാർഡുതല ശുചിത്വ കൂട്ടായ്മ'യിൽ വെച്ച് ശുചിത്വ മാപ്പിംഗ് നടത്തുന്നതിനും കർമ്മപദ്ധതി രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഇതിനായി ഈ കൂട്ടായ്മയിൽ പങ്കെടുക്കുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കാവുന്നതാണ്. വാർഡിന്റെ വലിപ്പമനുസരിച്ച് ശുചിത്വ സ്ക്വാഡുകളുടെ എണ്ണം നിശ്ചയിക്കുകയും ജനപ്രതിനിധി, എ.ഡി.എസ് അംഗങ്ങൾ, ആശാവർക്കർ എന്നിവരിലൊരാളുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിക്കുകയും താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുമാവാം.

- വാർഡിൽ സ്ഥിതിചെയ്യുന്ന വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളേയും അവയുടെ പ്രാധാന്യത്തെക്കുറിച്ചും ബോധ്യപ്പെടുത്തുകയും ചെയ്യുക.
- ആഴ്ചയിൽ ഒരു ദിവസം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും 'ഡ്രൈഡേ' ആചരിക്കുവാൻ നിർദ്ദേശിക്കുകയും ആ ദിവസത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരിക്കുകയും ചെയ്യുക.
- കൊതുകുകളുടെ ഉറവിടങ്ങൾ നശിപ്പിക്കുക, ക്ലോറിനേഷൻ നടത്തുക മുതലായ ശുചിത്വ പ്രവർത്തനങ്ങൾക്ക് സഹായവും പ്രേരണയും നൽകുക.
- ശുചിത്വ മാപ്പിംഗ് നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.
- ആഴ്ചയിലൊരിക്കൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുക.

### വാർഡുതല ശുചിത്വ മാപ്പിംഗ്

സംസ്ഥാനത്തെ എല്ലാ വാർഡിലും മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത ഇടങ്ങൾ, കുറ്റിച്ചെടികൾ വളർന്ന് കൊതുകിന് വളരുന്നതിനുള്ള സാഹചര്യങ്ങൾ, പ്ലാസ്റ്റിക് വലിച്ചെറിയുന്നതിന്റെ പ്രശ്നങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന ടാങ്കുകൾ, വൃത്തിയില്ലാത്ത വീടും പരിസരവും ഒക്കെ കണ്ടെത്തുന്നതിന് നടത്തുന്ന കൂട്ടായ ശ്രമമാണ് ശുചിത്വ മാപ്പിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്. ശുചിത്വ സ്ക്വാഡുകൾ ഇത്തരം അപകടകരമായ പ്രദേശങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കുകയും ശുചിത്വകൂട്ടായ്മയിൽ ഈ റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് വാർഡുതല ശുചിത്വ റിപ്പോർട്ട് തയ്യാറാക്കുകയും അവയെ പഞ്ചായത്ത്/നഗരസഭാ തലത്തിൽ ക്രോഡീകരിക്കുകയും ചെയ്യേണ്ടതാണ്.

**പഞ്ചായത്തുകളുടേയും നഗരസഭകളുടേയും നേതൃത്വത്തിൽ വിവിധ വകുപ്പുതല പ്രവർത്തകരേയും വിദ്യാർത്ഥികളേയും സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡുതലത്തിൽ ശുചിത്വപ്രവർത്തനങ്ങൾ കണ്ടെത്തുകയും സമയബന്ധിതമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയുമാണ് ആദ്യലക്ഷ്യം. ഇതോടൊപ്പം പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും പ്രദേശത്തെ ഓരോ വ്യക്തിയും കുടുംബവും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടിയുമുള്ള വിപുലമായ പ്രചാരണവും ഓരോ വാർഡിലും സംഘടിപ്പിക്കേണ്ടതുണ്ട്.**

### പഞ്ചായത്ത്/നഗരസഭാതല കർമ്മപരിപാടി

ഈ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ ആകെ ആസൂത്രണം ചെയ്യുന്നതിനുള്ള പ്രവർത്തി ഭരണസമിതി യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെകൂടി പങ്കെടുപ്പിച്ചുകൊണ്ട് നിർവ്വഹിക്കേണ്ടതാണ്.

- റോഡുകൾ, ഓടകളുടെ വൃത്തിയാക്കൽ.
- തോട്, കുളം, കിണർ തുടങ്ങിയവയുടെ വൃത്തിയാക്കൽ.
- വെള്ളക്കെട്ട് ഒഴിവാക്കൽ.
- മാലിന്യസംസ്കരണത്തിന് പദ്ധതി.
- ജലസ്രോതസുകൾ വൃത്തിയാക്കൽ.
- ടാങ്കുകൾ വൃത്തിയാക്കൽ.
- വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ.
- പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ.
- കുറ്റിച്ചെടിയും മറ്റും മാറ്റൽ.
- എലി, മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ.

പ്രദേശത്തെ വീടുകൾ, കടകൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുടെ കൃത്യമായ വിവരങ്ങൾ, പ്രവർത്തിക

ളുടെ ലിസ്റ്റ്, നിർവ്വഹണ ഏജൻസികളുടെ വിവരങ്ങൾ, പദ്ധതിഫണ്ട് എന്നിവ ചേർത്ത് കർമ്മപദ്ധതി അംഗീകരിക്കാം.

**ബോധവൽക്കരണ പ്രവർത്തനങ്ങൾ**

വാർഡുതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളോടൊപ്പം കൊണ്ടു പോകേണ്ടതാണ്. ഗാർഹികതലവും സ്ഥാപനതലവും പ്രത്യേകമായി കണ്ടുകൊണ്ടാകണം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. എല്ലാ വീടുകളിലേക്കും 'ഡ്രൈ ഡേ' സന്ദേശം എത്തിക്കുന്ന നിലയിലുള്ള പ്രചാരണ പ്രവർത്തനത്തിന് പ്രത്യേകം ശ്രദ്ധ നല്കേണ്ടതാണ്.

വീടും പരിസരവും മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത ഓരോ വീട്ടുകാരെയും ബോധ്യപ്പെടുത്തുന്നതിനും അത് അവരുടെ ഉത്തരവാദിത്വമാക്കി മാറ്റുന്നതിനുമുള്ള ഇടപെടലാണ് ഉണ്ടാവേണ്ടത്. ജൈവ മാലിന്യങ്ങൾ അതാതിടങ്ങളിൽതന്നെ കംപോസ്റ്റിംഗ് തുടങ്ങിയ രീതി ഉപയോഗിച്ചു സംസ്ക്കരിക്കുന്നതിനും പ്ലാസ്റ്റിക് തുടങ്ങിയ അജൈവ മാലിന്യങ്ങൾ കുറച്ചും പുനഃചംക്രമണം സാധ്യമാക്കിയും പ്രശ്നങ്ങൾ പരിഹരിക്കേണ്ട ആവശ്യകത ഓരോ കുടുംബത്തേയും ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഇതിനുള്ള സാമൂഹ്യമേൽനോട്ടവും സമ്മർദ്ദവും ശുചിത്വ സ്കാഡുകളുടേയും ശുചിത്വ കൂട്ടായ്മയുടെയും ഉത്തരവാദിത്വമാണ്. ഇത്തരത്തിലുള്ള സാമൂഹ്യ ഇടപെടലുകളിലൂടെ മാത്രമേ മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്ന കേരളീയരുടെ സമീപകാല മാലിന്യ നിർമ്മാർജ്ജന മനോഭാവത്തിൽ മാറ്റം വരുത്താൻ കഴിയുകയുള്ളൂ.

താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാവണം ഗാർഹിക തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

- വീടിന് അനുബന്ധമായുള്ള പുരയിടത്തിൽ ഉപേക്ഷിക്കപ്പെട്ട ചിരട്ട, ടിൻ, മുട്ടത്തോട്, തൊണ്ട്, ടയർ, പ്ലാസ്റ്റിക് കൂട്, പ്ലാസ്റ്റിക് കപ്പ്, പ്ലാസ്റ്റിക് ഷീറ്റ്, ഉടഞ്ഞ ഗ്ലാസ്, കുപ്പികൾ, കുപ്പിയുടെ അടപ്പുകൾ എന്നിവ ഉൾപ്പെടെ വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും ശേഖരിച്ച് തരം തിരിച്ച് ഉപയോഗിക്കാൻ കഴിയുന്നവ ഉപയോഗിക്കുകയും അല്ലാത്തവ നശിപ്പിക്കുകയും ചെയ്യുക.
- അടുക്കളയിൽനിന്നും കുളിമുറിയിൽ നിന്നും ഒഴുകിവരുന്ന ജലം കെട്ടിക്കിടക്കുന്നില്ലെന്നും കിണറ്റിൻകരയിൽ ജലം കെട്ടിനിൽക്കുന്നില്ലെന്നും ഉറപ്പാക്കുക.
- വെള്ളം കോരിയെടുക്കാത്ത കിണറുകളിലും മോട്ടോർ സ്ഥാപിച്ചിട്ടുള്ള കിണറുകളിലും വെള്ളത്തിന്റെ മുകൾത്തട്ട് ചലിക്കാത്തതുകൊണ്ട് കൊതുക് വളരാൻ ഇടയാകും. ഇത്തരം കിണറുകൾ ഒന്നുകിൽ ക്ലോറിനേറ്റ് ചെയ്യുകയോ അല്ലെങ്കിൽ അവയിൽ ഗപ്പിമത്സ്യം വളർത്തുകയോ വേണം. മലിനജലം മാത്രമല്ല കെട്ടിക്കിടക്കുന്ന ശുദ്ധജലവും കൊതുക് പെരുകുന്നതിന് കാരണമാകും.
- ചെടിച്ചട്ടി, റഫ്രിജറേറ്ററിന് അടിവശം മുതലായ സ്ഥലങ്ങളിൽ കൊതുക് മുട്ടയിട്ട് വളരാൻ ഇടയാകുന്ന സാഹചര്യമില്ലെന്ന് ഉറപ്പാക്കുക.
- കോൺക്രീറ്റ് വീടുകളിൽ ടെറസിലും കൈവരിക്കുള്ളിലും ജലം കെട്ടിനിൽക്കാനുതകുന്ന ചപ്പുചവറുകൾ ഇല്ലെന്നും മഴവെള്ളം സുഗമമായി ഒഴുകിപ്പോകുന്നു എന്നും ഉറപ്പാക്കുക.
- മാലിന്യങ്ങൾ കുമിഞ്ഞുകൂടാൻ അനുവദിക്കാതിരിക്കുകയും അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും ചെയ്യുക.
- വെള്ളം കെട്ടിനിൽക്കുന്നതും കൊതുക് മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പുവരുത്തുന്നതിന് ആഴ്ചയിലൊരിക്കൽ ഉറവിട നശീകരണം (ഡ്രൈഡേ) ആചരിക്കണം. ഇത് വീടുകളിൽ ഞായറാഴ്ചകളിലും സ്കൂളുകളിലും മറ്റു സ്ഥാപനങ്ങളിലും തിങ്കളാഴ്ചകളിലുമാകാം.

ടീമംഗങ്ങൾ ഓരോ വീടും സന്ദർശിച്ച് കാര്യങ്ങൾ വിശദീകരിക്കുകയും തുടർന്ന് വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള വസ്തുക്കളും സ്ഥലങ്ങളും കാണിച്ചുകൊടുക്കുകയും വേണം. ഇതിലൂടെ മാത്രമേ ശ്രദ്ധിക്കപ്പെടാതെ പോകുന്ന വസ്തുക്കൾ ഓരോ പുരയിടത്തിലും രോഗകാരകരായി ഉണ്ടെന്ന തിരിച്ചറിവ് വീട്ടുകാരിൽ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. ഇത്തരം അവബോധം സൃഷ്ടിക്കുകയായിരിക്കണം ഗൃഹസന്ദർശനത്തിന്റെ ലക്ഷ്യം. മൺസൂൺ ആരംഭിക്കുന്നതിന് മുമ്പും മഴക്കാലം ആരംഭിച്ച് അഞ്ച് ദിവസം കഴിയുമ്പോഴും തുടർന്ന് ആഴ്ചയിലൊരിക്കലും ടീമംഗങ്ങൾ ഭവന സന്ദർശനം നടത്തുന്നത് ഈ പ്രവർത്തനം നേരായ ദിശയിൽ എത്തിക്കുന്നതിന് അനിവാര്യമാണ്.

മഴക്കാലം ആരംഭിച്ചതിന് ശേഷം ഭവന സന്ദർശനം നടത്തുന്നതിനായി ആശാ വർക്കേഴ്സ്, കുടുംബശ്രീ ഹെൽത്ത് വോളന്റിയേഴ്സ്, യൂത്ത് കോ-ഓർഡിനേറ്റർ, എസ്.സി/എസ്.ടി പ്രമോട്ടർ സന്നദ്ധസംഘടനാ പ്രതിനിധികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം ഭവന സന്ദർശനം നടത്തേണ്ട ആൾക്കാരെ നിശ്ചയിച്ച് ടീമുകൾ രൂപീകരിക്കുകയും ഓരോ ടീമും സന്ദർശിക്കേണ്ട വീടുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നിർദ്ദേശം നൽകുകയും വേണം. പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ, തദ്ദേശസ്വയംഭരണ സെക്രട്ടറി എന്നിവർ ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ആസൂത്രണം, നിർവ്വഹണം, അവലോകനം തുടങ്ങിയകാര്യങ്ങളിൽ നേതൃത്വം വഹിക്കുക.
- വാർഡുതലം മുതൽ സംസ്ഥാനതലം വരെയുള്ള രോഗ നിയന്ത്രണ അവലോകന സമിതികളുടെ അധ്യക്ഷൻ അതാതു തലങ്ങളിലെ ജനപ്രതിനിധി ആയിരിക്കും.
- ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായ ആരോഗ്യ കർമ്മ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുക.
- വാർഡുതലത്തിൽ ആവശ്യാനുസരണം ആശ, സന്നദ്ധ പ്രവർത്തകർ, തൊഴിലാളികൾ തുടങ്ങിയവരെ നിയോഗിച്ച് പ്രതിരോധ, നിയന്ത്രണ പ്രവർത്തനത്തിന് വഴിയൊരുക്കുക.
- പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തുടങ്ങിയ പദ്ധതികളിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് എലിപ്പനിക്കെതിരായ മുൻകരുതൽ നൽകാനാവശ്യമായ നടപടി സ്വീകരിക്കുക.
- ഡ്രൈഡേ ആചരണം വീടുകളിൽ മാത്രമല്ല സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നിടങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിലും നടക്കുന്നുവെന്ന് ഉറപ്പാക്കുക.







കൂടുതൽ ആളുകൾ ഒത്തുചേരുന്ന കുടുംബശ്രീയുടെ അയൽക്കൂട്ടം യോഗങ്ങൾ, കുടുംബശ്രീയുടെ ബാലസഭാ യോഗങ്ങൾ, അംഗനവാടികളിലെ മദേഴ്സ് കമ്മിറ്റി യോഗങ്ങൾ, എൻ.സി.സി., സ്കൗട്ട്സ്, എൻ.എസ്.എസ് മുതലായവ, തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തി നടപ്പാക്കുന്ന സ്ഥലത്ത് ഉച്ചഭക്ഷണത്തിനുള്ള ഇടവേളകൾ തുടങ്ങിയ വേദികൾ ബോധവൽക്കരണ സന്ദേശം എത്തിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

**സ്ഥാപനതലം**

സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും മാലിന്യമുക്തമാക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം അത്തരം സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവർക്കാണ്. സ്ഥാപനത്തിലും പരിസരത്തുമുള്ള മാലിന്യങ്ങൾ അനുയോജ്യമായ രീതി അവലംബിച്ച് സംസ്ക്കരിക്കുന്നതിനുള്ള ചുമതല അതത് സ്ഥാപനങ്ങൾക്കാണെന്ന് സ്ഥാപന മേധാവികളുടെ ഒരു യോഗം തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ/ചെയർപേഴ്സൺന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത് ബോധ്യപ്പെടുത്താവുന്നതാണ്. ഗാർഹിക തലത്തിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അതിന് സാമൂഹ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഗ്രന്ഥശാല - കലാസമിതി പ്രവർത്തകർ, തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ എന്നിവർ കൂടി ഉൾപ്പെടുന്ന ശുചീകരണ മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ച് കമ്മിറ്റിയംഗങ്ങൾ ആഴ്ചയിലൊരിക്കൽ സ്ഥാപന പരിസരം സന്ദർശിക്കേണ്ടതും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുന്ന രീതിയിൽ സംവിധാനം ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. സ്വകാര്യ ആശുപത്രികൾ അവരുടെ സ്ഥാപനത്തിന് പുറമേ പരിസര പ്രദേശങ്ങളിൽ കൂടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ പ്രേരിപ്പിക്കേണ്ടതാണ്.

മേൽപ്രതിപാദിച്ച പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ലഘുലേഖകൾ, ബാനറുകൾ, മൈക്ക് അനൗൺസ്മെന്റുകൾ, റോഡ് ഷോകൾ മുതലായ പ്രവർത്തനങ്ങൾ കൂടി സംഘടിപ്പിക്കാവുന്നതാണ്.

**പരിശീലനം**

കർമ്മ പരിപാടി ആവിഷ്ക്കരിക്കുന്നതിനും അവയുടെ ഫലപ്രദമായ നടത്തിപ്പിനും പരിശീലനം സഹായകമാണ്. ഓരോ ജില്ലയിൽ നിന്നും എ.ഡി.സി (ജനറൽ) യെകൂടാതെ ആരോഗ്യവകുപ്പ്, എസ്.എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ, ടി.എസ്.ജി, ടി.എസ്.സി. മിഷൻ എന്നിവരുടെ പ്രതിനിധി ഉൾപ്പെടുന്ന 7 പേരുടെ ടീമിന് സംസ്ഥാന തലത്തിൽ പരിശീലനം നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൂടാതെ ഒരു ബ്ലോക്കിൽ നിന്നും ആരോഗ്യവകുപ്പ്, എസ്.എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ, ടി.എസ്.ജി എന്നിവരുടെ പ്രതിനിധി അടങ്ങുന്ന 5 പേരുടെ ടീമിന് ജില്ലാതലത്തിൽ പരിശീലനമാകാം. വാർഡുതലത്തിൽ നിന്നും 2 പേർ (സാനിട്ടേഷൻ സമിതി കൺവീനർ/ ഉദ്യോഗസ്ഥപ്രതിനിധി, വാർഡുതലത്തിൽ നേതൃത്വം കൊടുക്കുന്ന ജനപ്രതിനിധി), ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അഗ്രികൾച്ചറൽ ഓഫീസർ, വി.ഇ.ഒ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബ്ലോക്കിന് സമീപമുള്ള മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രതിനിധികളെയും ഉൾപ്പെടുത്തി പ്രാദേശിക പരിശീലനവും സംഘടിപ്പിക്കേണ്ടതാണ്.

**ഏകോപനവും മോണിട്ടറിംഗും**

പഞ്ചായത്തുതലത്തിൽ പ്രസിഡന്റ്/ചെയർപേഴ്സൺ അദ്ധ്യക്ഷനും മെഡിക്കൽ ഓഫീസർ കോ-ചെയർമാനുമായും മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ അധ്യക്ഷനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കോ-ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും വിവിധ വകുപ്പുകളും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന ശുചിത്വ സമിതി ഏകോപന ചുമതല നിർവ്വഹിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. വാർഡുതലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡുതല ശുചിത്വ ആരോഗ്യ സമിതി യോഗം ചേർന്ന് അവലോകനം ചെയ്യേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനതലത്തിലും അവലോകന സമിതിയുടെ യോഗം ആഴ്ചയിലൊരിക്കൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം. മഴക്കാലത്ത് ഗൃഹസന്ദർശനമടക്കം ഉറപ്പുവരുത്തിക്കൊണ്ട് പകർച്ചവ്യാധികൾക്കെതിരെയും പടർന്ന് പിടിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കൊതുക് വളരുന്നത് തടയുന്നതിനും നടപടികൾ സ്വീകരിക്കണം ജില്ലാ ആസൂത്രണ സമിതി ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. മഴക്കാല ശുചീകരണ ക്യാംപയിനോടനുബന്ധിച്ച് വിവിധ വകുപ്പുതല പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ ഏകോപിപ്പിക്കുന്നതും വളരെ പ്രധാനമാണ്.

വിവിധ വകുപ്പുകളും സ്കൂൾ വിദ്യാർത്ഥികളും സന്നദ്ധ പ്രവർത്തകരും കർമ്മോന്മുഖരാകുന്നതോടെ മാത്രമേ ഈ കാമ്പയിൻ വിജയപ്രദമാകൂ. ഇതിന്റെ നേതൃത്വം തദ്ദേശസ്ഥാപനങ്ങളിലെ പ്രാദേശിക ജനപ്രതിനിധികൾ ഏറ്റെടുക്കുക എന്നത് പരമപ്രധാനമാണ്. പോയവർഷങ്ങളിൽ വളരെയധികം വിജയപ്രദമായ ഈ പ്രവർത്തനരീതി ഏറ്റെടുക്കുന്നതിനാകട്ടെ മെയ്, ജൂൺ മാസങ്ങളിലെ നമ്മുടെ മുൻഗണന. ഇതിലൂടെ മഴക്കാല രോഗങ്ങൾ നമുക്കൊരു പഴങ്കഥയാക്കാം. ■

*ലേഖകൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്.*






# മഴക്കാല രോഗങ്ങൾക്കെതിരെ മുന്നൊരുക്കം

പ്രൊഫ. (ഡോ.) തോമസ് മാത്യു

വർഷം മുഴുവൻ ഓരോരോ പകർച്ചവ്യാധികൾ ഏറിയും കുറഞ്ഞും മാറി മാറി നമ്മുടെ നാട്ടിൽ കണ്ടുവരാറുണ്ട്. സ്വാഭാവികമായും മഴക്കാലമാകുമ്പോൾ ഇവയിൽ പലതും ക്രമാതീതമായി വർദ്ധിക്കുവാൻ സാധ്യതയുമുണ്ട്. കൊതുകുജന്യരോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി, നീണ്ട ഇടവേളയ്ക്ക് ശേഷം ആലപ്പുഴ ജില്ലയിൽ വീണ്ടും തലയുയർത്തിയ ജപ്പാൻ ജ്വരം, ജലജന്യരോഗങ്ങളായ കോളറ, ഹെപ്പറ്റൈറ്റിസ് എ, ടൈഫോയ്ഡ്, എലികൾ, കന്നുകാലികൾ, നായ്, പന്നി തുടങ്ങിയവയുടെ മൂത്രം കലർന്ന ജലത്തിലൂടെ പകരുന്ന എലിപ്പനി, വായുജന്യരോഗങ്ങളായ എച്ച്1എൻ1, ചിക്കൻപോക്സ് തുടങ്ങിയവയെല്ലാം നാം ജാഗ്രത പാലിക്കേണ്ട രോഗങ്ങളാണ്.

വേനൽക്കാലത്ത് ഉണ്ടാകുന്ന ഇടവിട്ടുള്ള മഴ ജലജന്യ-കൊതുകുജന്യരോഗങ്ങൾ ചിലയിടങ്ങളിൽ പൊട്ടിപ്പുറപ്പെടാൻ കാരണമാകുന്നു. മഴക്കാലത്ത് ശക്തമായ നീരൊഴുക്കിൽ കൊതുകിന്റെ കൂത്താടികൾ ഒഴുകി പോകുന്നതിനാൽ പല പ്രദേശങ്ങളിലും താത്ക്കാലികമായി കൊതുകുശല്യം കുറയുന്നതാണ്. എങ്കിലും ഇക്കാലത്ത് കൂടുതൽ കൂടുതൽ ജലശേഖരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുവഴി അങ്ങനെയുള്ള പ്രദേശങ്ങളിൽ കൊതുകുകൾ പെരുകുകയും ചെയ്യും. ആധുനികയുഗത്തിലെ ജീവിതശൈലിയിലെ മാറ്റങ്ങളും നഗരവത്ക്കരണ, നിർമ്മാണപ്രവർത്തനങ്ങൾ വഴിയും നീരൊഴുക്കിലും കവിഞ്ഞു പോകാത്ത, ചെറുതും വലുതുമായ ജലശേഖരങ്ങൾ ധാരാളമായി ഉള്ളതിനാൽ ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നിവ മഴക്കാലത്തും ശമനമില്ലാതെ തുടരാൻ സാധ്യതയുണ്ട്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ ഉതകുന്ന രീതിയിൽ കൊതുകുകളുടെ അനുകൂലനങ്ങളിൽ വന്ന മാറ്റങ്ങളും നമ്മുടെ രോഗപ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് തിരിച്ചടിയാണ്. ഇതിനെല്ലാമുപരിയായി ആഗോളതാപനം മൂലം പരിസ്ഥിതിയിൽ ഉണ്ടായ മാറ്റങ്ങളും രോഗാണുക്കളുടെയും രോഗവാഹികളുടെയും അതിജീവനത്തിന് കൂടുതൽ സഹായകരമായത് പൊതുവിൽ രോഗനിരക്ക് വർദ്ധിക്കുവാൻ പ്രേരകമായി. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പിനും തദ്ദേശസ്വയംഭരണവകുപ്പിനും ഒരുപോലെ വെല്ലുവിളിയാണ് മേൽസൂചിപ്പിച്ച പ്രശ്നങ്ങൾ.

> ഓടകൾ, കുളങ്ങൾ, വെള്ളക്കെട്ടുകൾ എന്നിവയിൽ കൈയുറ, കാലുറ എന്നിവ ധരിക്കാതെ ജോലി ചെയ്യുന്നവർക്ക് എലിപ്പനി വരാൻ സാധ്യത
>
> ഏതുപനിയും എലിപ്പനിയാകാം, പനി വന്നാലുടൻ വിദഗ്ധ ചികിത്സ തേടുക
>
> എലിപ്പനിക്കെതിരെയുള്ള മുൻകരുതൽ ചികിത്സ ആരോഗ്യകേന്ദ്രങ്ങളിൽ സൗജന്യമായി ലഭ്യമാണ്. അത് ഉപയോഗപ്പെടുത്തുക

2010ൽ ആരോഗ്യ- കുടുംബക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെ സഹായസഹകരണങ്ങളോടെ സർക്കാർ നടപ്പിലാക്കിയ ഫോർ പ്ലസ് തീവ്രയജ്ഞത്തിന് തൃപ്തികരമായ രീതിയിൽ പകർച്ചവ്യാധികളെ നിയന്ത്രിക്കാനായി എന്നതിൽ സംശയമില്ല. രോഗനിർണ്ണയത്തിലും റിപ്പോർട്ടിംഗിലും കാര്യക്ഷമത കൂടിയതിനാൽ ഡെങ്കിപ്പനിയുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും ചിക്കുൻഗുനിയ, എലിപ്പനി, വയറിളക്കരോഗങ്ങൾ, കോളറ, ഹെപ്പറ്റൈറ്റിസ് എ, ടൈഫോയ്ഡ് തുടങ്ങിയവ മുൻവർഷത്തെ അപേക്ഷിച്ച് കുറവായിരുന്നു.തിരുവനന്തപുരത്തും കാസർകോടും ഉണ്ടാകാറുള്ള തദ്ദേശീയ മലമ്പനിയും നല്ല രീതിയിൽ പ്രതിരോധിക്കാനായി.

2011ലെ ആദ്യമാസങ്ങളിലും കാര്യമായ ഔട്ട്ബ്രേക്കുകൾ ഒന്നും ഉണ്ടായില്ല. എന്നാൽ ഈയിടെ ആലപ്പുഴയിൽ ജപ്പാൻജ്വരം പൊട്ടിപ്പുറപ്പെട്ടത് നമ്മുടെ ശ്രമങ്ങൾ കൂടുതൽ ഊർജ്ജിതമായും സ്ഥായിയായും തുടരേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. 2010ലെ ഫോർ പ്ലസ് തീവ്രയജ്ഞത്തിലെ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൂടുതൽ ശക്തമായി നടപ്പിലാക്കാൻ നാമേവരും ഒത്തൊരുമിക്കണം ഫോർ പ്ലസ് തീവ്രയജ്ഞം 2010 എന്ന പേരിൽ ഒരു കൈപ്പുസ്തകം ആരോഗ്യവകുപ്പിനുവേണ്ടി സംസ്ഥാനരോഗനിയന്ത്രണ അവലോകനസെൽ തയ്യാറാക്കി എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കഴിഞ്ഞ വർഷം വിതരണം ചെയ്തിരുന്നു. അതിലെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സ്ഥായിയായ രോഗപ്രതിരോധം സഫലമാക്കാൻ ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും നേതൃത്വവും സഹകരണവും അത്യന്താപേക്ഷിതമാണെന്ന് പറയേണ്ടതില്ലല്ലോ.

ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ ഏതൊക്കെയെന്ന് നോക്കാം. പകർച്ചവ്യാധി പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം അവലോകനം എന്നിവയ്ക്ക് ഏറ്റവും മുൻഗണന നൽകുകയാണ് പരമപ്രധാനം. വാർഡുതലം മുതൽ സംസ്ഥാനതലം വരെ രോഗനിയന്ത്രണ അവലോകനസമിതികൾ യോഗം ചേർന്ന് ഇക്കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും സ്ഥലത്ത് ഇത്തരം സമിതികൾ (ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ) രൂപവത്കരിച്ചിട്ടില്ലായെങ്കിൽ എത്രയും വേഗം രൂപീകരിച്ച്, യോഗം ചേർന്ന് പ്രവർത്തനം തുടങ്ങേണ്ടതാണ്. ഈ സമിതിയുടെ അധ്യക്ഷൻ അതാതുതലങ്ങളിലെ ജനപ്രതിനിധിയും കൺവീനർ അതേതലത്തിലെ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥനും ആയിരിക്കും. വാർഡുതലത്തിൽ വാർഡുതല ആരോഗ്യശുചിത്വസമിതി എന്നാണ് ഈ സമിതിയുടെ പേര്. മൂന്നു മാസത്തിൽ ഒരിക്കലോ മാസത്തിൽ ഒരിക്കലോ അടിയന്തര സാഹചര്യങ്ങളിൽ ആഴ്ചതോറുമോ ദിവസേനയോ ഇത്തരം സമിതികൾ യോഗം ചേരാവുന്നതാണ്.

ഓരോ ജില്ലയിലും ഒരു ജില്ലയിൽ തന്നെ വ്യത്യസ്ത പഞ്ചായത്ത്/നഗരസഭകളിലും ഒരേ പഞ്ചായത്തിലെ വിവിധ വാർഡുകളിലും ഉണ്ടാകാവുന്ന രോഗങ്ങളും അതിനുള്ള സാഹചര്യങ്ങളും മറ്റൊന്നിൽ നിന്ന് വിഭിന്നമായേക്കാം. അതുകൊണ്ടു തന്നെ ഒരു പ്രദേശത്തെ പ്രതിരോധ പ്രവർത്തനങ്ങൾ അതേപ്പടി മറ്റൊരിടത്ത് ചെയ്യാനാകില്ല. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളും പ്രശ്നങ്ങളും വിശകലനം ചെയ്ത് ആ പ്രദേശത്തിന് യോജിച്ച രീതിയിൽ പരിഹരിക്കാനുള്ള പ്രായോഗിക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റൊരു പ്രധാന ധർമ്മം. തുടക്കം ഗ്രാമസഭകളിൽ നിന്നുതന്നെ ഉണ്ടാകണം. ആരോഗ്യവകുപ്പിന്റെ സാങ്കേതിക ഉപദേശത്തോടെ വേണം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ. ശരിയായ മാലിന്യ നിർമ്മാർജ്ജനം, റോഡ് ശുചീകരണം, കൊതുകുനിയന്ത്രണം, എലി നശീകരണം, ശുദ്ധമായ കുടിവെള്ള വിതരണം തുടങ്ങിയവയ്ക്കുള്ള പദ്ധതികളാണ് വേണ്ടത്. ഇതിന് ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതാണ്. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വാർഡുതല ആരോഗ്യശുചിത്വ പ്രവർത്തനങ്ങൾക്ക് ഓരോ വാർഡിനും നൽകുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുകയും വേണം.




ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥർ ഉണ്ടെങ്കിലും നഗരപ്രദേശങ്ങളിൽ തീരെക്കുറവാണ്. ഓരോ വീട്ടിലും സ്ഥാപനത്തിലുമൊക്കെ ശുചീകരണം തുടങ്ങിയ പ്രതിരോധപ്രവർത്തനങ്ങൾ അവരവർ തന്നെ ചെയ്യേണ്ടതാണെങ്കിലും ചില സാഹചര്യങ്ങളിൽ തൊഴിലാളികളെക്കൊണ്ടോ സന്നദ്ധസേവകരെയോ വിനിയോഗിക്കേണ്ടി വരും. അതിനാൽ ആവശ്യമായ മാനവശേഷി, പ്രത്യേകിച്ചും നഗരപ്രദേശങ്ങളിലും രോഗം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ളിടത്തുമൊക്കെ പ്രദാനം ചെയ്യാനും ശ്രദ്ധ വേണ്ടതാണ്. മാത്രമല്ല പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ മറ്റ് ഇതര ജോലികൾ ഏൽപ്പിക്കുന്നത് രോഗപ്രതിരോധം തകിടം മറിക്കുമെന്നതിനാൽ ഒഴിവാക്കേണ്ടതാണ്. (ഇത്തരത്തിൽ ഒരു സർക്കുലർ 2010ൽ ചീഫ് സെക്രട്ടറി നൽകിയത് ശ്രദ്ധിക്കുക).

രോഗപ്രതിരോധ-നിയന്ത്രണ കാര്യങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ സംഭരിക്കാനും വിതരണം ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യവകുപ്പിൽ നിന്ന് ലഭ്യത പരിശോധിച്ച് അതിനും പുറമേ വേണ്ടത്ര സംഭരിക്കാൻ നടപടികൾ മുൻക്കൂട്ടി സ്വീകരിക്കണം. വാഹനങ്ങൾ, പരിസരശുചീകരണ സാമഗ്രികൾ, ബ്ലീച്ചിംഗ് പൗഡർ, കീടനാശിനികൾ, എലിവിഷം, കീടനാശിനികൾ പ്രയോഗിക്കുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ ആവശ്യാനുസരണം വാങ്ങണം.

പൊതുജനങ്ങളുടെ ശീലങ്ങളും പെരുമാറ്റങ്ങളും ആരോഗ്യ സുസ്ഥിതി ഉറപ്പാക്കുന്ന രീതിയിൽ ആക്കുന്നതിന് വേണ്ട ബോധവത്കരണം നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുജനങ്ങളേയും സന്നദ്ധപ്രവർത്തകരേയും ആരോഗ്യപ്രവർത്തകരേയും സാമൂഹിക, രാഷ്ട്രീയ സാമുദായിക പ്രവർത്തകരേയും ആവശ്യമായ ബോധവത്ക്കരണം നടത്തി പ്രതിരോധകർമ്മധാരയിൽ കൊണ്ടുവരാനുള്ള പദ്ധതികളും ഉണ്ടാകണം. ഇതിനുവേണ്ട ശിൽപശാലകളും യോഗങ്ങളും കലാപരിപാടികളും സംഘടിപ്പിക്കണം. പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ വൻപ്രചരണവും നടത്തണം. ആവശ്യമായ ലഘുലേഖകൾ, പോസ്റ്ററുകൾ, മാർഗ്ഗരേഖകൾ തുടങ്ങിയവ അച്ചടിച്ച് വിതരണം ചെയ്യണം. ഇതരവകുപ്പുകളായ സാമൂഹികക്ഷേമം, വിദ്യാഭ്യാസം, ജലവിഭവം, നഗരകാര്യം, ഫിഷറീസ്, തൊഴിൽ, റെയിൽവേ, പൊതുമരാമത്ത്, കൃഷി, മൃഗസംരക്ഷണം തുടങ്ങിയവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം. വിദ്യാഭ്യാസവകുപ്പ് വഴി സ്കൂൾ, കോളെജ് വിദ്യാർത്ഥികളുടെ ബോധവത്കരണത്തിനും പങ്കാളിത്തത്തിനും കൂടുതൽ ഊന്നൽ നൽകണം. നിയന്ത്രണത്തിനുപരി പ്രതിരോധ കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ ഇതുകൊണ്ടുമാത്രമേ സാധിക്കൂ. ജൂൺ-ജൂലായ് മാസങ്ങൾ മലമ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ വിരുദ്ധ മാസങ്ങളായി ആചരിച്ച് ശക്തമായ പ്രചരണവും പ്രവർത്തനവും കാഴ്ചവയ്ക്കേണ്ടതാണ്. ■

*ലേഖകൻ ദേശീയഗ്രാമീണ ആരോഗ്യമിഷൻ (കേരള) എസ്.ഡി.സി.എം.സി യുടെ നോഡൽ ആഫീസറാണ്.*



പഞ്ചായത്ത് രാജ്

പഞ്ചായത്ത് രാജ്



# അറിയുക, പറയുക, പ്രവർത്തിക്കുക

## പകർച്ചവ്യാധി നിയന്ത്രണത്തിൽ പങ്കാളികളാകുക

**ഉണ്ണികൃഷ്ണൻ .ആർ**

അറിയുക, പറയുക, പ്രവർത്തിക്കുക, പങ്കാളികളാകുക എന്നീ നാലു പ്രവർത്തന മന്ത്രങ്ങളാണ് ഊർജ്ജിത പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണയജ്ഞത്തെ മുന്നോട്ടു നയിക്കുന്നത്.

**അറിയുക**

- സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട നാല് പകർച്ചവ്യാധികളാണ് ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, ചിക്കുൻഗുനിയ എന്നിവ. ഇതിൽ ഏറ്റവും അധികം പേർ മരണമടയുന്നത് എലിപ്പനിമൂലമാണ്.
- ഡെങ്കിപ്പനിക്കും ചിക്കുൻഗുനിയയ്ക്കും കാരണം ഈഡിസ് കൊതുകുകളാണ്. ഇവ നമ്മുടെ വീട്ടിലും പരിസരങ്ങളിലും സ്ഥാപനങ്ങളിലും തങ്ങിനിൽക്കുന്ന ശുദ്ധജലത്തിൽ മുട്ടയിട്ടു പെരുകുന്നു.
- മലമ്പനിക്ക് കാരണമായ അനോഫെലിസ് കൊതുകുകൾ ശുദ്ധജലത്തിലാണ് മുട്ടയിടുന്നത്.
- എലി, നായ, പന്നി, കന്നുകാലി തുടങ്ങിയവയുടെ മൂത്രം കലർന്ന ജലത്തിൽ നിന്നാണ് എലിപ്പനിയുടെ രോഗാണു ശരീരത്തിലേക്ക് പ്രവേശിക്കുന്നത്. യഥാസമയം ചികിത്സിച്ചാൽ എലിപ്പനിയും മലമ്പനിയും പൂർണ്ണമായും ഭേദമാക്കാം. വൈകിയാൽ മരണകാരണമായേക്കാം.
- രോഗലക്ഷണങ്ങൾക്കനുസരിച്ചുള്ള ചികിത്സയും പരിചരണവും കൊണ്ട് ഡെങ്കിപ്പനിയും ചിക്കുൻഗുനിയയും പൂർണ്ണമായും ഭേദമാക്കാം.
- പനി ഏതായാലും സ്വയം ചികിത്സ അരുത്, വിദഗ്ധ ചികിത്സ സ്വീകരിക്കുക തന്നെവേണം.

**പറയുക**

- എലിപ്പനിക്കെതിരെയുള്ള മുൻകരുതൽ ചികിത്സ ആരോഗ്യകേന്ദ്രങ്ങളിൽ സൗജന്യമായി ലഭ്യമാണ്. അതിനാൽ ഓടകൾ, വയലുകൾ തോടുകൾ തുടങ്ങിയ വെള്ളക്കെട്ടുകളിൽ ജോലിയെടുക്കുന്നവർ മുൻകരുതൽ ചികിത്സ എടുക്കുകയും കൈയുറ, കാലുറ എന്നിവ ധരിച്ച് ജോലിക്കിറങ്ങുകയും ചെയ്യുക.
- ഇടവിട്ടുള്ളതും വിറയലോടുകൂടിയതുമായ പനി മലമ്പനിയാകാൻ സാധ്യതയുണ്ട്. ഇത്തരം പനിവന്നാൽ രക്തപരിശോധന നടത്തി രോഗം മലമ്പനിയല്ല എന്ന് ഉറപ്പുവരുത്തണം.
- അന്യസംസ്ഥാനങ്ങളിൽ പോയി തിരിച്ചു വരുമ്പോൾ പനിയുണ്ടെങ്കിൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധവേണം.
- പകർച്ചപ്പനി ബാധിച്ചാൽ വിദഗ്ദ്ധ ചികിത്സയോടൊപ്പം പൂർണ്ണവിശ്രമം എടുക്കുകയും ധാരാളം വെള്ളം കുടിക്കുകയും വേണം.
- ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി രോഗം ബാധിച്ചവർ വീട്ടിലായാലും ആശുപത്രിയിലായാലും പനിമാറുന്നതുവരെ കൊതുകുവലയ്ക്കുള്ളിൽ വിശ്രമിക്കണം.

**പ്രവർത്തിക്കുക (പൊതുജനങ്ങൾ)**

- ഫ്രിഡ്ജിന് അടിയിലും ചെടിച്ചട്ടിക്കടിയിലും വയ്ക്കുന്ന പാത്രങ്ങൾ, ഫ്ളവർവേസ്, എയർകണ്ടീഷണർ, എയർകൂളർ ഇവയ്ക്കുള്ളിൽ സംഭരിക്കപ്പെടുന്ന ജലം ആഴ്ചയിൽ ഒരിക്കൽ നീക്കം ചെയ്യണം.
- ജലം സംഭരിച്ചുവെയ്ക്കുന്ന പാത്രങ്ങളും ടാങ്കുകളും കൊതുകു കടക്കാത്തരീതിയിൽ അടച്ചു സൂക്ഷിക്കണം. ഇവയിലെ ജലം ആഴ്ചയിൽ ഒരിക്കൽ നീക്കം ചെയ്ത്, ഉൾവശം ഉരച്ച് കഴുകി വൃത്തിയാക്കി വീണ്ടും ജലം നിറച്ച് ഉപയോഗിക്കണം.
- ടെറസ്, സൺഷേഡ്, റൂഫ് ഗട്ടർ തുടങ്ങിയവയിലെ തടസ്സങ്ങൾ എല്ലാം മാറ്റി മഴവെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക.
- ആഴ്ചയിൽ ഒരിക്കൽ വീടിന് മുകളിലും ചുറ്റുപാടും നിരീക്ഷിച്ച് ജലം കെട്ടിനിൽക്കുന്ന ഉറവിടങ്ങൾ കമിഴ്ത്തിവയ്ക്കുക.
- റബ്ബർ തോട്ടത്തിലെ ചിരട്ടകൾ ടാപ്പിംഗ് നിർത്തി വയ്ക്കുമ്പോൾ കമിഴ്ത്തി വയ്ക്കുക.
- അടയ്ക്കാമരത്തോട്ടങ്ങളിലെ പാളകൾ കമിഴ്ത്തിയിടുകയോ, മുറിച്ചു കളയുകയോ കത്തിക്കുകയോ ചെയ്യുക.
- പുരയ്ക്ക് മീതെ വലിച്ചു കെട്ടിയതോ അലക്ഷ്യമായി ഇട്ടിരിക്കുന്നതോ ആയ ടാർപോളിൻ/പോളിത്തീൻ ഷീറ്റുകളിൽ വെള്ളം കെട്ടാതെ ശ്രദ്ധിക്കുക.
- ഉപയോഗശൂന്യമായ ടയറുകൾ മഴവെള്ളം കെട്ടി നിൽക്കാതെ സൂക്ഷിക്കണം.
- വെള്ളക്കെട്ടുകളിൽ മുൻകരുതൽ ഇല്ലാതെ ഇറങ്ങി ജോലി ചെയ്യരുത്.
- മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക.
- വീടും സ്ഥാപനങ്ങളും പരിസരവും പൊതുസ്ഥലങ്ങളും വൃത്തിയായും എലി, കൊതുക് തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ലാത്ത രീതിയിലും സംരക്ഷിക്കുക.

**പ്രവർത്തിക്കുക (ആരോഗ്യ പ്രവർത്തകർ)**

- വീടുകളിൽ ചെന്ന് കൃത്യമായി പനി നിരീക്ഷണവും കൊതുകു നിരീക്ഷണവും നടത്തുക.
- പനി ബാധിതരെ കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട് അയയ്ക്കുക
- ഐ.ഡി.എസ്.പി. റിപ്പോർട്ടുകൾ ആഴ്ചതോറും അയയ്ക്കണം.
- ആഴ്ചതോറും ഈഡിസ് സർവ്വേ നടത്തി രോഗസാധ്യത കൂടിയ പ്രദേശങ്ങൾ കണ്ടുപിടിക്കുക.
- കൊതുകു സർവ്വേയുടേയും പനിയുടേയും റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ അവലോകനം ചെയ്തു പ്രതിരോധ - നിയന്ത്രണ നടപടികൾ ഊർജ്ജിതപ്പെടുത്തുക.
- വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട നശീകരണം ഉറപ്പാക്കുക.
- കൃഷി വകുപ്പുമായി ചേർന്ന് എലി നശീകരണം ഉറപ്പാക്കുക.
- മലമ്പനി റിപ്പോർട്ട് ചെയ്ത വീട്ടിലും അതിനു സമീപമുള്ള വീടുകളിലും താമസിക്കുന്നവരുടെ രക്തപരിശോധന നടത്തുകയും വീടിനുള്ളിൽ കീടനാശിനി തളിക്കുകയും ചെയ്യുക.
- നമ്മുടെ പ്രദേശത്തെ വീടുകൾ, സ്ഥാപനങ്ങൾ, ചുറ്റുപാടുകൾ എന്നിവിടങ്ങളിൽ രോഗം വരാനുള്ള സാഹചര്യത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കണം.
- ഓരോ തലത്തിലും ഉള്ള രോഗനിയന്ത്രണ അവലോകന സമിതികളും ഇന്റർസെക്ടൊറൽ കോർഡിനേഷൻ കമ്മിറ്റിയും മാസത്തിലൊരിക്കലും അത്യാവശ്യ സാഹചര്യങ്ങളിലും യോഗം ചേരണം.
- വാർഡുതലത്തിൽ പ്രവർത്തിക്കുവാൻ സ്ക്വാഡുകൾക്ക് രൂപം നൽകണം. വാർഡുതല സ്ക്വാഡിലെ അംഗങ്ങൾക്കും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകുക.
- ഇതര വകുപ്പിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ആശ, കുടുംബശ്രീ, അങ്കണവാടി പ്രവർത്തകർ, എൻ.ആർ.ഇ.ജി തൊഴിലാളികൾ, കടയുടമസ്ഥർ, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ തുടങ്ങിയവർക്ക് ആവശ്യമായ ബോധവത്കരണ പരിശീലനം നൽകുക.




**പങ്കാളികളാകുക**

പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ യജ്ഞം ഒരു കൂട്ടായ യത്നമാണ്. വിവിധ സർക്കാർ വകുപ്പുകളും സംഘടനകളും പൊതുജനങ്ങളും ഇതിൽ പരസ്പരം പങ്കാളികളാണ്.

- രോഗ പ്രതിരോധ - നിയന്ത്രണ പരിപാടികളുടെ ആസൂത്രണം, നിർവ്വഹണം, അവലോകനം തുടങ്ങിയ കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം അനിവാര്യം.
- രോഗ പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങളിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വലിയ പങ്ക് നിർവ്വഹിക്കാനാവും.
- കംപോസ്റ്റിംഗ്, മണ്ണിര കംപോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ നടപ്പിൽ വരുത്താനും എലി നശീകരണത്തിനും കൃഷിവകുപ്പിന്റെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്.
- ഗൃഹസന്ദർശനത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമുള്ള പ്രവർത്തകരെ നൽകൽ, പൊതുജനബോധവൽക്കരണം എന്നീകാര്യങ്ങളിൽ സാമൂഹ്യക്ഷമം, തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകൾക്ക് കാര്യമായ പങ്ക്.
- പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ പരിപാടികൾക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകിയും ശാസ്ത്രീയ പഠനങ്ങൾ നടത്തിയും മെഡിക്കൽ വിദ്യാഭ്യാസവകുപ്പും ഈ യജ്ഞത്തിൽ പങ്കാളികളാകുന്നു.

എലിപ്പനിക്ക് കാരണമാകുന്ന ജീവികളെപ്പറ്റി പഠനം നടത്തിയും മൃഗങ്ങളിൽ നിന്നും രോഗം പകരാൻ സാധ്യതയുള്ളവർക്ക് പ്രതിരോധ വാക്സിനേഷൻ നൽകിയും മറ്റും മൃഗസംരക്ഷണ വകുപ്പ് ഈ യജ്ഞത്തിൽ പങ്കാളികളാകുന്നു.

നഗരപ്രദേശത്ത് വേണ്ട രോഗപ്രതിരോധ നിയന്ത്രണകാര്യങ്ങൾ നടപ്പിലാക്കാൻ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയുടെ തലത്തിൽ പങ്കാളിത്തം ഉണ്ടാവണം.

ഓരോസ്ഥാപനത്തിലും ഈച്ച, കൊതുക് എന്നിവ പെരുകാനുള്ള സാഹചര്യങ്ങൾ ഇല്ല എന്ന് ഉറപ്പാക്കുന്നതിലൂടെ വിവിധ സ്ഥാപനങ്ങൾ ഇതിൽ പങ്കാളികളാകുന്നു.

ബോധവൽക്കരണ, രോഗപ്രതിരോധ, ശുചീകരണ പ്രവർത്തനങ്ങളിൽ വിവിധ സംഘടനകളുടെ പങ്കാളിത്തം ഒഴിച്ചുകൂടാനാവാത്തതാണ്.

വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചും രോഗപ്രതിരോധ നടപടികൾ സ്വയം സ്വീകരിച്ചും യഥാസമയം ചികിത്സയെടുത്തും പൊതുജനങ്ങളും ഈ യജ്ഞത്തിൽ പങ്കാളികളാകണം.■

*ലേഖകൻ ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (കേരള) എസ്.ഡി.സി.എം.സി.യിൽ കൺസൾട്ടന്റാണ്.*

പഞ്ചായത്ത് രാജ്

# മഴവെള്ളശേഖരണം പ്രാധാന്യവും സാദ്ധ്യതയും

ഡോ. നന്ദകുമാരൻ .പി

**തെക്കു പടിഞ്ഞാറൻ കാലവർഷം കേരള തീരത്തെത്താൻ ഇനി ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. നമ്മുടെ ജലസംഭരണ പ്രയത്നങ്ങൾ ആരംഭിക്കാൻ ഇനിയും ഒട്ടും വൈകിക്കൂടാ. ജലസുഭിക്ഷവും ജലസുരക്ഷിതവുമായ ഒരു കേരളമാവട്ടെ നമ്മുടെ 'ദൈവത്തിന്റെ സ്വന്തം നാട്''!**

'ദൈവത്തിന്റെ സ്വന്തം നാടെ'ന്ന് ലോകം പറയുന്ന നമ്മുടെ കൊച്ചുകേരളത്തിൽ ശുദ്ധജലദൗർലഭ്യം ഒരു പ്രശ്നമായി അറിയപ്പെടാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. വർദ്ധിച്ചുവരുന്ന ജനസംഖ്യയും തന്മൂലമുണ്ടാകുന്ന വർദ്ധിച്ച ജലോപയോഗവും ഇതിനൊരു പ്രധാന കാരണമായി പറയാമെങ്കിലും നമ്മുടെ ജലപരിപാലനത്തിന്റെ പോരായ്മകൾ ഇതിന് വലിയ ഒരളവുവരെ കാരണമാവുന്നുവെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. ലോകത്തിൽത്തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നായിരുന്നിട്ടും, ഒട്ടേറെ നദികളാലും തടാകങ്ങളാലും അനുഗ്രഹീതമായിട്ടും ഇന്നു നാം ജലദൗർലഭ്യം നേരിടുന്നുവെന്നത് ഒരു വിരോധാഭാസമായിത്തോന്നാം. കേരളത്തിലെ ജലവിഭവപരിപാലനത്തിന്റെ പ്രശ്നങ്ങളും ഇവയുടെ പരിഹാരത്തിന് മഴവെള്ള സംഭരണത്തിലൂടെ നമുക്കു ചെയ്യാവുന്ന കാര്യങ്ങളുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

### കേരളത്തിന്റെ ജലസമ്പത്ത്

ഭൂമിയിലെ മറ്റു പല സ്ഥലങ്ങളിലേയും പോലെ മഴയാണ് കേരളത്തിന്റേയും പ്രാഥമിക ജലസ്രോതസ്സ്. ഭാരതത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിലും വടക്കുകിഴക്കൻ കാലവർഷത്തിലും മഴ ലഭിക്കുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിൽ ഒരു വർഷത്തിൽ ലഭിക്കുന്ന ശരാശരി മഴ ഏതാണ്ട് 3000 മി.മീ ആണ്. ഇതിൽ ഏകദേശം 2250 മുതൽ 2500 മി.മീ മഴ നമുക്കു ലഭിക്കുന്നത് ജൂൺ മുതൽ ആഗസ്ത് വരെ നീണ്ടു നിൽക്കുന്ന തെക്കു പടിഞ്ഞാറൻ കാലവർഷ (ഇടവപ്പാതി)ത്തിലാണ്. ഒക്ടോബർ-നവംബർ മാസങ്ങളിൽ വടക്കുകിഴക്കൻ കാലവർഷം (തുലാവർഷം) ഏതാണ്ട് 450-500 മി.മീ മഴ നൽകുന്നു. കഴിഞ്ഞ 50 വർഷത്തെ കണക്കനുസരിച്ച് ഓരോ മാസത്തിലും കേരളത്തിൽ ലഭിക്കുന്ന ശരാശരി മഴയുടെ അളവ് പട്ടികയിൽ കൊടുത്തിരിക്കുന്നു.



ഇതിൽ നിന്നും നമുക്കു മനസ്സിലാവുന്നത് വർഷത്തിൽ ഏതാണ്ട് 8 മാസത്തോളം ശരാശരി 100 മി.മീറ്ററിൽ കൂടുതൽ മഴ നമുക്കു ലഭിക്കുന്നുണ്ടെന്നാണ്. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ലഭിക്കുന്ന മഴയുടെ അളവ് തെക്കൻ ജില്ലകളിൽ ലഭിക്കുന്നതിനേക്കാൾ താരതമ്യേന കൂടുതലാണ്. അതുപോലെതന്നെ മലനാട്ടിൽ നിന്നും തീരദേശത്തേക്കു പോവുമ്പോൾ മഴയുടെ അളവ് ക്രമേണ കുറഞ്ഞുവരുന്നതായിക്കാണുന്നു.

ഉപരിതലജലസമ്പത്തി (surface water resources)ന്റെ കാര്യത്തിലും കേരളം സമ്പന്നമാണെന്നു തോന്നാം. പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളും കിഴക്കോട്ടൊഴുകുന്ന 3 നദികളും കണക്കിലെടുത്താൽ നമ്മുടെ വർഷം തോറുമുള്ള ഉപരിതല ജലസമ്പത്ത് ഏകദേശം 78,000 ദശലക്ഷം ഘനമീറ്ററോളം വരും. പക്ഷേ നമ്മുടെ നദികളുടെ കുറഞ്ഞ നീളവും കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകളും മൂലം ഈ ജലസമ്പത്തിന്റെ ഏതാണ്ട് 70 ശതമാനത്തോളം പെട്ടെന്നു തന്നെ ഒഴുകി സമുദ്രത്തിൽ ചെന്നു ചേരുന്നുവെന്നത് ഒരു വസ്തുതയാണ്. നമുക്ക് വർഷം തോറും പ്രകൃതി കനിഞ്ഞു നൽകുന്ന അമൂല്യമായ ജലസമ്പത്തിന്റെ വലിയ ഭാഗം ഉപയോഗ ശൂന്യമായിപ്പോവുന്നുവെന്നർത്ഥം.


കേരളത്തിലെ ഭൂജല ലഭ്യത ഏതാണ്ട് 6850 ദശലക്ഷം ഘനമീറ്റർ ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 2004ലെ കണക്കനുസരിച്ച് ഇതിന്റെ 47 ശതമാനത്തോളം നമ്മൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഭൂജലത്തിന്റെ ലഭ്യതയിലും ഉപഭോഗത്തിലും വ്യതിയാനങ്ങൾ വിവിധ ജില്ലകളിൽ ദൃശ്യമാണ്. കാസർഗോഡ്, പാലക്കാട് ജില്ലകൾ ഇക്കാര്യത്തിൽ മുൻപന്തിയിലാണെങ്കിൽ ഇടുക്കി, വയനാട് ജില്ലകളിലാണ് ഭൂജല വിനിയോഗം ഏറ്റവും കുറവ്.

| മാസം | മഴ(മി.മീ) |
|---|---|
| ജനുവരി | 14.6 |
| ഫെബ്രുവരി | 16.6 |
| മാർച്ച് | 36.1 |
| ഏപ്രിൽ | 110.9 |
| മെയ് | 252.6 |
| ജൂൺ | 653.2 |
| ജൂലൈ | 687.2 |
| ആഗസ്റ്റ് | 404.7 |
| സെപ്റ്റംബർ | 252.3 |
| ഒക്ടോബർ | 270.7 |
| നവംബർ | 158.6 |
| ഡിസംബർ | 45.9 |

### കേരളത്തിലെ ജലപരിപാലന പ്രശ്നങ്ങൾ

നേരത്തെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ കുറച്ചുവർഷങ്ങളായി ജലദൗർലഭ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേരളത്തിൽ അനുഭവപ്പെടാൻ തുടങ്ങിയിട്ട്. ഇന്ത്യയിലെ ജലദൗർലഭ്യമുള്ള മറ്റു പല സംസ്ഥാനങ്ങളുടെ പ്രശ്നങ്ങളിൽ നിന്നും വ്യത്യസ്തമാണ് ഇവിടത്തെ സ്ഥിതിയെന്നു പറയാം. ഇങ്ങനെയുള്ള മിക്കവാറും സംസ്ഥാനങ്ങളിൽ മഴയുടെ കുറവ്, ജലസമ്പത്തിന്റെ അത്യധികമായ ഉപയോഗം എന്നിവയാണ് ദൗർലഭ്യത്തിന്റെ പ്രധാന ഹേതു. കേരളത്തിലാണെങ്കിൽ നമുക്കു ലഭ്യമായ ജലസമ്പത്തിന്റെ ശരിയായ പരിപാലനത്തിന്റെ അഭാവമാണ് ഏറ്റവും പ്രധാനമായ പ്രശ്നം. മഴക്കാലത്ത് നമുക്ക് അധികമായി ലഭിക്കുന്ന ജലം സംഭരിച്ചു വെയ്ക്കാൻ കഴിയാത്തതാണ് വേനൽക്കാലത്തെ ജലദൗർലഭ്യത്തിനു പ്രധാന കാരണമാവുന്നതെന്ന് വിശകലനങ്ങൾ തെളിയിക്കുന്നു.

കേരളത്തിലെ ജലലഭ്യതയുടെ പ്രശ്നങ്ങളെ പ്രകൃത്യാലുള്ളവ (Natural)യെന്നും മനുഷ്യജന്യ(Anthropogenic)മെന്നും രണ്ടായി തരംതിരിക്കാം. വലിയതോതിൽ ജലസംഭരണത്തിനും ഭൂജല പരിപോഷണത്തിനും അനുകൂലമല്ലാത്ത ഭൂപ്രകൃതി, ഭൂഗർഭത്തിലെ കട്ടിപ്പാറ (Hard Rock) കളുടെ ആധിക്യം എന്നിവ ആദ്യത്തെ വിഭാഗത്തിൽപ്പെടുന്നു. ആരോഗ്യത്തിനു ഹാനികരമായ ഫ്ളൂറൈഡ്, ഇരുമ്പ് തുടങ്ങിയ ഭൂജന്യ (geogenic) രാസമൂലകങ്ങളുടെ ആധിക്യവും ഈ വിഭാഗത്തിൽപ്പെടുത്താം. അനിയന്ത്രിതമായ ജനസംഖ്യാ വർദ്ധനവ്, വർദ്ധിച്ചുവരുന്ന നഗരവൽക്കരണം (urbanization), വനനശീകരണം, കിണറുക




ളുടേയും പരമ്പരാഗത ജലസംഭരണികളുടേയും അവഗണനയും ദുരുപയോഗവും ഭൂജലത്തിന്റെ അമിതമായ ഉപയോഗം, നദികളിലെ മണൽവാരൽ, ശുചിത്വക്കുറവു മൂലമുള്ള ജലമലിനീകരണം, വളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം എന്നിവ മനുഷ്യജന്യമായ പല കാരണങ്ങളിൽ ചിലതാണ്. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ഭാവിയിൽ വരുത്തിയേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ കേരളത്തിന്റെ ജലദൗർലഭ്യത്തെക്കുറിച്ചുള്ള ആശങ്കകൾക്ക് ആക്കം കൂട്ടുന്നവയാണ്. അമിതമായ ജലചൂഷണവും അശാസ്ത്രീയമായ ജലപരിപാലനവും ഇതുപോലെ തുടരുകയാണെങ്കിൽ കേരളത്തിലെ ജലദൗർലഭ്യം സമീപഭാവിയിൽത്തന്നെ കൂടുതൽ രൂക്ഷമാവുമെന്നത് തർക്കമറ്റ വസ്തുതയാണ്.

**ജലസംരക്ഷണത്തിന്റെ പ്രാധാന്യം**

കേരളത്തിലെ ജലലഭ്യതയുടെയും വിനിയോഗത്തിന്റെയും കണക്കുകളിൽ നിന്നും വ്യക്തമാവുന്ന ഒരു വസ്തുത മഴക്കാലത്തെ ജലത്തിന്റെ അധിക ലഭ്യതയും വേനൽക്കാലത്തെ ജലദൗർലഭ്യവുമാണ്. വർഷകാലത്ത് നമുക്ക് ആവശ്യത്തേക്കാൾ 57%ത്തോളം ജലം ലഭ്യമാവുമ്പോൾ വേനൽക്കാലത്ത് ഇത് 53%ത്തോളം കുറവാണ്. മഴക്കാലത്ത് ലഭിക്കുന്ന ജലസമ്പത്തിന്റെ നല്ലൊരുഭാഗം സംഭരിച്ചുവെയ്ക്കാൻ നമുക്ക് കഴിഞ്ഞാൽ ഈ ദൗർലഭ്യം ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ കഴിയുമെന്നാണ് ഇതിൽ നിന്നും തെളിയുന്നത്.

നമ്മുടെ കുടിവെള്ളത്തിന്റേയും ഗാർഹികാവശ്യങ്ങൾക്കുള്ള ജലത്തിന്റേയും ഒരു നല്ലപങ്ക് ലഭിക്കുന്നത് ഭൂഗർഭജലത്തിൽ നിന്നാണ്. കേരളത്തിന്റെ ഭൂരിഭാഗം ജില്ലകളിലും മഴക്കാലത്ത് കിണറുകൾ നിറയുന്നുണ്ടെങ്കിലും വേനൽക്കാലത്തിന്റെ ആരംഭത്തിൽ തന്നെ പലയിടത്തും ഇവ വറ്റിപ്പോകുന്നതായി കാണുന്നു. പുറത്തേക്ക് ഒഴുകി പാഴായിപ്പോവുന്ന മഴവെള്ളം ഭൂമിക്കടിയിലേക്ക് ഊർന്നിറങ്ങാനുള്ള സംവിധാനങ്ങൾ കൊണ്ട് ഇത് ഒരു വലിയ അളവുവരെ തടയാമെന്ന് ശാസ്ത്രീയ പരീക്ഷണങ്ങൾ തെളിയിക്കുന്നു. ഇതിന്റെ ഗുണവശങ്ങൾ പ്രധാനമായും രണ്ടാണ്. ഒന്നാമതായി നാം പാഴാക്കിക്കളയുന്ന മഴവെള്ളം കൊണ്ടുണ്ടാകുന്ന വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഗതാഗതതടസ്സം തുടങ്ങിയ പ്രശ്നങ്ങൾ കുറയുന്നു. രണ്ടാമതായി ഭൂമിക്കടിയിൽ സംഭരിക്കപ്പെടുന്ന ജലം വേനൽക്കാലത്ത് കിണറുകളിലൂടെയും കുഴൽക്കിണറുകളിലൂടെയും നമുക്ക് ലഭ്യമാവുന്നു. അത്യധികം ജനസാന്ദ്രതയും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന പദ്ധതികളോട് വളരെയധികം എതിർപ്പുമുള്ള കേരളത്തിൽ വളരെ വലിയ ജലസംഭരണികൾ നിർമ്മിക്കപ്പെടാനുള്ള സാദ്ധ്യത തുലോം വിരളമാണ്. ഈ സാഹചര്യത്തിൽ ഭൂജലപരിപോഷണത്തിന് ഭാവിയിൽ കേരളത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ കഴിയും.

**ജലസംഭരണം - എങ്ങനെ?**

വർഷത്തിൽ ഏതാണ്ട് എട്ടുമാസത്തോളം മഴ ലഭിച്ചിട്ടും വേനലിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന കേരളത്തിൽ മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യവും ആവശ്യകതയും നമ്മൾ കണ്ടു. നേരത്തേ പ്രതിപാദിച്ചതുപോലെ ജലസംഭരണം നേരിട്ടുള്ള ഉപയോഗത്തിനോ ഭൂജലപോഷണത്തിനോ വേണ്ടിയാവാം. ഭൂപ്രകൃതി, ലഭ്യമായ ഭൂജലത്തിന്റെ അളവും ഗുണമേന്മയും, ജലത്തിന്റെ ഉപയോഗരീതി (water use pattern), ലഭിക്കുന്ന മഴയുടെ അളവും സമയവും എന്നിവ ജലസംഭരണത്തിന് അനുയോജ്യമായ രീതി നിർണ്ണയിക്കുന്ന പ്രധാനഘടകങ്ങളാണ്. ഉദാഹരണത്തിന്, ഉപയോഗ്യമല്ലാത്ത മലിനജലം പല കിണറുകളിലും ലഭിക്കുന്ന നഗരപ്രദേശങ്ങളിൽ ചെറിയ തോതിലുള്ള ഭൂജലപോഷണം കാര്യമായ ഗുണം ചെയ്യാനിടയില്ല. അത്തരം പ്രദേശങ്ങളിൽ മഴവെള്ളത്തിന്റെ സംഭരണവും നേരിട്ടുള്ള ഉപയോഗവുമാണ് അഭികാമ്യം. അതേസമയം ഭൂജലത്തിന്റെ അധികമായ ഉപയോഗം കൊണ്ട് ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ ഭൂഗർഭജലപോഷണം വളരെയധികം ഗുണപ്രദമായിരിക്കും. ജലസംഭരണത്തിന്റെ വിവിധരീതികളെക്കുറിച്ച് ഹ്രസ്വമായി താഴെ പ്രതിപാദിച്ചിരിക്കുന്നു.

**മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ള സംഭരണം (Roof-top Rainwater Harvesting)**

കേരളത്തിലെ ഏതാണ്ടെല്ലാ പ്രദേശങ്ങൾക്കും അനുയോജ്യമായ ജലസംഭരണരീതിയാണ്. ചിലവു കുറഞ്ഞതും ആർക്കും ചെയ്യാവുന്നതും സ്ഥലദൗർലഭ്യത്തിന്റെ പരിമിതികളില്ലാത്തതുമായ ഈ മാർഗ്ഗം ഗ്രാമങ്ങൾക്കും നഗരപ്രദേശങ്ങൾക്കും ഒരുപോലെ അനുയോജ്യമാണ്. ഇത്തരത്തിലുള്ള ജലസംഭരണത്തിന്റെ വിവിധരീതികൾ പല സർക്കാർ വിഭാഗങ്ങളുടേയും പ്രസിദ്ധീകരണങ്ങളിൽ ലഭ്യമാണ്. ഇവ പ്രാവർത്തികമാക്കാനുള്ള സാങ്കേതിക നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്രീയ ഭൂജലബോർഡ്, കേരള ഭൂജലവകുപ്പ് തുടങ്ങിയവയിലെ വിദഗ്ദ്ധർ സദാ സന്നദ്ധരുമാണ്.

മേൽക്കൂരകളിൽ നിന്നും സംഭരിക്കപ്പെടുന്ന ജലം നേരിട്ടുള്ള ഉപയോഗത്തിനോ ഭൂജല പോഷണത്തിനോ ഉപയോഗിക്കാവുന്നതാണ്. വിവിധ ആകൃതിയും സംഭരണശേഷിയുമുള്ള സംഭരണടാങ്കുകൾ കേരളത്തിലെ എല്ലാ പ്രധാന നഗരങ്ങളിലും ഇന്നു ലഭ്യമാണ്. ഭൂമിക്കടിയിൽ ഫെറോ സിമന്റ് ടാങ്കുകൾ നിർമ്മിക്കുന്നത് താരതമ്യേന ചിലവു കുറഞ്ഞ ഒരു രീതിയാണ്. ഇത്തരത്തിൽ ടാങ്കുകൾ നിർമ്മിക്കുമ്പോൾ പായലിന്റെ വളർച്ച തടയുന്നതിന് ജലത്തിൽ സൂര്യപ്രകാശം നേരിട്ട് പതിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിലുള്ള സംഭരണരീതികളിൽ മഴയ്ക്കു മുമ്പ് മേൽക്കൂരകൾ വൃത്തിയാക്കാനും ആദ്യത്തെ ഒന്നോ രണ്ടോ മഴയിൽ നിന്നും ലഭിക്കുന്ന ജലം പുറത്തേക്കൊഴുക്കാനും ശ്രദ്ധിക്കേണ്ടതാണ്.





ടാങ്കുകളിൽ സംഭരിക്കാവുന്നതിലുമധികം ജലലഭ്യതയുള്ളപ്പോഴും സംഭരണത്തിന് അനുയോജ്യമായ സംവിധാനങ്ങളുടെ അഭാവത്തിലും മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ളം അടുത്തുള്ള കിണറുകൾ, കുഴൽക്കിണറുകൾ, പോഷണകിടങ്ങുകൾ എന്നിവ വഴിയും ഭൂമിക്കടിയിൽ ശേഖരിക്കാവുന്നതാണ്. ഇതിനുള്ള നിരവധി മാർഗ്ഗങ്ങൾ ഇന്ന് ലഭ്യമാണ്.

മേൽക്കൂരകളിൽ നിന്നും ശേഖരിച്ച് ഉപയോഗിക്കാവുന്ന ജലം നമുക്കു ലഭിക്കുന്ന മഴയുടെ ഒരു ചെറിയ ഭാഗം മാത്രമാണ്. ഇതിലും എത്രയോ അധികം മഴവെള്ളം തുറസ്സായ പ്രദേശങ്ങളിൽ പതിച്ച് ഒഴുകിപ്പോവുന്നത് മഴക്കാലത്ത് ഒരു സാധാരണ കാഴ്ചയാണ്. ഇങ്ങനെ ഒഴുകി നഷ്ടമാവുന്ന ജലം സംഭരിക്കാനും ഭൂജലപോഷണത്തിനായി ഉപയോഗിക്കാനുമുതകുന്ന നിരവധി മാർഗ്ഗങ്ങളുണ്ട്. മഴക്കുഴികൾ, തടയണകൾ, ഊർന്നിറങ്ങൽ കുളങ്ങൾ (Percolation tank), ഭൂജല അണക്കെട്ടുകൾ എന്നിവ ഇവയിൽ ചിലതു മാത്രമാണ്. ഇതിനുപുറമേ കൃഷിയിടങ്ങളിൽ ബഹുനില കൃഷി, കോണ്ടൂർ കൃഷി, ആവരണവിളകൾ, പുതയിടൽ, ജൈവവേലികൾ, തട്ടുതിരിക്കൽ, കയ്യാലകൾ തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ ജലസംരക്ഷണത്തിനുതകുന്നവയാണ്.

മേൽപ്പറഞ്ഞ ജലസംഭരണമാർഗങ്ങളുടെ ഫലപ്രാപ്തി അവ എത്രയധികം ഇടങ്ങളിൽ അവലംബിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ജലസംഭരണപ്രയത്നങ്ങളുടെ കൂടെത്തന്നെ ജലവിനിയോഗവും വർദ്ധിച്ചുവരുന്നുവെന്ന വസ്തുത കണക്കിലെടുക്കുമ്പോഴാണ് എത്രയും കൂടുതൽ ജനങ്ങൾ ഇതു ചെയ്യേണ്ടതാണെന്നതിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

കേരളത്തിലെ സുസജ്ജമായ സ്വയംഭരണസംവിധാനം ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതാണ്. കേരളത്തിലെ വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം തടയുന്നതിന് ഈ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങേണ്ട സമയമാണിത്.

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ജലസംഭരണത്തിനും അതിന്റെ ശാസ്ത്രീയമായ പരിപാലനത്തിലും വലിയൊരു പങ്കു വഹിക്കാൻ കഴിയും. താഴെപ്പറയുന്ന പ്രവൃത്തികൾ ജലസംഭരണ പ്രയത്നങ്ങളുടെ ആക്കം കൂട്ടുന്നതിനും അവയുടെ ഫലപ്രാപ്തിക്കും സഹായകമാവുന്നവയാണ്.

1) ഗ്രാമങ്ങളിലെ കുളങ്ങളും മറ്റു പരമ്പരാഗത ജലസംഭരണികളും വൃത്തിയാക്കുകയും അവയുടെ ആഴം കൂട്ടുകയും ചെയ്യുക.
2) മേൽപ്പറഞ്ഞ ജലസംഭരണികളുടെ ബണ്ടുകളുടെ ഉറപ്പുകൂട്ടുകയും അവയിലേക്ക് മഴവെള്ളമെത്തിക്കുന്ന ചാലുകൾ വൃത്തിയാക്കുകയും ചെയ്യുക.
3) ഉപയോഗശൂന്യമായ കിണറുകൾ വൃത്തിയാക്കുകയും അവയെ മഴവെള്ളസംഭരണികളാക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
4) ഗ്രാമങ്ങളിലെ ജലസംഭരണികളുടെ വൃഷ്ടിപ്രദേശങ്ങളിലെ (Catchment area) മലിനീകരണം തടയാനുള്ള നടപടികളെടുക്കുക.
5) മേൽക്കൂരകളിൽ നിന്നുമുള്ള ജലസംഭരണവും ഭൂജലപോഷണവും പ്രോത്സാഹിപ്പിക്കുക.
6) മഴക്കുഴികൾ, കയ്യാലകൾ തുടങ്ങിയ ജലസംഭരണമാർഗ്ഗങ്ങൾ ധാരാളമായി നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുക.

മേൽപ്പറഞ്ഞവ ജലസംഭരണത്തിനുള്ള ഏതാനും ചില മാർഗ്ഗങ്ങൾ മാത്രമാണ്. ഇതിനു പുറമേ ഓരോ പ്രദേശത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ ജലസംഭരണരീതികൾ പ്രോത്സാഹിപ്പിക്കാൻ ഈ സ്ഥാപനങ്ങൾക്കു നിസ്സംശയം കഴിയും. നമുക്കു ലഭിക്കുന്ന മഴയുടെ ഓരോ തുള്ളിയും അതു വീഴുന്നിടത്തുതന്നെ സംഭരിക്കുകയോ ഭൂജലപോഷണത്തിനുപയോഗിക്കുകയോ ചെയ്യുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതിനോടനുബന്ധിച്ച പ്രവർ





ത്തനങ്ങൾ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നടപ്പാക്കാവുന്നതാണ്.

എല്ലാ ജലസംഭരണ പ്രയത്നങ്ങളുടെയും ഫലപ്രാപ്തിക്ക് ഉപഭോക്താക്കളുടെ പങ്കാളിത്തം കൂടിയേ തീരൂ. സമ്പൂർണസാക്ഷരരെന്ന് അഭിമാനിക്കുന്ന നാം 'ജലസാക്ഷരത'യുടെ കാര്യത്തിൽ ഇനിയും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ജലത്തിന്റെ മൂല്യത്തെക്കുറിച്ചും അതിന്റെ സംഭരണത്തിന്റെയും സംരക്ഷണത്തിന്റെയും ആവശ്യകതയെക്കുറിച്ചും ഓരോ പൗരനും ബോധവാനായാൽ മാത്രമേ 'ജലസുരക്ഷ'യെന്ന സങ്കൽപം സാക്ഷാത്ക്കരിക്കാൻ നമുക്കു സാധിക്കൂ. സാധാരണ ജനങ്ങൾക്കിടയിൽ ധാരാളം സ്വാധീനമുള്ള സ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ ബോധവൽക്കരണത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ കഴിയും.

തെക്കു പടിഞ്ഞാറൻ കാലവർഷം കേരള തീരത്തെത്താൻ ഇനി ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. നമ്മുടെ ജലസംഭരണ പ്രയത്നങ്ങൾ ആരംഭിക്കാൻ ഇനിയും ഒട്ടും വൈകിക്കൂടാ. ജലസുഭിക്ഷവും ജലസുരക്ഷിതവുമായ ഒരു കേരളമാവട്ടെ നമ്മുടെ 'ദൈവത്തിന്റെ സ്വന്തം നാട്'! ■

*ലേഖകൻ*
*കേന്ദ്ര ഭൂജല ബോർഡ് (കേരള)*
*റീജിയണൽ ഡയറക്ടറാണ്*



# കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 –ഒരെത്തിനോട്ടം

**എൻ. സുരാജ്**

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് മാത്രം ബാധകമായിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ ജി.ഒ (എം.എസ്) 41/2011/തസ്വഭവ നമ്പരായി സർക്കാർ പുറപ്പെടുവിക്കുകയും 2011 ഫെബ്രുവരി 14-ാം തീയതി മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിരിക്കുന്നു. അതിന് മുമ്പ് സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണങ്ങൾക്ക് 1999ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് ആയിരുന്നു ബാധകം. ഗ്രാമീണ മേഖലയിൽ ആസൂത്രിതമായ വികസനം സാധ്യമാവുക എന്നതും പൊതുജനങ്ങൾക്കും താമസക്കാർക്കും സുരക്ഷ ഉറപ്പു വരുത്തുക എന്നതുമാണ് ഈ ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന അനിയന്ത്രിതവും ആസൂത്രണരഹിതവുമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ബാഹുല്യം പരിസ്ഥിതിയിലും അടിസ്ഥാന സൗകര്യങ്ങളിലും അനിവാര്യ സേവനങ്ങളുടെ ലഭ്യതയിലും സൃഷ്ടിച്ചുക്കൊണ്ടിരിക്കുന്ന കടുത്ത ആഘാതങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരമുണ്ടാക്കുവാൻ ഈ ചട്ടങ്ങൾ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിലൂടെ സാധിക്കും. സ്ഥലപരമായ ആസൂത്രണത്തെക്കാൾ പൊതുജനങ്ങളുടെ സൗകര്യത്തിനും സുരക്ഷയ്ക്കുമാണ് ചട്ടങ്ങളിൽ ഊന്നൽ നൽകിയിട്ടുള്ളത്. സാധാരണക്കാർക്ക് വാസഗൃഹങ്ങൾ നിർമ്മിക്കുമ്പോൾ നേരിടേണ്ടിവരുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പുതിയ ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. 152 വകുപ്പുകളും അവയുടെ ഉപവകുപ്പുകളുമായി പരന്നു കിടക്കുന്ന ഈ ചട്ടങ്ങൾ അവ പാലിക്കാൻ ബാധ്യസ്ഥരായ പൊതുജനങ്ങൾക്കും അവ നടപ്പാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും ആവശ്യാധിഷ്ഠിതമായി മനസ്സിലാക്കുന്നതിന് സഹായകരമാവുക എന്നതാണ് ഈ കുറിപ്പു കൊണ്ട് ഉദ്ദേശിക്കുന്നത്.

## പ്രധാന സവിശേഷതകൾ

ചട്ടങ്ങളുടെ പ്രധാന സവിശേഷതയായി എടുത്തു പറയാവുന്നത് ചെറിയ വാസഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ടു നല്കിയിട്ടുള്ള ഇളവുകളാണ്. ചട്ടങ്ങൾ നടപ്പാക്കുന്നതിന്റെ ആവശ്യത്തിനായി സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളെ രണ്ട് കാറ്റഗറിയായി തരം തിരിച്ചിരിക്കുന്നു. 179 ഗ്രാമ പഞ്ചായത്തുകൾ കാറ്റഗറി Iലും ശേഷിക്കുന്നവ കാറ്റഗറി IIലും ഉൾപ്പെടും. ഓരോ കാറ്റഗറിയിലും ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ പട്ടിക 26.2.2011ൽ ജിഒ(എംഎസ്)64/2011/തസ്വഭവ നമ്പർ ഉത്തരവിലൂടെ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. നഗരവൽക്കരണ സാധ്യതയുടെ പ്രാധാന്യം, നഗരാസൂത്രണ നടപടികളുടെ ആവശ്യകത തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് കാറ്റഗറി Iൽ പെടുന്ന ഗ്രാമപഞ്ചായത്തുകൾ ഏതെന്ന് നിശ്ചയിച്ചിട്ടുള്ളത്. കാറ്റഗറി IIൽ ഉൾപ്പെടുന്ന 799 ഗ്രാമ പഞ്ചായത്തുകളിൽ നടത്തുന്ന കെട്ടിട നിർമ്മാണങ്ങളിൽ ചില നിബന്ധനകൾക്ക് വിധേയമായി വിപുലമായ ഇളവുകൾ നല്കുന്നതിന് ചട്ടം 10(XIII) 10(XIV) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു പ്രകാരം ഒരു കുടുംബത്തിന് താമസിക്കുന്നതിന് വേണ്ടിയുള്ള എല്ലാ വാസഗൃഹ നിർമ്മാണങ്ങൾക്കും ചട്ടങ്ങൾ പ്രകാരമുള്ള കെട്ടിടനിർമ്മാണ പെർമിറ്റ് ആവശ്യമില്ല. മാത്രമല്ല താഴെ പറയുന്ന വിഭാഗത്തിൽപെടുന്ന മറ്റ് നിർമ്മാണങ്ങളെയും കെട്ടിട നിർമ്മാണ പെർമിറ്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. 300 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളതും രണ്ടു നിലകളിൽ കൂടാതെയുമുള്ള എല്ലാ വാസഗൃഹങ്ങൾക്കും അത് ഒരു കുടുംബത്തിനോ ഒന്നിൽ കൂടുതൽ കുടുംബങ്ങൾക്ക് വേണ്ടിയോ ഉള്ളതായാലും പെർമിറ്റ് ആവശ്യമില്ല. ഇപ്രകാരമുള്ള അപ്പാർട്ട്മെന്റുകൾ, ഫ്ളാറ്റുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നതാണ്. ഇതിനു പുറമേ 150 ച.മീ വരെ വിസ് തീർണ്ണവും രണ്ട് നിലകളിൽ കൂടാതെയുമുള്ള ലോഡ്ജുകൾ, സെമിനാരികൾ, കോൺവെന്റുകൾ, അനാഥാലയങ്ങൾ, ടൂറിസ്റ്റ് ഹോമുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ, ഹോസ്റ്റൽ, ഹോട്ടൽ, അങ്കണവാടികൾ, ഡേ കെയർ സെന്റർ, കുട്ടികളുടെ നഴ്സറി, വായനശാല, ഗ്രന്ഥശാല, വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നിവയ്ക്കും പെർമിറ്റ് ആവശ്യമില്ല. 150 ച.മീ വരെ വിസ്തീ ർണ്ണവും രണ്ടു നിലകളിൽ കൂടാതെയുമുള്ള പീടിക മുറികൾ, ഷോപ്പുകൾ, ബാങ്ക്, ക്ലിനിക്, ലബോറട്ടറി, ടൈലർ ഷോപ്പ്, വീഡിയോഷോപ്പ്, ബ്യൂട്ടി പാർലർ, ബാർബർ ഷോപ്പ്, റസ്റ്റാറന്റ്, ഓഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ എന്നിവയേയും പെർമിറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 150 ച.മീ വരെ വിസ്തീർണ്ണമുള്ള പൗൾട്രിഫാം, തൊഴുത്ത്, പരമ്പരാഗത കയർ നിർമ്മാണം, കൈത്തറി യൂണിറ്റ്, കശുവണ്ടി യൂണിറ്റ് എന്നിവയും ഒഴിവാക്കിയവയിൽ ഉൾപ്പെടും. മേൽ പറഞ്ഞതിൽ വിസ്തീർണ്ണം തിട്ടപ്പെടുത്തുന്നത് പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളുടെ എല്ലാ നിലകളിലും കൂടിയുള്ള ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. എന്നിരുന്നാലും സാധാരണക്കാരുടെ ആവശ്യങ്ങൾക്ക് വേണ്ടിവരുന്നതായ ഭൂരിപക്ഷം കെട്ടിടങ്ങളേയും ഒഴിവാക്കിയിരിക്കുന്നു എന്നത് ഏറെ ആശ്വാസദായകമാണ്. ഇപ്രകാരം പെർമിറ്റ് വേണ്ടതിൽ നിന്ന് ഒഴിവാക്കപ്പെട്ടതായ ഏതൊരു നിർമ്മാണവും ആരംഭിക്കുന്നതിന് 10 ദിവസം മുമ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, ഉപയോഗം തുടങ്ങിയ വിശദവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടത്തിൽ അപന്റിക്സ് എ2 ആയി ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ ഒരു അപേക്ഷ തയ്യാറാക്കി ഗ്രാമപഞ്ചായത്തു സെക്രട്ടറിക്ക് നല്കേണ്ടതാണ് അതു ലഭിച്ചാൽ 10 ദിവസത്തിനുള്ളിൽ എന്തെങ്കിലും തടസ്സവാദങ്ങളുണ്ടെങ്കിൽ അത് സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ്. (ചട്ടം 133).

> **ചട്ടങ്ങളുടെ പ്രധാന സവിശേഷതയായി എടുത്തു പറയാവുന്നത് ചെറിയ വാസഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ടു നല്കിയിട്ടുള്ള ഇളവുകളാണ്. ചട്ടങ്ങൾ നടപ്പാക്കുന്നതിന്റെ ആവശ്യത്തിനായി സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളെ രണ്ട് കാറ്റഗറിയായി തരം തിരിച്ചിരിക്കുന്നു. 179 ഗ്രാമ പഞ്ചായത്തുകൾ കാറ്റഗറി Iലും ശേഷിക്കുന്നവ കാറ്റഗറി IIലും ഉൾപ്പെടും.**

ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതും ഏറെ പ്രധാനപ്പെട്ടതുമായ ചില വ്യവസ്ഥകൾ കൂടി ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. മേൽ വിവരിച്ചതായ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് വാങ്ങേണ്ടതില്ല എങ്കിലും നിർമ്മാണം സംബന്ധിച്ച് ചട്ടത്തിലെ ചില പ്രധാന വ്യവസ്ഥകൾ പാലിക്കാതെ പ്രസ്തുത നിർമ്മാണം നടത്തുന്നത് ക്രമവിരുദ്ധമാണെന്നും അത് ഉറപ്പു വരുത്തേണ്ട ചുമതല സ്ഥലം ഉടമയ്ക്കുണ്ടെന്നും ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രകാരം ചട്ടം 26 ലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം. ദേശീയ പാതകൾ, സംസ്ഥാനപാതകൾ, ജില്ലാ റോഡുകൾ, പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റു റോഡുകൾ എന്നിവയുടെ അതിർത്തിയും നിർമ്മാണവും തമ്മിൽ കുറഞ്ഞത് 3 മീറ്റർ അകലം ഉണ്ടായിരിക്കണം. മുറ്റങ്ങൾക്ക് കുറഞ്ഞതു 90 സെന്റീമീറ്റർ കുറയാത്ത വീതിയുണ്ടായിരിക്കണം. എന്നാൽ മുറ്റത്തിന്റെ അതിര് പൊതുവഴിയല്ലെങ്കിൽ അത് 60 സെ.മീ. ആയാലും മതിയാവും. മാത്രമല്ല മറ്റൊരാളുടെ വസ്തുവാണ് അതിരെങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമയുടെ രേഖാമൂലമുള്ള സമ്മതമുണ്ടെങ്കിൽ അതിരിൽ ചേർത്തും കെട്ടിടം പണിയാവുന്നതാണ്. ഇപ്രകാരം പണിയുമ്പോൾ മുറ്റം 90 സെ.മീറ്ററിൽ കുറവാണെങ്കിൽ ജനലോ വാതിലോ ആ വശത്ത് ഉണ്ടാവരുത്. വേണമെങ്കിൽ 2.20 മീറ്റർ ഉയരത്തിൽ വെന്റിലേറ്റർ ആകാവുന്നതാണ്. അതിർത്തിക്ക് വെളിയിലേക്ക് യാതൊന്നും തന്നെ തള്ളി നില്ക്കാനും പാടില്ല. പ്രതിരോധ വകുപ്പു സ്ഥാപനങ്ങൾ, റെയിൽവേ അതിർത്തി, സെക്യൂരിറ്റി സോൺ മുതലായവയോട് ചേർന്നുള്ള നിർമ്മാണത്തിന് നിയമാനുസരണം ബന്ധപ്പെട്ട അധികാരികളിൽ നിന്ന് സമ്മതപത്രം

വാങ്ങുകയും വേണം. [ചട്ടം 133(3)].

ഇവ കൂടാതെ കവറേജ്, ഫ്ളോർ ഏരിയ റേഷ്യോ, പാർക്കിംഗ് സ്ഥലം എന്നിവയിലും കാറ്റഗറി IIൽ പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഇളവു നല്കിയിട്ടുണ്ട്(ചട്ടം 35). ശേഷിക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും കാറ്റഗറി ഭേദമില്ലാതെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഏകീകൃത നിബന്ധനകളാണ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇനി ചട്ടത്തിനെ പൊതുവായി സമീപിക്കാം. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം ഇനി വിവരിക്കുന്ന എല്ലാ കാര്യങ്ങളും കാറ്റഗറി Iൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിരിക്കും എന്നും മേൽ വിവരിച്ച കാര്യങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണങ്ങൾക്കും കാറ്റഗറി IIൽപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിരിക്കും എന്നുമാണ്. ചട്ടങ്ങൾ നടപ്പാക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നത് പ്രധാനമായും നാല് വിഭാഗമാണ്. നിർമ്മാതാവ് അഥവാ അപേക്ഷകൻ, അപേക്ഷ സ്വീകരിക്കാനും ചട്ടം നടപ്പാക്കാനും ബാധ്യതയുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നിർമ്മാതാവിനാവശ്യമായ സാങ്കേതിക സഹായം നല്കുന്ന രജിസ്റ്റേർഡ് ആർക്കിടെക്റ്റ്, ഗ്രാമപഞ്ചായത്ത് എന്നിവയാണ് മുഖ്യ വിഭാഗങ്ങൾ. ഇതിൽ ഓരോരുത്തരുടേയും ചുമതലകളും ഉത്തരവാദിത്വങ്ങളും ചട്ടപ്രകാരം എന്തൊക്കെയാണ് എന്ന് പരിശോധിക്കുന്നതിലൂടെ ചട്ടത്തിന്റെ സങ്കീർണ്ണതയിലേക്ക് ലളിതമായ ഒരു എത്തിനോട്ടം നടത്തുന്നതിന് ശ്രമിക്കാം.

**നിർമ്മാതാവ് അഥവാ അപേക്ഷകൻ**

1. സ്വന്തം ഉടമസ്ഥതയിലുള്ള ഒരു വസ്തുവിൽ കാർഷികാവശ്യത്തിനു വേണ്ടിയല്ലാതെയും കുടുംബാംഗങ്ങൾക്കിടയിൽ വിഭജിച്ചു നല്കുന്ന ആവശ്യത്തിനു വേണ്ടിയല്ലാതെയും ഭൗതികമായ മാറ്റം വരുത്തുന്നതിനും തണ്ണീർത്തടമോ വയലോ നികത്തുന്നതിനും വസ്തുവിനുള്ളിൽ നടപ്പാതയോ നിരത്തോ നിർമ്മിക്കുന്നതിനും അതിനെ സബ്ഡിവിഷൻ ചെയ്യുന്നതിനും കളിസ്ഥലമോ പാർക്കോ ആയി മാറ്റുന്നതിനും മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഒരു ഡവലപ്മെന്റ് പെർമിറ്റ് വാങ്ങിയിരിക്കേണ്ടതാണ്. [ചട്ടം 2 എസി, ചട്ടം 4(1)]

2. സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യുന്നതിന് മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഒരു ബിൽഡിംഗ് പെർമിറ്റ് വാങ്ങിയിരിക്കേണ്ടതാണ് [ച.4(2)]

**സ്ഥലപരമായ ആസൂത്രണത്തെക്കാൾ പൊതുജനങ്ങളുടെ സൗകര്യത്തിനും സുരക്ഷയ്ക്കുമാണ് ചട്ടങ്ങളിൽ ഊന്നൽ നൽകിയിട്ടുള്ളത്. സാധാരണക്കാർക്ക് വാസഗൃഹങ്ങൾ നിർമ്മിക്കുമ്പോൾ നേരിടേണ്ടി വരുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പുതിയ ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്.**

3. നിലവിലുള്ള ഒരു കെട്ടിടത്തിന്റെ ഉപയോഗം ചട്ടം 34ൽ വിവരിച്ചിട്ടുള്ള ഒരു ഉപയോഗ ഗ്രൂപ്പിൽ നിന്നും മറ്റൊരു ഉപയോഗ ഗ്രൂപ്പിലേക്ക് മാറ്റുന്നതിന് മുമ്പായി ഗ്രാമപഞ്ചായത്തു സെക്രട്ടറിയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് വാങ്ങിയിരിക്കേണ്ടതാണ്. [ച.4(3)].

4. തന്റെ ഭൂമിയിൽ ഒരു മതിൽ നിർമ്മിക്കുന്നുവെങ്കിൽ പ്രസ്തുത മതിൽ ഒരു റോഡിനോ സ്വകാര്യ നിരത്തിനോ ഒന്നിൽകൂടുതൽ വസ്തുക്കളിലേക്ക് പോകുന്നതിനുള്ള വഴിയോടോ അഭിമുഖമായിരിക്കുന്നുവെങ്കിൽ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് വാങ്ങേണ്ടതാണ്. (ച.87)

5. കിണർ നിർമ്മാണത്തിന് മുൻകൂർ അനുമതി വാങ്ങിയിരിക്കണം. (ച.91)

6. ചട്ടവിരുദ്ധമായി തയ്യാറാക്കപ്പെട്ട ഒരു പ്ലാനും അപേക്ഷയും ഗ്രാമപഞ്ചായത്തു സെക്രട്ടറിയിൽ നിന്നും അംഗീകരിച്ചു കിട്ടിയെങ്കിൽ പോലും ചട്ടവിരുദ്ധമായ ഒരു നിർമ്മാണം നടത്തുന്നതിനെ അതു സാധൂകരിക്കുകയില്ല. [ച.22(1)]

7. നിർമ്മാണ പ്രവൃത്തി നടത്തുന്ന സ്ഥലത്ത് രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും ഇടയിലായി സെക്രട്ടറിയോ സർക്കാരോ ചുമതലപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും കടന്നു ചെല്ലാനും നിർമ്മാണം ചട്ടപ്രകാരം നടക്കുന്നു എന്ന് ഉറപ്പുവരുത്താനും ഉടമസ്ഥൻ അനുവദിക്കേണ്ടതാണ്. [ച.22(2)]. പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളതായ എല്ലാ രേഖകളും അനുബന്ധങ്ങളും ഹാജരാക്കേണ്ടതാണ്. (ച. 5,6,7, 12)

8. അനുമതി ലഭിച്ചു കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കുന്നതു സംബന്ധിച്ച വിവരം നിശ്ചിത ഫോറത്തിൽ സെക്രട്ടറിയെ അറിയിക്കണം. (ച.22).

9. പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ നിശ്ചിത ഫോറത്തിൽ പൂർത്തീകരണ സാക്ഷ്യപത്രം സെക്രട്ടറിക്ക് നല്കണം. (ച.22)

10. ഭൂവികസനം പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചാൽ നിശ്ചിത ഫോറത്തിൽ ഡവലപ്മെന്റ് സർട്ടിഫിക്കറ്റ് സെക്രട്ടറിയിൽ നിന്നും വാങ്ങണം. (ച.22).

12. പണിപൂർത്തീകരിച്ചു കഴിഞ്ഞാൽ അതിന്റെ ഉപയോഗം ആരംഭിക്കുന്നതിന് മുമ്പായി നിശ്ചിത ഫോറത്തിൽ സെക്രട്ടറിയിൽ നിന്നും ഓക്കുപൻസി സർട്ടിഫിക്കറ്റ് വാങ്ങണം. (ച.22)

13. ഒരു പെർമിറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ അവശിഷ്ടങ്ങളും പാഴ്വസ്തുക്കളും പരിസരത്ത് നിന്നും എത്രയും വേഗം നീക്കം ചെയ്യണം. (ച.22)

14. നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കുകയും അധികാര സ്ഥാനങ്ങൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കുകയും ചെയ്യണം. (ച.22).

15. നിർമ്മാണ സ്ഥലത്ത് ആർക്കും കാണാവുന്ന തരത്തിൽ പെർമിറ്റും അംഗീകൃത പ്ലാനും പ്രദർശിപ്പിച്ചിരിക്കണം. (ച.22).

16. നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കോ പൊതുജനങ്ങൾക്കോ ജീവാപായം വരാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും ചെയ്തിരിക്കണം. (ച.22).

17. സമീപത്തുള്ള വസ്തുവകകൾക്ക് കേടുപാടോ നാശനഷ്ടമോ വരാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും ഉറപ്പു വരുത്തണം. (ച.22)

18. നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മറ്റൊരാളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നുവെങ്കിൽ ആ വിവരം ഉടമ്പടിയുടെ പകർപ്പു സഹിതം ഏഴു ദിവസത്തിനുള്ളിൽ സെക്രട്ടറിയെ അറിയിച്ചിരിക്കണം. (ച.22).

19. റിയൽ എസ്റ്റേറ്റു സംബന്ധിച്ച് എന്തെങ്കിലും പരസ്യം വെബ്സൈറ്റിലോ ദൃശ്യമാധ്യമങ്ങളിലോ അച്ചടി മാധ്യമങ്ങളിലോ നല്കുന്ന പക്ഷം ചട്ടം 22(7) ഡി.ഇ എന്നിവയിൽ പറയുന്ന പ്രകാരമുള്ള എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കണം. (ച.22).

20. പെർമിറ്റ് ലഭിച്ചശേഷം പ്രവൃത്തി എല്ലാ വിധത്തിലും പൂർത്തീകരിക്കുന്നതിന് മുമ്പായി പ്രസ്തുത സ്ഥലം വില്പന നടത്തുന്ന പക്ഷം അക്കാര്യം രേഖാമൂലം സെക്രട്ടറിയെ അറിയിക്കണം. വാങ്ങുന്നയാൾ പ്രവൃത്തി തുടങ്ങുന്നതിന് മുമ്പായി സെക്രട്ടറിയിൽനിന്നും രേഖാമൂലമുള്ള പെർമിറ്റ് വാങ്ങിയിരിക്കണം. ആയതിന് വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ നിശ്ചിത കോർട്ട് ഫീസ് പതിച്ച് ബന്ധപ്പെട്ട രേഖകളും 25 രൂപാ ഫീസും സഹിതം സെക്രട്ടറിക്ക് നല്കേണ്ടതാണ്. (ച.24).

21. പ്രവൃത്തി എല്ലാ വിധത്തിലും പൂർത്തീകരിക്കുന്നതിന് മുമ്പായി ഉപയോഗം തുടങ്ങണമെന്ന് നിശ്ചയിക്കുന്നുവെങ്കിൽ അക്കാര്യം കാണിച്ച് സെക്രട്ടറിക്ക് അപേക്ഷ നല്കേണ്ടതും സെക്രട്ടറി അക്കാര്യം പരിശോധിക്കുകയും ഉപയോഗം തുടങ്ങുന്നത് ഒരു തരത്തിലും അപായകരമല്ലെന്ന് ബോധ്യപ്പെട്ടാൽ ഭാഗികമായി നിർമ്മാണം പൂർത്തിയായ ഭാഗത്തിന് മാത്രമായി ഓക്കുപൻസി സർട്ടിഫിക്കറ്റ് നല്കുന്നതുമാണ്. [ച.25(4)]

22. നാലുനിലയിൽ കൂടുതലോ 15 മീറ്ററിൽ അധികം ഉയരമോ ഉള്ള കെട്ടിടം നിർമ്മിക്കുമ്പോൾ ലൈസൻസ് പ്രകാരമുള്ള പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി അതിന്റെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനായി ക്ഷമതയുള്ളതും ഈ ചട്ടങ്ങൾ പ്രകാരം നഗരകാര്യ ഡയറക്ടറിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമായ ഒരാളെ ഉടമസ്ഥൻ മുഴുവൻ സമയമേൽനോട്ടക്കാരനായി നിയമിക്കേണ്ടതും അപ്രകാരമുള്ള നിയമനം സംബന്ധിച്ച് സെക്രട്ടറിയെ വിവരം അറിയിക്കേണ്ടതുമാണ്. നിയമന തീയതി, അയാളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുണ്ടെന്ന് തെളിയിക്കുന്ന രേഖ, പ്രസ്തുത നിയമനം നിയമിക്കപ്പെട്ടയാൾ അംഗീകരിച്ചു എന്നതിന് അദ്ദേഹത്തിന്റെ ഒപ്പോടുകൂടിയ സമ്മതപത്രം എന്നിവ സഹിതമാണ് സെക്രട്ടറിക്ക് അറിയിപ്പ് നല്കേണ്ടത്. ഇപ്രകാരം നിയമിച്ച സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിലല്ലാതെ യാതൊരുവിധ പ്രവർത്തനവും നടത്താൻ പാടില്ല. മാത്രമല്ല ഏതെങ്കിലും അവസരത്തിൽ സൂപ്പർവൈസറെ മാറ്റി നിയമിക്കുന്നുവെങ്കിൽ അക്കാര്യവും ഉടൻതന്നെ മേൽ വിവരിച്ച പ്രകാരത്തിൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. മറ്റേതെങ്കിലും ഏജൻസി വഴിയോ വ്യക്തികൾ വഴിയോ ആണ് നിർമ്മാണം/വികസനം നടത്തുന്നതെങ്കിൽ ഉടമ്പടി പ്രകാരമുള്ള പ്രസ്തുത ഏജന്റിന് ഇപ്രകാരമുള്ള ചുമതല നിർവ്വഹിക്കുവാൻ ബാധ്യതയുണ്ടായിരിക്കും. (ച.116)

**അപേക്ഷ സെക്രട്ടറിക്ക് സമർപ്പിച്ച തീയതി മുതലോ, അപേക്ഷയിന്മേൽ അധികമായ എന്തെങ്കിലും രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട പ്രകാരം അത് ഹാജരാക്കിയ തീയതി മുതലോ 30 ദിവസത്തിനുള്ളിൽ അപേക്ഷ നിരസിക്കുകയോ അനുവദിക്കുകയോ ചെയ്തുകൊണ്ട് സെക്രട്ടറി ഉത്തരവ് നല്കേണ്ടതാണ്.**

23. ടെലിക്കമ്മ്യൂണിക്കേഷൻ ടവറിന്റെ നിർമ്മാണത്തിൽ പ്രസ്തുത ടവറിന്റെയും അതു നിർമ്മിക്കുന്ന കെട്ടിടത്തിന്റെയും ഘടനാപരമായ ഉറപ്പിനും സുരക്ഷിതത്വത്തിനുമുള്ള മുൻകരുതലിലെ വീഴ്ചമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും അപേക്ഷകനായ ഉടമസ്ഥന് ബാധ്യതയുണ്ടായിരിക്കും. (ച.126)

24. സെക്രട്ടറിയിൽ നിന്നും നിയമാനുസരണമുള്ള ഒരു പെർമിറ്റ് വാങ്ങാതെയോ, പെർമിറ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടോ, സെക്രട്ടറി നിയമാനുസരണം നല്കിയ നിർദ്ദേശം പാലിക്കാതെയോ ഒരു നിർമ്മാണമോ, പുനർ നിർമ്മാണമോ, കിണർ കുഴിക്കലോ നടത്തുന്നുവെങ്കിൽ കെട്ടിടത്തിന്റെ കാര്യത്തിൽ പതിനായിരം രൂപവരെയും കിണറിന്റെ കാര്യത്തിൽ ആയിരം രൂപ വരെയും തുടർകുറ്റത്തിന് യഥാക്രമം ആയിരം രൂപയും ഇരുനൂറ്റി അമ്പതു രൂപയും പ്രതിദിനവും, ക്ഷമതയുള്ള ഒരു കോടതിയിൽ കുറ്റസ്ഥാപനം ചെയ്യുന്നുവെങ്കിൽ പിഴ ശിക്ഷ വിധിക്കാവുന്ന കുറ്റമാണ്. മാത്രമല്ല നിയമാനുസരണമുള്ള നിലവാരമില്ലാതെയോ, നിയമാനുസരണം നല്കിയ നിർദ്ദേശത്തിലെ വ്യവസ്ഥകൾ പാലിക്കാതെയോ ഒരു നിർമ്മാണം നടത്തുകയും അത് പൊതു സുരക്ഷയ്ക്കും മനുഷ്യജീവനും ഭീഷണിയായി മാറുകയും ചെയ്യുന്നുവെങ്കിൽ കോടതിയുടെ കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷം വരെ തടവു ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. (ച.150)

25. അപേക്ഷ സെക്രട്ടറിക്ക് സമർപ്പിച്ച തീയതി മുതലോ, അപേക്ഷയിന്മേൽ അധികമായ എന്തെങ്കിലും രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട പ്രകാരം അത് ഹാജരാക്കിയ തീയതി മുതലോ 30 ദിവസത്തിനുള്ളിൽ അപേക്ഷ നിരസിക്കുകയോ അനുവദിക്കുകയോ ചെയ്തുകൊണ്ട് സെക്രട്ടറി ഉത്തരവ് നല്കേണ്ടതാണ്.(ച.15). ഇപ്രകാരം യാതൊരു വിവരവും നിശ്ചിത ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ അപേക്ഷകൻ ഇക്കാര്യങ്ങൾ കാണിച്ച് പഞ്ചായത്ത് മുമ്പാകെ രേഖാമൂലം അപേക്ഷ നല്കണം. അപ്രകാരം അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ അനുമതി നല്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ പഞ്ചായത്തിന് ബാധ്യതയുണ്ട്. (ച.16). ഇപ്രകാരം യാതൊരു അറിയിപ്പും പഞ്ചായത്തിൽ നിന്നും ലഭിക്കാത്തപക്ഷം നിശ്ചിത ദിവസം കഴിയുന്നതോടെ അപേക്ഷകൻ ആവശ്യപ്പെട്ട അനുമതി ലഭിച്ചു എന്ന പ്രകാരം പ്രവൃത്തിയുമായി മുന്നോട്ടുപോകാവുന്നതാണ്. എന്നാൽ അപ്രകാരം പ്രവൃത്തി നടത്തുമ്പോൾ ചട്ടങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ ഉടമയ്ക്ക് ബാധ്യതയുണ്ട്. [ച.16(2)].

26. ഇക്കാര്യങ്ങൾ സംബന്ധിച്ച് സെക്രട്ടറി പുറപ്പെടുവിച്ച ഒരു ഉത്തരവിനെതിരെ, പ്രസ്തുത ഉത്തരവിനാൽ കഷ്ടനഷ്ടങ്ങൾ നേരിടേണ്ടി വരുന്ന ഏതൊരു പൗരനും കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 271 എസ് വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബൂണൽ മുമ്പാകെ അപ്പീൽ ഹർജി സമർപ്പിക്കാവുന്നതാണ്.

മേൽ വിവരിച്ചതിൽ നിന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഉടമസ്ഥന്റെ ചുമതലകളും ഉത്തരവാദിത്തവും എത്ര വിപുലമാണെന്നും പ്രാധാന്യമുള്ളതാണെന്നും ബോധ്യപ്പെടുന്നതാണ്. ചട്ടം നടപ്പാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന അടുത്ത വിഭാഗം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ്. ഇനി അവരുടെ ചുമതലകളും ഉത്തരവാദിത്തവും എന്തൊക്കെയെന്ന് പരിശോധിക്കാം. ■

*(തുടരും)*

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ ഭരണവിഭാഗം ജോയിന്റ് ഡയറക്ടറാണ്.*

# രാജീവ് ആവാസ് യോജന

## ചേരി രഹിത നഗരാസൂത്രണ പരിപാടി



ഫിലിപ്പ് മാത്യു


'ചേരി രഹിത ഇന്ത്യ' എന്ന ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് രാജീവ് ആവാസ് യോജന. ചേരി രഹിത നഗരം എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിലവിലുള്ള ചേരികളെ നഗരത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന തരത്തിൽ നഗരവികസനം ആസൂത്രണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സമയബന്ധിത കർമ്മപരിപാടിയാണിത്. പാർപ്പിടം, മറ്റ് സാമൂഹ്യവും അല്ലാതെയുമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വികസനത്തിലൂടെയും പുനരുദ്ധാരണത്തിലൂടെയും നഗര ചേരികളെ മൊത്തം നഗരവികസനത്തിന്റെ ഭാഗമാക്കി വികസിപ്പിക്കുകയാണിവിടെ ചെയ്യുന്നത്.

നഗര പ്രദേശത്തെ മറ്റിടങ്ങളിൽ വികസനത്തിന്റെ ഭാഗമായി ലഭ്യമാകുന്ന അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നിലവിലുള്ള ചേരി നിവാസികൾക്കും ഒരുക്കിക്കൊടുക്കുന്നതിനായി അവയെ ഇന്നത്തെ ഔദ്യോഗിക നഗരവ്യവസ്ഥയ്ക്കുള്ളിൽ ഉൾപ്പെടുത്തുക, നഗരചേരികളുടെ സൃഷ്ടിയെയും വളർച്ചയെയും സഹായിക്കുന്ന ഇന്നത്തെ ഔദ്യോഗിക നഗര വ്യവസ്ഥിതിയുടെ പരാജയം മാറ്റിയെടുക്കുക, നഗര ചേരിനിവാസികളെ തങ്ങളുടെ തൊഴിലും ഉപജീവനവും നിലനിർത്തുന്നതിലേക്ക് വേണ്ട നിയമപരിരക്ഷ ആർജ്ജിക്കുന്നതിന് സഹായിക്കുക, നഗരത്തിലെ പാവപ്പെട്ടവർക്ക് അപ്രാപ്യമായ തരത്തിൽ ഇന്ന് നിലനിൽക്കുന്ന നഗര ഭൂമിയിൻമേലും പാർപ്പിടങ്ങളിലും അവർക്കുള്ള ഉടമസ്ഥാവകാശത്തിലുള്ള കുറവ് പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ബഹുമുഖ സമീപനങ്ങളോടെ നഗര ചേരികളുടെ പ്രശ്നങ്ങൾ സമ്പൂർണ്ണമായും കൃത്യമായും പരിഹരിക്കുക എന്നതാണ് രാജീവ് ആവാസ് യോജന പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിലൂടെ ഇന്നു നിലവിലുള്ള നഗരവികസന നയത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരികയും നഗര വികസനപ്രക്രിയ എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യനീതി പുലർത്തുന്നതും ആക്കിമാറ്റുകയും ചെയ്യുന്നു.

ഈ പദ്ധതിയുടെ പ്രാരംഭമെന്ന നിലയിൽ അതത് സംസ്ഥാനങ്ങൾ ചേരിരഹിത നഗരാസൂത്രണത്തിനായുള്ള കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്. ഇതിനായി നിലവിലുള്ളതും അടുത്ത 20 വർഷത്തിനുള്ളിൽ ചേരികളായി മാറാൻ സാധ്യതയുള്ള സ്ഥലങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ചേരികളുടെ നിജസ്ഥിതി ക്രോഡീകരിക്കുന്നതിനായി വിശദമായ സാമൂഹ്യ-ഭൗതിക സർവ്വേകളും മാപ്പിങ്ങും നടത്തുക, വിശദമായ വികസന പരിപാടികളും പദ്ധതി നിർദ്ദേശങ്ങളും കരുപിടിപ്പിക്കുക, ഇതിലേക്കാവശ്യമായ രീതിയിലുള്ള നിയമനിർമ്മാണവും നയരൂപവൽക്കരണവും നടത്തുക എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളാണ്.

ഈ പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനമായ ചേരിരഹിത നഗര ആസൂത്രണ കർമ്മപരിപാടി തയ്യാറാക്കുന്ന പ്രക്രിയ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സംസ്ഥാനസർക്കാർ കുടുംബശ്രീമിഷനെ ചുമതലപ്പെടുത്തുകയും ആരംഭപ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

അതത് നഗരസഭകൾ നിർദ്ദേശിക്കുന്ന ചേരികളെ ചേരികളുടെ നിർവ്വചനത്തിന് അനുസൃതമായി പരിശോധിച്ച് നഗരസഭകളുടെ സഹായത്തോടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുക, പ്രസ്തുത ചേരികളുടെ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തി ലഭ്യമാകുന്ന വിവരങ്ങൾ കേന്ദ്ര തലത്തിൽ രൂപപ്പെടുത്തിയിട്ടുള്ള എം.ഐ.എസ്. വിവര ശേഖരണത്തിൽ കണ്ണിചേർക്കുക, ചേരികളുടെ വിശദമായ ഭൗതിക സർവ്വേകൾ, ടോട്ടൽ സ്റ്റേഷൻ സർവ്വേ, ജിയോ ഇൻഫർമാറ്റിക്സ് എന്നിവയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സാമൂഹ്യ സർവ്വേ എം.ഐ.എസ്സുമായി ഒത്തുചേർത്ത് ചേരികളുടെ വികസന ആവശ്യങ്ങൾ കണ്ടുപിടിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഉണ്ടാക്കിയെടുക്കുക എന്നിവയാണ് ഈ കർമ്മ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.




*നഗരങ്ങളിൽ നടപ്പാക്കുന്ന രാജീവ് ആവാസ് യോജന പദ്ധതിയെക്കുറിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് വിശദീകരിക്കുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദ മുരളീധരൻ, ഡയറക്ടർ പി. മനോഹരൻ എന്നിവർ സമീപം.*

**ഈ പദ്ധതിയുടെ പ്രാരംഭമെന്ന നിലയിൽ അതത് സംസ്ഥാനങ്ങൾ ചേരി രഹിത നഗരാസൂത്രണത്തിനായുള്ള കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്. ഇതിനായി നിലവിലുള്ളതും അടുത്ത 20 വർഷത്തിനുള്ളിൽ ചേരികളായി മാറാൻ സാധ്യതയുള്ള സ്ഥലങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ചേരികളുടെ നിജസ്ഥിതി ക്രോഡീകരിക്കുന്നതിനായി വിശദമായ സാമൂഹ്യ – ഭൗതിക സർവ്വേകളും മാപ്പിങ്ങും നടത്തുക, വിശദമായ വികസന പരിപാടികളും പദ്ധതി നിർദ്ദേശങ്ങളും കരുപിടിപ്പിക്കുക, ഇതിലേക്കാവശ്യമായ രീതിയിലുള്ള നിയമനിർമ്മാണവും നയരൂപവൽക്കരണവും നടത്തുക എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളാണ്.**



*രാജീവ് ആവാസ് യോജനയെ സംബന്ധിച്ച് തിരുവനന്തപുരത്ത് നടന്ന ചർച്ചാ സമ്മേളനത്തിൽ പങ്കെടുക്കുന്ന വിവിധ നഗരസഭകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും.*

ഇതിലേക്ക് നഗരസഭകളെ സഹായിക്കുന്നതിന് സാമൂഹ്യ-സാങ്കേതിക തലങ്ങളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തികൊണ്ട് അതത് നഗരസഭകളിൽ നഗരതല സാങ്കേതിക സെൽ രൂപീകരിക്കുന്നുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ കോർപ്പറേഷനുകളിലെ മേയർമാർ, സെക്രട്ടറിമാർ, ആർ.എ.വൈ ടീം അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 2011 ഏപ്രിൽ മാസം 27-ാം തീയതി തിരുവനന്തപുരത്ത് കൂടിയ ചർച്ചാ സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ എന്നിവരുടെ നേതൃത്വത്തിൽ അവതരിപ്പിക്കുകയും അതത് കോർപ്പറേഷനുകളിൽ ഉടൻ തന്നെ പദ്ധതി ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ■

*ലേഖകൻ കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനിൽ സോഷ്യൽ ഡെവലപ്മെന്റ് ഓഫീസറാണ്.*

പഞ്ചായത്ത് രാജ്



# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 14

# സാംഖ്യ ഇപ്പോൾ ഓൺലൈൻ

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്തു. ഇതനുസരിച്ചുള്ള അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നത് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സാംഖ്യ – പഞ്ചായത്ത് ഡബിൾ എൻട്രി അക്കൗണ്ടിംഗ്' ആപ്ലിക്കേഷൻ ഉപയോഗിച്ചാണ്.

പടിപടിയായി ഈ സമ്പ്രദായം 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ പഞ്ചായത്തുകളിലാണ് ആദ്യമായി നടപ്പാക്കിയത്. നേമം ബ്ലോക്ക് പഞ്ചായത്തിലേയും മാറനല്ലൂർ, ബാലരാമപുരം, പള്ളിച്ചൽ, മലയിൻകീഴ്, വിളപ്പിൽ, വിളവൂർക്കൽ, കല്ലിയൂർ ഗ്രാമപഞ്ചായത്തുകളിലേയും സെക്രട്ടറിമാർ, സൂപ്രണ്ട്/ഹെഡ് ക്ലാർക്കുമാർ, അക്കൗണ്ടന്റുമാർ അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട മറ്റ് രണ്ട് ക്ലാർക്കുമാർ എന്നിവർക്ക് ഒന്നാം ഘട്ടത്തിൽ പരിശീലനം നൽകി. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം തന്നെ സാംഖ്യ വിന്യസിച്ചിരുന്ന കരകുളം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിക്കും ജീവനക്കാർക്കും ഉടൻതന്നെ പരിശീലനം നൽകി. സാംഖ്യ അവിടേയും പ്രവർത്തനക്ഷമമാക്കുന്നതാണ്. സെക്രട്ടറിമാർക്ക് രണ്ടു ദിവസവും മറ്റു ജീവനക്കാർക്ക് ആറു ദിവസവുമാണ് പരിശീലനം. ഇൻഫർമേഷൻ കേരള മിഷനിലെ കംപ്യൂട്ടർ ലാബിലാണ് പരിശീലനം നൽകിയത്.

ഓരോ ബാച്ചിന്റെയും ആദ്യത്തെ ക്ലാസ് കൈകാര്യം ചെയ്തുകൊണ്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻപിള്ള പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. തുടർന്നുള്ള ക്ലാസുകൾ ഉദയഭാനു കണ്ടേത്ത്, രാജഗോപാലൻ (മാസ്റ്റർ ട്രെയിനർ), മറ്റു മാസ്റ്റർ ട്രെയിനർമാർ എന്നിവർ കൈകാര്യം ചെയ്തു.

തുടർന്ന്, നേമം ബ്ലോക്ക് പഞ്ചായത്തിലും മറ്റു ഏഴ് ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ ആപ്ലിക്കേഷൻ വിന്യസിച്ചു. ഫ്രണ്ട് ഓഫീസിൽ പണം സ്വീകരിക്കുന്ന വ്യക്തി(കാഷ്യർ), അക്കൗണ്ടന്റ്, സെക്രട്ടറി, ഡിമാന്റ് ജനറേറ്റ് ചെയ്യുന്ന വ്യക്തി/വ്യക്തികൾ എന്നിവർക്കും കംപ്യൂട്ടർ ഉണ്ടെന്നും, ഈ കംപ്യൂട്ടറുകൾ സെർവറുമായി നെറ്റവർക്ക് ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തി. 'സാംഖ്യ'യും 'സുചികയും' തമ്മിൽ ബന്ധിപ്പിച്ച് പണം സ്വീകരിച്ചതിനുള്ള രസീതും അപേക്ഷ സ്വീകരിച്ചതിനുള്ള കൈപ്പറ്റ് രസീതും നൽകുന്നതിനുള്ള പ്രിന്റർ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചു. ഇതിനു പുറമേ ദിവസേന സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റ് ഔട്ട് എടുക്കുന്നതിനുള്ള പ്രിന്റർ അക്കൗണ്ടന്റിനും ലഭ്യമാക്കി.

എട്ട് പഞ്ചായത്തുകളിലും ഇൻഫർമേഷൻ കേരളമിഷന്റെ ഡെപ്യൂട്ടി ഡയറക്ടർ ടി.പി. സുധാകരനും ഉദയഭാനു കണ്ടേത്തും ഉൾപ്പെടെയുള്ള ടീം സന്ദർശനം നടത്തുകയും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ പങ്കെടുത്ത യോഗം നടത്തുകയും ചെയ്തു. എല്ലാ പഞ്ചായത്തുകളിലും കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുള്ള എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു. 'സാംഖ്യ', സുഗമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് അക്കൗണ്ടന്റിന്റെ ചുമതലയായി നിശ്ചയിച്ചു. വസ്തു നികുതി അസസ്മെന്റ്–ഡിമാന്റ് രജിസ്റ്റർ 'സഞ്ചയ' ആപ്ലിക്കേഷൻ ഉപയോഗിച്ച് ഡാറ്റാ എൻട്രി ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സൂപ്രണ്ട്/ഹെഡ്ക്ലാർക്കിന് ആയിരിക്കുമെന്നും നിശ്ചയിച്ചു. സഞ്ചയ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, കളക്ഷൻ പോസ്റ്റിംഗ് എന്നിവ പൂർത്തിയാക്കി രണ്ടുമാസത്തിനകം 'സഞ്ചയ' ഡേറ്റാബേസ് തയ്യാറാക്കി പ്രവർത്തനക്ഷമമാക്കാനും തീരുമാനമായി. ഡിമാന്റ് രജിസ്റ്റർ കൈകാര്യം ചെയ്യുന്ന ജീവനക്കാരായിരിക്കും വെരിഫിക്കേഷൻ നടത്തുക. ഡാറ്റാ എൻട്രി ചെയ്യുന്നതിന് കുടുംബശ്രീ/അക്ഷയ സംവിധാനത്തിന്റെ സേവനം ഉപയോഗപ്പെടുത്തും.

സാംഖ്യ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ആദ്യപടിയായി അതത് പഞ്ചായത്തിലെ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സാംഖ്യ ഡാറ്റാബേസിൽ ഉൾപ്പെടുത്തി. തുടർന്ന്, ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടേയും കാഷിന്റേയും 31.3.2011ലെ ബാലൻസ് ഉൾപ്പെടുത്തി ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കി. ഇതിനു പുറമേ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.2011ന് ലഭിക്കാനുള്ള താഴെ പറയുന്ന തുകകൾ കൂടി ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി.

1. വസ്തു നികുതി (കുടിശ്ശിക)
2. വസ്തു നികുതി (തന്നാണ്ട്)
3. തൊഴിൽ നികുതി – ട്രേഡേഴ്സ് (കുടിശ്ശിക)
4. തൊഴിൽ നികുതി – ട്രേഡേഴ്സ് (തന്നാണ്ട്)
5. പരസ്യ നികുതി – (കുടിശ്ശിക)
6. പരസ്യ നികുതി – (തന്നാണ്ട്)
7. കെട്ടിടങ്ങളുടെ വാടക (തന്നാണ്ട്)
8. ഭൂമി വാടക (തന്നാണ്ട്)

ഇതിനുപുറമേ മുൻകൂർ ആയി ലഭിച്ച ഡി&ഒ ലൈസൻസ് ഫീസ്, പി.എഫ്.എ ലൈസൻസ് ഫീസ്, ലേലം നടത്തി മുൻകൂർ ആയി ലഭിച്ച മാർക്കറ്റ് ഫീസ്, ബസ് സ്റ്റാൻഡ് ഫീസ്, പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഫീസ്, പാർക്കിംഗ് ഏരിയ ഫീസ്, തേങ്ങ/മാങ്ങ തുടങ്ങിയ ഉല്പന്നങ്ങളുടെ കുത്തകവരവ് തുടങ്ങിയവ ബാദ്ധ്യതയായി ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി.

സാംഖ്യ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കുന്നത് എളുപ്പമാണ്. വിവിധ രേഖകളിൽ നിന്ന് ലഭിക്കാനുള്ള തുകകൾ, നൽകാനുള്ള തുകകൾ, ഇ എം എസ് ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടിയുള്ളതുൾപ്പെടെയുള്ള വായ്പകൾ, കെട്ടിടം–റോഡ് തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ തുടങ്ങിയവയുടെ വിവരം കുറിച്ചെടുക്കുക. ഓപ്പണിംഗ് ബാലൻസ് സ്ക്രീൻ എടുക്കുക. 'ബാദ്ധ്യത' അഥവാ 'ആസ്തി' എന്ന കോളത്തിൽ 'സാംഖ്യ'യിൽ എന്റർ ചെയ്യുക. 'ബാലൻസ് ഷീറ്റ്' എന്ന റിപ്പോർട്ട് ക്ലിക്ക് ചെയ്ത് 31.3.2011ലെ ഓപ്പണിംഗ് ബാലൻസ് ഷീറ്റിന്റെ പ്രിന്റ് ഔട്ട് എടുക്കാം.

ആസ്തി രജിസ്റ്ററുകൾ പ്രകാരമുള്ള സ്ഥാവര–ജംഗമ സ്വത്തുക്കളുടെ വിവരം നേരത്തേ തന്നെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സചിത്ര ആപ്ലിക്കേഷൻ ഉപയോഗിച്ച് കംപ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ കൃത്യമായ പരിശോധനയ്ക്കു വിധേയമാക്കി അവയുടെ നിർമ്മാണച്ചെലവ്/വില 'സചിത്ര' യിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ 31.03.2011 ലെ ഓപ്പണിംഗ് ബാലൻസ് ഷീറ്റ് എല്ലാ പഞ്ചായത്തുകളിലും പൂർത്തിയാക്കാനാവും.

പൂർണ്ണമായ ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടില്ലെങ്കിലും സാംഖ്യ പ്രവർത്തന സജ്ജമാക്കുന്നതിന് 31.03.2011ലെ കാഷ്/ബാങ്ക് ബാലൻസുകളും മാർച്ച് 2011ലെ ശമ്പളം ഉൾപ്പെടെ ലഭിക്കാനും നൽകാനുമുള്ള തുകകളും ഉൾപ്പെടുത്തിയാൽ മതി. ബാക്കി വിവരങ്ങൾ ക്രമേണ ഉൾപ്പെടുത്തിയാൽ മതിയാവും.

തുടർന്ന് അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ രേഖപ്പെടുത്തുന്നു. ഇതിന് 31.03.2011ലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തന്നാണ്ടിലെ ഡിമാന്റ് അടിസ്ഥാനമായി സ്വീകരിക്കാം. തുടർന്ന് ജേണൽ വൗച്ചർ ഉപയോഗിച്ച് വർദ്ധനവോ കുറവോ രേഖപ്പെടുത്താവുന്നതാണ്. വസ്തുനികുതി, തൊഴിൽ നികുതി- ട്രേഡേഴ്സ്, പരസ്യ നികുതി, ഭൂമി വാടക, കെട്ടിടം വാടക, ഡി&ഒ ലൈസൻസ് ഫീസ്, പി.എഫ്.എ ലൈസൻസ് ഫീസ്, ലേലം അടിസ്ഥാനത്തിൽ ലഭിക്കാനുള്ള മാർക്കറ്റ് – ബസ് സ്റ്റാന്റ്-കംഫർട്ട് സ്റ്റേഷൻ-പാർക്കിംഗ് ഏരിയ-ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വരവ് എന്നിവയാണ് അക്രൂവൽ വരുമാനമായി ഉൾപ്പെടുത്തേണ്ടത്. ഇവ സംബന്ധിച്ച് തന്നാണ്ടിൽ വരുമാനമായി ലഭിക്കേണ്ട ഓരോ തുകയും വരുമാനമായും തുല്യതുക 'ലഭിക്കാനുള്ളത്' എന്ന പേരിൽ ആസ്തിയായും ജേണൽ വൗച്ചറിൽ എന്റർ ചെയ്യുന്നു. മുൻകൂർ ആയി 2010–11 അവസാനം വല്ല തുകകളും ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കും. അക്രൂവൽ വിവരം സാംഖ്യയിൽ രേഖപ്പെടുത്തിക്കഴിഞ്ഞ ഉടനെ മുൻകൂർ ആയി ലഭിച്ച തുക, അതു സംബന്ധിച്ച് ലഭിക്കാനുള്ള തുകയ്ക്കെതിരെ ജേണൽ എൻട്രി വഴി ക്രമീകരിക്കുന്നു. തുടർന്ന് കാഷ് ആയോ ചെക്ക് ആയോ ബന്ധപ്പെട്ടവർ തന്നാണ്ടിൽ പണം നൽകുമ്പോൾ വിവരം രസീത് വൗച്ചർ വഴി രേഖപ്പെടുത്തുന്നു. ഇപ്രകാരം രേഖപ്പെടുത്തുന്ന തുകകൾ സ്വീകരിക്കുന്നത് 'ലഭിക്കാനുള്ള തുകകൾ' എന്ന ഹെഡിൽ ആയിരിക്കും. ഉദാഹരണമായി വസ്തു നികുതി കാഷ് ആയോ ചെക്ക് ആയോ ലഭിച്ചാൽ രസീത് നൽകുന്നത് 'കിട്ടാനുള്ള വസ്തു നികുതി' എന്ന പേരിലായിരിക്കും. ഉടൻതന്നെ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള വസ്തുനികുതി അത്രകണ്ട് കുറയും. സഞ്ചയ ഡാറ്റാബേസ് തയ്യാറാണെങ്കിൽ അതേസമയം തന്നെ നികുതിദായകന്റെ അക്കൗണ്ടിലെ ഡിമാന്റിലും കുറവുവരും.

ഏതു ദിവസമാണോ സാംഖ്യ പ്രവർത്തനക്ഷമമാകുന്നത്, അന്നു മുതൽ എല്ലാ ധനകാര്യ ഇടപാടുകളും സാംഖ്യ വഴി മാത്രമേ രേഖപ്പെടുത്തൂ. ലഭിക്കുന്ന ഓരോ തുകയ്ക്കും സാംഖ്യയിൽ രസീത് രേഖപ്പെടുത്തും. ലഭിക്കുന്ന ചെക്ക്/ഡിഡി/കാഷ്, മണിഓർഡർ റിട്ടേൺ, 'ബി' ഫണ്ട് ബില്ലുകൾ കാഷ് ചെയ്തു കിട്ടുന്ന തുകകൾ, ലെറ്റർ ഓഫ് അതോറിറ്റി മുഖേന ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന തുകകൾ, പലിശ തുടങ്ങി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന തുകകൾ എന്നിവയ്ക്കും രസീതു നൽകണം. ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പഞ്ചായത്തിന് ചെക്കോ ഡിഡിയോ നൽകാതെ ബാങ്ക് അവരുടെ കണക്കിൽ പഞ്ചായത്തിന്റെ ബാദ്ധ്യതയായി ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് വായ്പ തുകയായി നൽകുകയാണെങ്കിൽ ജേണൽ എൻട്രി വഴി 'വായ്പ' എന്ന ബാദ്ധ്യതയും 'നിർവ്വഹണ ഉദ്യോഗസ്ഥന് മുൻകൂർ' എന്ന ആസ്തിയായും രേഖപ്പെടുത്തണം.

ഏതുതരം ഫണ്ടിലെ തുകയാണെങ്കിലും ബിൽ പരിശോധിച്ച് സെക്രട്ടറിക്ക് സമർപ്പിക്കുന്ന അക്കൗണ്ടന്റ് സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തണം. ഏതെങ്കിലും കാരണവശാൽ മറ്റൊരുദ്യോഗസ്ഥനാണ് ഇപ്രകാരം സെക്രട്ടറിക്ക് സമർപ്പിക്കുന്നതെങ്കിൽ അത് ആ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമായിരിക്കും. തുടർന്ന് പേയ് മെന്റ് ഓർഡറിന്റെ നമ്പർ ബില്ലിൽ എഴുതി ചേർക്കണം. കംപ്യൂട്ടർ പരിശോധിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി, കംപ്യൂട്ടറിൽ 'അപ്രൂവൽ' രേഖപ്പെടുത്തിയശേഷമായിരിക്കണം സെക്രട്ടറി ബില്ലിൽ പാസ്സാക്കിയതായ ഒപ്പുവെയ്ക്കേണ്ടത്. തുടർന്ന് ചെക്ക് എഴുതിക്കഴിഞ്ഞാൽ അക്കൗണ്ടന്റ് പേയ്മെന്റ് രേഖപ്പെടുത്തണം. ഇതിനായി പേയ്മെന്റ് ഓർഡർ നമ്പർ എന്റർ ചെയ്താൽ ചെക്ക് വിവരം രേഖപ്പെടുത്താനുള്ള സ്ക്രീൻ ലഭിക്കും. ഇപ്രകാരം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷമേ സെക്രട്ടറി ചെക്ക് ഒപ്പിടാവൂ.

അതതു ദിവസത്തെ ഇടപാടുകൾ പൂർണ്ണമായി രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ദിവസവും വൈകുന്നേരം കാഷ്ബുക്കിന്റേയും ബാങ്ക് ബുക്കുകളുടെയും പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റ് സെക്രട്ടറിക്കു സമർപ്പിക്കണം. രണ്ടുപേരുടേയും ഒപ്പുള്ള പ്രിന്റ് ഔട്ടുകൾ ബോക്സ് ഫയലിൽ തീയതി ക്രമമനുസരിച്ച് ഫയൽ ചെയ്ത് സൂക്ഷിക്കണം. 2011 ഏപ്രിൽ 1 മുതൽ സാംഖ്യ പ്രവർത്തനക്ഷമമായ തീയതിവരെയുള്ള ധനകാര്യ ഇടപാടുകൾ കുടിശ്ശികയായിരിക്കും. ഈ കുടിശ്ശിക ജോലി ചുരുങ്ങിയ സമയംകൊണ്ട് തീർക്കണം. കുടിശ്ശിക തീർന്നു കഴിയുന്നതോടെ കണക്കുകൾ കൃത്യമായിത്തീരുന്നു.

നേമം ബ്ലോക്കിലെ കുറച്ചു ദിവസത്തെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച ശേഷം കേരളത്തിലെ മുഴുവൻ ത്രിതല പഞ്ചായത്തുകളിലും ചുരുങ്ങിയ സമയത്തിനുള്ളിൽ സാംഖ്യ വിന്യസിച്ച് പ്രവർത്തനക്ഷമമാക്കുന്നതായിരിക്കും.■

*(ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com)*

## വിദ്യാഭ്യാസ ചിന്തകൾ പേജ് 13ൽ നിന്നും

ഇന്ദ്രിയാനുഭവങ്ങൾ അറിവിന്റെ വാതായനങ്ങൾ മലർക്കെ തുറന്നിടുന്നു. പകുതി ചാരിയ വാതിലുകളും അടഞ്ഞ വാതിലുകളും ജീവിതത്തിലുണ്ടെന്ന് കുട്ടികൾ തിരിച്ചറിയുന്നില്ല. ജ്ഞാനമേഖലയേക്കാൾ പ്രാധാന്യമുള്ള വൈകാരിക മേഖലയെ (Cognitive domain) അവഗണിക്കുന്ന അറിവുകൾ അപകടകാരികളാണ്. വിവിധ വൈദഗ്ധ്യങ്ങൾ, നൈപുണികൾ പ്രവൃത്തി പരിചയങ്ങൾ ഇവയ്ക്കും കൃത്യമായ സ്ഥാനം ഇല്ല. അതുകൊണ്ടെന്താ വഞ്ചിപ്പാട്ടു ചൊല്ലി രസിക്കാനറിയാതെ സമാനതാളം കണ്ടെത്താം. (അക്ഷരങ്ങൾ എണ്ണി നോക്കി) മാർക്കു നേടാം.

കഴുതച്ചുമടും പുറത്തുവെച്ചുകെട്ടി യാന്ത്രികമായി നീങ്ങുന്ന ഒരു ബാലസംഘത്തെയാണോ നമുക്കു വേണ്ടത്? കലപില പേശിക്കൊണ്ട് അറവുകാരന്റെ പിറകെ പോകുന്ന ആടുമാടുകളാണോ നമ്മുടെ കുഞ്ഞുങ്ങൾ? വിദ്യാഭ്യാസം ഒരു 'വിദ്യാഭാസം' (Pseudo-education) ആകുന്നെങ്കിൽ അതിന്റെ ഉത്തരവാദികളെ കണ്ടെത്തി ശിക്ഷിക്കണ്ടേ?

അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിലും പരിസരമലിനീകരണം തടയുന്നതിലും വനം സംരക്ഷിക്കുന്നതിലും ഉപഭോക്തൃ സംസ്ക്കാരം വളർത്തുന്നതിലും ശ്രദ്ധിക്കുന്ന സെമിനാറുകൾ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളെ മലിനീകരിക്കുന്ന സാംസ്ക്കാരിക ഓടകൾ വൃത്തിയാക്കാത്തതെന്തേ? "മനസ്സു നന്നാകട്ടെ, മതമേതെങ്കിലുമാകട്ടെ, മാനവഹൃത്തിൻ ചില്ലകൾതോറും സ്നേഹം വിരിയട്ടെ" എന്നൊരു പ്രാർത്ഥന എല്ലാ വിദ്യാലയത്തിലും ചൊല്ലാത്തതെന്തേ?

കാഴ്ചയിൽ കുട്ടികളായിരിക്കെ മനസ്സുമുഴുവൻ മുതിർന്നവരുടേതായിത്തീർന്ന ചെറിയ വലിയ മനുഷ്യക്കുട്ടികളെ നാം ബോധപൂർവ്വം വളർത്തുന്നതെന്തേ? വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുകയും അധികാരം ആളുകയുമാണെന്ന് ചെറിയ തലമുറക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതാരാണ്? ഡെൻമാർക്കിൽ മാത്രമല്ല നമ്മുടെ നാട്ടിലും (Something is rotten in Denmark) എന്തോ ചീഞ്ഞു നാറുന്നുണ്ട്. ഒന്നിനെക്കുറിച്ചും കാര്യമായി ഒന്നും അറിയാതെ, ഗ്രഹിക്കാതെ, ആസ്വദിക്കാതെ, വിമർശിക്കാതെ, ചുമ്മാതെ കഴിഞ്ഞു കൂടാം, ശമ്പളമോ കിമ്പളമോ കിട്ടുന്നതുകൊണ്ട് എന്നു കരുതുന്ന ഒരു സമൂഹം മരണം കഴിഞ്ഞ് സംസ്ക്കാരപ്രക്രിയ കാത്തുകിടക്കുകയാണ്. എന്നോ മരിച്ചു കഴിഞ്ഞാലും നാട്ടിലെത്താൻ വിമാനം കാത്തു കിടക്കുന്ന ചില ശവശരീരങ്ങളെ ഓർക്കുക, dead, waiting to be buried.

ഒരു മാതൃകാ വിദ്യാലയത്തിന്റെ രൂപരേഖ ഏറെക്കുറെ നമ്മുടെ മനസ്സിൽ തെളിയാറില്ലേ? അത് ഏറെക്കുറെ പണ്ടത്തെ വിദ്യാലയത്തിന്റെ ഓർമ്മയല്ലേ? പഠനം അഥവാ ജീവിതം നടക്കുന്ന ജീവനുള്ള ക്ലാസ്സുമുറികൾ ഉണ്ടായിരിക്കണം. ബുദ്ധിവികാസത്തോടൊപ്പം ഹൃദയവികാസവും ഉണ്ടാകുന്ന ഒരു ജീവിതം ബോധപൂർവ്വം ക്ലാസുമുറികളിൽ നടക്കണം.

The best way to learn is to live എന്നതു ശരിയാണ്. പരീക്ഷയും ജയവും തോൽവിയും റാങ്കും ഗ്രേഡും കൊടുക്കുന്ന ഭാരത്തെ ലഘൂകരിക്കാൻ കളിയും ചിരിയും കവിതയും കഥയും വായനയും എഴുത്തും വേണം. ലൈബ്രറി പുസ്തകങ്ങൾ കുട്ടികളുടെ കൈയിലെത്തണം. പുസ്തകങ്ങളുടെ തരവും നിറവും മണവും അക്ഷരങ്ങളുടെ ജാലവിദ്യയും കുട്ടികളെ ആകർഷിക്കണം. പത്രമാസികകൾ കുട്ടികൾ വായിക്കണം. പല വയസ്സിലും പല ഔദ്യോഗിക പദവിയിലുമുള്ളവർ ഒരുമിച്ചു കഴിഞ്ഞു കൂടുമ്പോൾ ചിലതരം പെരുമാറ്റച്ചട്ടങ്ങൾ പാലിക്കണം. പക്ഷേ വിദ്യാലയം ഒരു ജയിലല്ല എന്നും ഓർക്കണം. ഇന്റർവെൽ സമയത്ത് പൊരിവെയിലിൽ ഓടിക്കളിക്കുന്ന കുട്ടികളെ വരിവരിയായി നിർത്തി അടിക്കുന്ന 'പുലിസാറന്മാരുടെ' കയ്യിൽ നിന്നും വടി പിടിച്ചു വാങ്ങി ഒടിച്ചു കളയുന്ന ഒരു ഹെഡ് സാർ വേണം.

സ്ക്കൂൾ വളപ്പിൽ മരങ്ങളും ചെടികളും കിളികളും തേനീച്ചയും ഉറുമ്പും വേണം. ഒരു പ്രാവോ കാക്കയോ മൈനയോ കുട്ടികളുടെ തലയിൽ കാഷ്ഠിക്കണം. അതു തൂത്തുകളയാനും തല കഴുകി തോർത്തിക്കൊടുക്കാനും എത്തുന്ന കൂട്ടുകാരും അധ്യാപകരും വേണം.

ഒരു പട്ടിക്കുട്ടി കഞ്ഞിപ്പുരയുടെ അടുത്തു ചടഞ്ഞു കൂടി കിടന്നതിന് ഹിറ്റ്ലർ എന്നു പേരിട്ട് കുട്ടികൾ അവരുടെ ഓമനയാക്കണം. പട്ടിക്ക് ആന്റി-റാബീസ് കുത്തിവയ്പ്പു നടത്തണം എന്നറിയുന്ന ബയോളജിസാർ അതു ചെയ്യിക്കണം. പ്രഥമശുശ്രൂഷ ചെയ്യുന്ന മുറിയും അധ്യാപകരും വേണം. "സാർ എന്റെ വിരലിൽ പ്ലാസ്റ്റർ ഒട്ടിച്ചല്ലോ" എന്ന് ഇണക്കത്തോടെ സ്നേഹിക്കുന്ന കുട്ടികൾ വേണം. തുമ്പയും കുന്താലിയും വെട്ടുകത്തിയും ചൂലും കുട്ടയുമൊക്കെ കുട്ടികൾ കാണണം. എടുത്തു പെരുമാറണം. തടസ്സങ്ങൾ വെട്ടിമാറ്റുന്ന ആയുധങ്ങൾ കൊലപാതകത്തിന് ഉപയോഗിക്കാതിരിക്കാനും പഠിപ്പിക്കണം. ജോലി ചെയ്യുമ്പോൾ കിട്ടുന്ന സുഖം തീരെ അറിയാത്ത കുട്ടികൾ സ്ക്കൂളിൽ ഉണ്ടാകരുത്. ഡ്രിൽ മാസ്റ്ററും തയ്യൽ ആശാട്ടിയും സ്കൗട്ട് മാസ്റ്ററും എൻ സി സി ഓഫീസറും എൻ എസ് എസ് ഓഫീസറും ഒക്കെ കുട്ടികൾക്ക് സഹകരണവും സ്നേഹവും കാട്ടിക്കൊടുക്കണം. വൃത്തിയും വെടിപ്പുമുള്ള മൂത്രപ്പുരകൾ ഉണ്ടായിരിക്കണം. പരിസരശുചീകരണം കുട്ടികൾ തന്നെ ചെയ്യുമ്പോൾ ഉത്തരവാദിത്വത്തോടെ ചെയ്യും. പി റ്റി എയും മാതൃസംഗമവും പൂർവവിദ്യാർത്ഥി സംഘടനയും പ്രധാന അധ്യാപകനോ മറ്റ് അധ്യാപകർക്കോ അവാർഡു ലഭിക്കാനുള്ള കുറുക്കുവഴികളോ കടലാസു സംഘടനകളോ ആയിരിക്കരുത്. സ്ക്കൂൾ പാർലമെന്റും തിരഞ്ഞെടുപ്പും കലോത്സവങ്ങളും ആഘോഷങ്ങളും മത്സരത്തിന്റെ പഠനങ്ങളേക്കാൾ ഏറെ സഹകരണത്തിന്റെ പാഠങ്ങളും സൗഹൃദവും ഉറപ്പാക്കണം ഒടുവിൽ സ്ക്കൂളിന്റെ പടികൾ കയറുമ്പോൾ മനുഷ്യത്വത്തിന്റെ മണം പരക്കുന്ന മൈതാനവും കളിസ്ഥലങ്ങളും കാണണം. അവിടെ ഇടയ്ക്കും മുറയ്ക്കും ഊർജസ്വലരായ കുട്ടികൾ ജാതിമത വ്യത്യാസം മറന്ന് പൈക്കുട്ടികളെപ്പോലെ കൂത്താടണം. സന്തോഷം കൊണ്ടു നിറയുന്ന കണ്ണുകളോടെ അധ്യാപകർ അത്തരം കാഴ്ചകൾ കാണണം. കുട്ടികൾ എന്തു സുന്ദരന്മാരും സുന്ദരികളുമാണെന്ന് തിരിച്ചറിഞ്ഞ് വിങ്ങുന്ന മാറിടത്തോടെ വിദ്യാലയം ആകെ കുളിർത്തു തളിർത്തു നിൽക്കണം. പണ്ടു പഠിച്ചുപോയ കുട്ടികൾ പല ഔദ്യോഗിക സ്ഥാനങ്ങളിലും കുടുംബത്തിലും ഉള്ളവർ എന്നെങ്കിലുമൊക്കെ പണ്ടത്തെ വിദ്യാലയസ്മരണകൾ പുതുക്കണം. സ്ക്കൂൾ സന്ദർശിക്കണം. ആർദ്രങ്ങളായ മനസ്സുകളുടെ ഉടമകളായ അവർ തറവാട്ടിലേക്കു മടങ്ങുന്ന പോലെ പഴയ വിദ്യാലയത്തിലേക്കു മടങ്ങണം. ഭൂതകാലത്തിന്റെ മാസ്മര വിദ്യയിലൂടെ പണ്ടത്തെ ഇല്ലവല്ലായ്മകളോ പരിഭവമോ പിണക്കമോ ഒക്കെ മായ്ച്ചു കളഞ്ഞ് സന്തോഷത്തിന്റെ അണയാത്ത ചെരാതുകൾ കൊളുത്തി പ്രകാശിക്കണം. പഴയ സ്വർണം പോലെ പഴയ വീഞ്ഞുപോലെ പഴയ സുന്ദരസ്വപ്നം പോലെ ഒരു അനുഭവം പണ്ടത്തെ കുട്ടികൾക്കുണ്ടാകണം. ഇന്നത്തെ തലമുറയുമായി അവ പങ്കുവയ്ക്കണം. ഇത്തരം ഒരു വിദ്യാലയം ദുർല്ലഭമാണെങ്കിലും ചിലരെങ്കിലും അഭിമാനത്തോടെ ഓർമ്മകൾ അയവിറക്കും. ഞാനും അതു ചെയ്യുന്നു.■

*ലേഖിക തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് മുൻ പ്രിൻസിപ്പലാണ്*





**ഡോ. അമർ. എസ്. ഫെറ്റിൽ**

ബാല്യകാലത്ത് സർവ്വസാധാരണമായി കാണപ്പെടുന്ന രോഗമാണ് ശ്വാസകോശ സംബന്ധമായ ചെറുതും വലുതുമായ അണുബാധ അഥവാ അക്യൂട്ട് റെസ്പിറേറ്ററി ഇൻഫെക്ഷൻ (A.R.I). മലീമസമായ ഇന്നത്തെ ചുറ്റുപാടിൽ ജീവിക്കുന്ന കുട്ടികൾക്ക് ശരാശരി മാസത്തിൽ ഒന്ന് എന്ന തോതിൽ ഇത്തരം അസുഖങ്ങൾ കാണാറുണ്ട്. പോഷണക്കുറവ് പ്രത്യേകിച്ചും വൈറ്റമിൻ എ യുടെയും ഇരുമ്പിന്റെയും കുറവ്, കുട്ടികളിൽ ഉണ്ടാകുന്ന മറ്റ് രോഗങ്ങൾ തുടങ്ങിയവ ഇത്തരം സ്ഥിതി വിശേഷത്തിന് വഴിയൊരുക്കുന്നു.

ആശുപത്രികളിലെ ഒ.പി.കളിൽ ദൈനംദിനം എത്തുന്ന കുട്ടികളിൽ ഏതാണ്ട് 60 ശതമാനം പേരും എ.ആർ.ഐയോ, പകർച്ചപ്പനിയോ (വൈറൽഫീവർ) ബാധിച്ചവരാണ് എന്നത് ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വസ്തുതയാണ്. ശ്വാസകോശ അണുബാധ പകരുന്നത് തുറന്ന രീതിയിൽ വായ് പൊത്താതെ ചുമയ്ക്കുകയും തുമ്മുകയും പൊതുസ്ഥലങ്ങളിൽ കാറിത്തുപ്പുകയുമൊക്കെ ചെയ്യുമ്പോഴാണ്.

അടിക്കടി ഉണ്ടാകുന്ന ഇത്തരം അസുഖങ്ങൾ കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ഏറെയാണ്. ചികിത്സിക്കുവാനുള്ള ക്ലേശം, പണച്ചിലവ്, സമയം, പ്രയാസം, മരുന്നുകൾ, പ്രവൃത്തി ദിനങ്ങളുടെ നഷ്ടം എന്നിങ്ങനെ പോകുന്നു അവ. ഓരോ തവണയും ചികിത്സ കഴിയുമ്പോൾ വിശപ്പില്ലായ്മ പോഷണക്കുറവ് തുടങ്ങിയ പാർശ്വഫലങ്ങളും കുട്ടികൾ അനുഭവിക്കാറുണ്ട്.

2009ൽ H1N1 ആഗോളതലത്തിൽ വ്യാപനം ഉണ്ടായപ്പോൾ രോഗപ്പകർച്ച തടയാനുള്ള ഒരു പ്രധാനമാർഗ്ഗമായി ആരോഗ്യവകുപ്പ് പ്രചരിപ്പിച്ചത് ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും മൂടണമെന്നാണ്. പലരും ഇത് H1N1ന് മാത്രമായുള്ള പ്രതിരോധമാർഗ്ഗമായാണ് കാണുന്നത്. മാത്രമല്ല ചിലരെങ്കിലും ഇത്തരത്തിലുള്ള പെരുമാറ്റ തിരുത്തലിനെ ഒരു വൈദേശിക/ആംഗലേയ സംസ്ക്കാരത്തിന്റെ അനുകരണമാണെന്ന് പുച്ഛിച്ചു തള്ളുകയും ചെയ്യുന്നു. ഇത് ഒട്ടും ശരിയല്ല. ക്ലാസ്സ് മുറികൾ, സിനിമാ ശാലകൾ, ബസ്, ട്രെയിൻ തുടങ്ങിയ തിരക്കേറിയ ഇടങ്ങളിൽ പ്രത്യേകിച്ച് ജലദോഷം,

# ശുചിത്വബാല്യം സുരക്ഷിതബാല്യം





പനി, ക്ഷയം, ന്യുമോണിയ, കഫകെട്ട് തുടങ്ങിയവ വേഗത്തിൽ പടരുന്നു. മേൽപ്പറഞ്ഞ ശീലങ്ങൾ അനുവർത്തിക്കുന്നതോടൊപ്പം പൊതു സ്ഥലങ്ങളിൽ കാറിത്തുപ്പുന്നതും ഒഴിവാക്കിയാൽ ഇത്തരം രോഗങ്ങളെ ഫലപ്രദമായി തടയുവാൻ സാധിക്കും.

'ചൊട്ടയിലെ ശീലം ചുടലവരെ' എന്നാണല്ലോ. അതിനാൽ മേൽപ്പറഞ്ഞ ആരോഗ്യശീലങ്ങൾ പ്രീ-പ്രൈമറി മുതൽ പ്ലസ് ടു വരെയുള്ള കുട്ടികളിൽ വളർത്തിയെടുക്കേണ്ടതാണ്. ഗുണപരമായ സ്വഭാവമാറ്റം ഉള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ട കടമ നമുക്കെല്ലാപേർക്കും ഉണ്ട്. സ്ക്കൂൾ അസംബ്ലികളിലും ക്ലാസ് മുറികളിലും അദ്ധ്യാപകരും വീടുകളിൽ മാതാപിതാക്കളും ഇത്തരം നല്ല ശീലങ്ങൾ വളർത്തിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. അപൂർവ്വമായെങ്കിലും പല മുതിർന്നവരും ഇത്തരം നല്ല ശീലങ്ങൾ പാലിക്കുന്നതിൽ വിമുഖത കാണിക്കുന്നു എന്നത് ഖേദകരമാണ്. സമൂഹത്തിന് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ഒരു വലിയ ആരോഗ്യനേട്ടം കൈവരിക്കാവുന്ന ഒരു ഗുണാത്മകമായ ശീലമാറ്റമാണ് ഇത്. അതിനാൽ തദ്ദേശസ്വയംഭരണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന ബോധവത്ക്കരണ പ്രോജക്ടുകളിൽ ഇക്കാര്യം കൂടി ഉൾപ്പെടുത്താൻ മുൻകൈ എടുക്കേണ്ടതാണ്. മറ്റ് വിഷയങ്ങൾ സംബന്ധിച്ച അവലോകനങ്ങളിലും ബോധവത്ക്കരണ ക്ലാസുകളിലും കുറച്ചു സമയമെങ്കിലും ശ്വാസകോശ സംബന്ധമായ രോഗങ്ങൾ പകരാതിരിക്കുവാനുള്ള മുൻകരുതലുകളെപ്പറ്റി ആവർത്തിച്ച് ബോധവത്ക്കരണം നടത്തേണ്ടത് അനിവാര്യമാണ്. ■

*ലേഖകൻ*
*തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ H1N1 നോഡൽ ഓഫീസറും പീഡിയാട്രിഷ്യനുമാണ്.*





അജിത് വെണ്ണിയൂർ

# ചക്ക
# ഭക്ഷ്യസുരക്ഷയ്ക്കും രുചി വൈവിധ്യത്തിനും



**ദേശീയ ചക്ക മഹോത്സവം** | **2011 ജൂൺ 4 മുതൽ 6 വരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ**

ഏതാണ് നമ്മുടെ കല്പവൃക്ഷം? മലയാളിക്ക് സംശയമില്ല. തെങ്ങു തന്നെ. അപ്പോൾ പ്ലാവോ? അത് മറ്റൊരു കല്പവൃക്ഷം. വൃക്ഷമിത്രമായ കവയിത്രി സുഗതകുമാരി ഉറപ്പിച്ചു പറയുന്നു:

'എല്ലാ വിധത്തിലും ഒരു കല്പവൃക്ഷമാണ് പ്ലാവ്. അനുഗ്രഹവർഷം ചൊരിയുന്ന ഈ മഹാവൃക്ഷം നമുക്ക് ഭക്ഷണം മാത്രമല്ല, മരുന്നും കാലിത്തീറ്റയും തടിയും വിറകും ഇലകളുമെല്ലാമെല്ലാം തരുന്നു. ഇതിനപ്പുറമായി പക്ഷികൾക്ക് കൂടുകൂട്ടാനും വയറുനിറയെ ഭക്ഷിക്കാനുമുള്ളതെല്ലാം ഈ വൃക്ഷം തരുന്നു.' 'പ്ലാവ്' എന്ന ശീർഷകത്തിൽ കെ.ആർ. ജയൻ എഴുതിയ പുസ്തകത്തിന്റെ മുഖവുരയിൽ പ്ലാവിനെക്കുറിച്ച് പറയുമ്പോൾ കവയിത്രി വാചാലയാവുന്നു.

'ചക്ക പഴുക്കുമ്പോൾ ആരൊക്കെയാണ് അതന്വേഷിച്ചു വരുന്നത്? മനുഷ്യർ മാത്രമല്ല, അണ്ണാനും കാക്കയും കിളിയും വവ്വാലും മരപ്പട്ടിയും എല്ലാവരും ആ രുചിയും മധുരവും തേടി ഓടിയെത്തുന്നു. പ്ലാവ് എല്ലാവർക്കും വാരിക്കോരി വേണ്ടതെല്ലാം നൽകുന്നു.'

കുളിരും തണുപ്പും തണലും കണ്ണിന് പച്ചപ്പും വയറിന് ആഹാരവും വിറകും വീടുപണിക്കുള്ള തടിയും കിടക്കാൻ കട്ടിലും എഴുതാൻ മേശയും രൂപപ്പെടുത്തുന്ന ഈ ഉത്തമവൃക്ഷം പക്ഷേ ശരിക്കും കേരളീയനാണോ എന്ന ചോദ്യത്തിന് ഇനി പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല. കാരണം പ്ലാവും ചക്കയും അത്രയേറെ മലയാളിയുടെ മനസ്സിലും ജീവിതത്തിലും ആഹാര ശീലങ്ങളിൽ അലിഞ്ഞു ചേർന്നിരിക്കുന്നു.

ആധുനിക ജീവിത ശൈലിയിൽ പക്ഷേ ചക്ക അവഗണിക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവാണ് പ്ലാവിനെ വീട്ടുവളപ്പിലേക്കും ചക്കയെ തീൻമേശയിലേക്കും തിരിച്ചുകൊണ്ടുവരാനുള്ള ഒരു കൂട്ടം 'പ്രകൃതി ഭക്ഷണപ്രിയ'രുടെ നൂതന ഉദ്യമത്തിന് പ്രേരണയായത്. തിരുവനന്തപുരത്ത് ജൂൺ 4 മുതൽ 6 വരെ കനകക്കുന്ന് കൊട്ടാരത്തിൽ നടക്കുന്ന ദേശീയ ചക്കമഹോത്സവം ഒരു പുതിയ ഭക്ഷ്യാവബോധത്തിന് നാന്ദി കുറിക്കുമെന്നാണ് സംഘാടകരുടെ പ്രത്യാശ.

### ചക്ക പ്രാദേശിക ഭക്ഷ്യസുരക്ഷയ്ക്ക്

'ചക്ക പ്രാദേശിക ഭക്ഷ്യ സുരക്ഷയുടെ താക്കോൽ' എന്നതാണ് ദേശീയ ചക്ക മഹോത്സവത്തിന്റെ ലക്ഷ്യവാക്യം; ദേശീയ ശില്പശാലയുടെ മുഖ്യപ്രമേയവും. കേരളത്തിലും ഇന്ത്യയിലും മാത്രമല്ല, ബംഗ്ലാദേശ്, ഫിലിപ്പൈൻസ്, ശ്രീലങ്ക, തായ്‌ലന്റ്, ചില ആഫ്രിക്കൻ രാജ്യങ്ങൾ, വിയറ്റ്നാം എന്നിവിടങ്ങളിലൊക്കെ പ്രാദേശിക ഭക്ഷ്യസുരക്ഷയിൽ നൂറ്റാണ്ടുകളായി മുഖ്യപങ്കുവഹിച്ചിരുന്ന പഴമാണ് ചക്ക.

'ചക്കേം മാങ്ങേം മൂ മാസം' എന്ന ഒരു ചൊല്ലുതന്നെയുണ്ട് മലയാളത്തിൽ. കുറഞ്ഞത് മൂന്നു മാസം പട്ടിണിമാറ്റാൻ ഇതു രണ്ടും മതി എന്ന ധ്വനി ഈ പഴമൊഴിയിലുണ്ട്. പട്ടിണി മാറ്റാൻ മാത്രമല്ല, പോഷക ഗുണമേറിയ ഭക്ഷണത്തിലൂടെ ആരോഗ്യം വർധിപ്പിക്കുന്നതിലും ചക്കയ്ക്കുള്ള പ്രാധാന്യം അനേകം ഗവേഷണങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. ഗവേഷണ പരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ ചക്കമാഹാത്മ്യം വിശകലനം ചെയ്യുന്ന ശില്പശാലയാണ് ഈ മഹോത്സവത്തിലെ ഒരു മുഖ്യ ഇനം.



### ചക്ക വൈവിധ്യം

ഫലവർഗ്ഗങ്ങളിൽ ഏറ്റവും വലിയ പഴമാണ് ചക്ക. വൈവിധ്യത്തിൽ എന്നും മുന്നിൽ നില്ക്കുന്ന ഇനം. നൂറ്റിഎഴുപതിലധികം ഇനം ചക്കകൾ ഇതിനകം തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട്. വലിപ്പം, നിറം, രുചി, മണം, ഗുണം, രൂപം എന്നിങ്ങനെ പല തരത്തിലാണ് ഈ വൈവിധ്യം.

രാജ്യത്തിനകത്തും പുറത്തും ലഭ്യമായ ചക്കകളുടെ വൈവിധ്യം പ്രദർശനത്തിലൂടെ അവതരിപ്പിക്കാനുള്ള പരിശ്രമത്തിലാണ് ചക്ക മഹോത്സവത്തിന്റെ സംഘാടകർ. ചക്കകളുടെ മാത്രമല്ല, ചക്കകൊണ്ടുള്ള ഉല്പന്നങ്ങളുടെയും വൈവിധ്യവും ഈ ദേശീയ സംരംഭത്തിൽ അനാവരണം ചെയ്യും.

പ്രദർശനങ്ങളിലൂടെയും പാചക പരിശീലനങ്ങളിലൂടെയും ചക്ക ഉല്പന്നങ്ങളുടെ വിഭവവൈവിധ്യം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന വയനാട്ടിലെ ഉറവ് എന്ന സംഘടന നാടെമ്പാടുമുള്ള സമാന സംരംഭകരുമായി ചേർന്ന് ചക്കയുടെ രുചിവൈവിധ്യം ഈ മഹോത്സവത്തിൽ അനുഭവവേദ്യമാക്കുന്നു. ഈയിടെ തിരുവനന്തപുരം ജില്ലയിലെ ശാന്തിഗ്രാം എന്ന സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ ഒരു പരിശീലന പരിപാടിയിൽ അറുപതിലേറെ വിഭവങ്ങളാണ് ഒരുക്കിയത്. ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ച തൃക്കൈപ്പെറ്റ ചക്ക ഉത്സവത്തിന്റെ ശില്പികൾ ഈ സംരംഭത്തിലും ചക്കയുടെ രുചിയുത്സവത്തിന് ചുക്കാൻ പിടിക്കുന്നു..

ഫാസ്റ്റ് ഫുഡ് സംസ്ക്കാരാധിനിവേശത്തിനെതിരെ 'അന്നം' ഗുഡ് ഫുഡ് മൂവ്മെന്റിന് മുൻകൈയെടുത്ത സിസ - സെന്റർ ഫോർ ഇന്നൊവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ സയൻസ് ആണ് പ്രദർശനത്തിലൂടെ ചക്കയുടെ നിറക്കാഴ്ചകൾ സന്നിവേശിപ്പിക്കുന്നത്.

### ചക്കയുടെ ലോകത്തേക്ക് ഒരു ചിത്രജാലകം

പ്ലാവ്, ചക്ക വൈവിധ്യത്തിലേക്കും അതിന്റെ ഉപയോഗമേന്മകളിലേക്കും ചിത്രജാലകം തുറക്കുന്ന ദേശീയ ഫോട്ടോ പ്രദർശനമാണ് മറ്റൊരു മുഖ്യ ഇനം. ദേശീയ ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് ലഭിച്ച ചിത്രങ്ങൾ, നിരവധി രാജ്യങ്ങളിൽ നിന്ന് ശേഖരിച്ച ഫോട്ടോകളും വിവരണങ്ങളും, പോസ്റ്ററുകൾ, പുസ്തകങ്ങൾ എന്നിവയും ഇവിടെ അണിനിരക്കും.

ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും പ്ലാവ് വച്ചുപിടിപ്പിച്ചുകൊണ്ട് ഈ സംരംഭത്തിൽ അണിചേരാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുന്നോട്ടു വന്നിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയും ജില്ലാപഞ്ചായത്തും ഈ സംരംഭത്തിലെ സഹസംഘാടകരായി മുൻനിരയിൽ തന്നെയുണ്ട്. കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ ഇതു സംബന്ധിച്ച് എല്ലാ പഞ്ചായത്തുകൾക്കും സർക്കുലർ അയച്ചുകഴിഞ്ഞു. നഗരസഭാ മേയർ ആണ് സംഘാടകസമിതി ചെയർപേഴ്സൺ; ജില്ലാപഞ്ചായത്ത് പ്രസിഡന്റ്

**ചക്കപ്പഴത്തിന്റെ പോഷകമൂല്യം 100 ഗ്രാമിന്**

| പോഷകങ്ങൾ | ചക്കപ്പഴം | ചക്കക്കുരു |
|---|---|---|
| മാംസ്യം (ഗ്രാം) | 1.3 - 1.9 | 6.6 |
| കൊഴുപ്പ് (ഗ്രാം) | 0.1 - 0.3 | 0.4 |
| അന്നജം (ഗ്രാം) | 18.9 - 25.4 | 38.4 |
| നാര് (ഗ്രാം) | 1 - 1.1 | 1.5 |
| കാൽസ്യം (മി.ഗ്രാം) | 22 | 0.05 - 0.55 |
| ഫോസ്ഫറസ് (മി.ഗ്രാം) | 38 | 0.13 - 0.23 |
| വിറ്റാമിൻ എ (ഐ.യു) | 540 | |
| നയാസിൻ (മി.ഗ്രാം) | 4 | |
| അസ്കോർബിക് ആസിഡ് | 8 - 10 | |

## ലോകപരിസ്ഥിതി ദിനം: പഞ്ചായത്തുകളിൽ പ്ലാവ് നട്ട് ഐക്യദാർഢ്യം

ഇക്കൊല്ലത്തെ ലോകപരിസ്ഥിതി ദിനം കേരളത്തിലെ പഞ്ചായത്തുകൾ ആചരിക്കുന്നത് പ്ലാവിൻ തൈകൾ നട്ടുകൊണ്ട്. പരമാവധി പൊതുസ്ഥലങ്ങളിലും സ്വകാര്യ പറമ്പുകളിലും പ്ലാവ് നട്ട് പ്രാദേശിക ഭക്ഷ്യസുരക്ഷയ്ക്കുള്ള ഉദ്യമത്തിൽ പങ്കാളികളാകണമെന്ന് തിരുവനന്തപുരത്ത് നടക്കുന്ന ദേശീയ ചക്ക മഹോത്സവത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷ ൻ പ്രസിഡന്റ് പി.ടി.മാത്യു അഭ്യർത്ഥിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തും തിരുവനന്തപുരം നഗരസഭയും ജൂൺ 5ന് പരമാവധി സ്ഥലങ്ങളിൽ പ്ലാവ് നട്ടും നടീൽ വസ്തുക്കൾ നല്കിയും പരിസ്ഥിതി ദിനാചരണം കൊഴുപ്പിക്കാൻ നഗരസഭയും ജില്ലാ പഞ്ചായത്തും മുൻകൈയെടുത്തിട്ടുണ്ട്.



# 'നൻങ്ക'യുണ്ടോ നിങ്ങടെ നാട്ടിൽ?

നിങ്ങടെ നാട്ടിൽ 'നൻങ്ക'യുണ്ടോ? മുറി ഇംഗ്ലീഷിൽ ഫിലിപ്പീനോ സുഹൃത്ത് റോണിയുടെ കൗതുകം കലർന്ന ചോദ്യം.

'സെബു' ദ്വീപിലെ തോട്ടത്തിൽ കണ്ട പേരയ്ക്കയും സീതപ്പഴവും പലതരം നേന്ത്രപ്പഴങ്ങളും ഞങ്ങളുടെ നാട്ടിൽ സുലഭമാണെന്ന് ഞാൻ വീമ്പു പറഞ്ഞപ്പോഴായിരുന്നു ഉത്തരം മുട്ടിച്ച ആ ചോദ്യം.

'നൻങ്ക?' അതിന്റെ ഇംഗ്ലീഷ് പേര് ചോദിച്ചപ്പോൾ ഉത്തരം മുട്ടിയത് റോണിക്ക്. ഒരേക്കറിലധികം വരുന്ന പറമ്പിന്റെ മറ്റേ അറ്റം വരെ കൂട്ടിക്കൊണ്ടുപോയി റോണി 'നൻങ്ക' കാട്ടിത്തന്നു.

'ദൈവമെ ഇത് ചക്കയല്ലേ?' അറിയാതെ ഞാൻ മലയാളത്തിൽ പുലമ്പിപ്പോയി.

'വാട്ട്, ചക്ക?' റോണിക്ക് കൗതുകം വർധിച്ചു. പേരുകൾ തമ്മിൽ എന്ത് സാമ്യം! പിന്നത്തെ അരമണിക്കൂർ അതേക്കുറിച്ചായി ചർച്ച. 'തഗാലോഗി'ൽ (ഫിലിപ്പൈൻസ് ഭാഷ) അയാൾ അതെഴുതിക്കാണിച്ചു; ഇംഗ്ലീഷിലും–'Nangka'

പിറ്റേന്ന് സൂപ്പർമാർക്കറ്റിൽ പോയപ്പോൾ റോണി എന്നെ ഭക്ഷ്യവസ്തുക്കളുടെ ഒരു മൂലയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഇതെല്ലാം 'നാൻക' കൊണ്ടുള്ള വിഭവങ്ങളാണ്. എല്ലാം എക്സ്പോർട്ട് ക്വാളിറ്റി. പൊള്ളുന്ന വില. വിദേശികളാണ് പ്രധാന ഉപഭോക്താക്കൾ. ഇവിടെ ഇതെല്ലാം വീടുകളിൽ തന്നെ ഉണ്ടാക്കാറുണ്ട്.

കൗതുകത്തോടെ ഞാൻ കണ്ണോടിച്ചു. നാല്പതിലധികം ഇനങ്ങൾ– അതിൽ ചക്കവരട്ടിയുണ്ട്, ചക്കയപ്പവും, ചക്കപ്പഴംകൊണ്ടുള്ള ഉണ്ണിയപ്പമുണ്ട്. ജാം, അച്ചാർ, വറ്റൽ, സോഫ്റ്റ് ഡ്രിങ്ക്, പായസം, റെഡി-റ്റു-ഈറ്റ് ചക്കപ്പഴം (കുരുവും ചവിണിയുമെല്ലാം നീക്കി വൃത്തിയാക്കിയത്) മിഠായി, ഹൽവ, ബജി, കട്ലറ്റ്, പപ്പടം, സോസ്, സ്ക്വാഷ്, വൈൻ, ജെല്ലി മിക്സ്ചർ എന്നിങ്ങനെ എന്തെന്തു വിഭവങ്ങൾ!

ഫിലിപ്പൈൻസിൽ വിനോദസഞ്ചാരികളുടെ പറുദീസയാണ് 'സെബു'. 1993ൽ ഫിലിപ്പൈൻസിൽ ഒരു മാസത്തെ പഠനപര്യടനത്തിനിടയിൽ സെബുവിലെത്തിയപ്പോൾ ഒന്നുകൂടി എനിക്കു മനസ്സിലായി – അത് 'നൻങ്ക'യുടേയും പറുദീസയാണ്.

2002ൽ മൂന്നാം തവണ ഫിലിപ്പൈൻസ് സന്ദർശിച്ചപ്പോൾ ആതിഥേയ ഫെറിലുമാംബോയും റോണിയും എന്നെ സൽക്കരിച്ചത് ബ്രഡും 'നൻങ്ക'ജാമും ചേർത്തുള്ള പ്രാതൽ തന്നാണ്. വൈകിട്ട് ചായയ്ക്കൊപ്പം നങ്ക കട്ലറ്റും നൻങ്ക സോസും. 'വെജിറ്റേറിയനായതിനുള്ള ശിക്ഷയാണ്' ഫെറി പരസ്യമായത് വിളമ്പിയപ്പോൾ ഞാൻ പറഞ്ഞു–'ഇത് എനിക്ക് ശിക്ഷയല്ല, സമ്മാനമാണ്. എന്റെ നാട്ടിൽ ഞാൻ കഴിച്ചിട്ടില്ലാത്ത ചക്ക വിഭവം'.

2002ൽ തിരുവനന്തപുരത്ത് നടന്ന 'പൃഥ്വി' ആഗോളപരിസ്ഥിതി സമ്മേളനത്തിൽ പങ്കെടുക്കാൻ ഫെറി വന്നപ്പോൾ ഞാൻ പകരം വീട്ടിയത് വീട്ടുവളപ്പിൽ വിളഞ്ഞ വരിക്കച്ചക്കപ്പഴം നല്കിയാണ്. ഫെറി അത്ഭുതം കൊണ്ട് വിളിച്ചുകൂവി: ഹൗ സ്വീറ്റ് ഇറ്റ് ഈസ്! ഇത്ര മധുരമുള്ള ചക്കപ്പഴം അതുവരെ അവർ കഴിച്ചിട്ടില്ലത്രെ.

മടങ്ങിപ്പോയശേഷം ഫിലിപ്പൈൻസിലെ 'നൻങ്കപുരാണം' അടങ്ങിയ ഒരു കെട്ട് ലഘുലേഖകൾ എനിക്കയച്ചുതന്നു. അവരുടെ പഴഞ്ചൊല്ലുകളിലും കടങ്കഥകളിലും നാടോടിപ്പാട്ടുകളിലുമെല്ലാം ഇടം പിടിച്ച 'നൻങ്ക' മാഹാത്മ്യം.



ഇപ്പോൾ 'അഗ്രോടെക് ഏഷ്യ' എന്ന സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ഫെറി ഈയിടെ എനിക്കയച്ച ഒരു ഇ-മെയിലിൽ മറക്കാതെ എഴുതിച്ചേർത്തു: മനിലയിലും സെബുവിലും പംഗസീനനിലും ഇപ്പോൾ ചക്ക ഗവേഷണ സ്ഥാപനങ്ങൾ ഉണ്ടത്രെ, ഒത്തിരി എക്സ്പോർട്ടിങ് കമ്പനികളും.

ഉപാധ്യക്ഷയും.

**കൂട്ടായ്മയുടെ കരുത്ത്**

ശാന്തിഗ്രാം എന്ന സന്നദ്ധ സംഘടന ഈയിടെ സംഘടിപ്പിച്ച ചക്കവിഭവ പാചക പരിശീലനത്തിനിടയിൽ രൂപം കൊണ്ട ആശയം ദേശീയസംരംഭമായി വളർന്നതിനുപിന്നിൽ, അതിവേഗം രൂപം കൊണ്ട ഒരു വൻകൂട്ടായ്മയുടെ ശക്തിസ്രോതസ്സുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സഹായഹസ്തവുമായി മുന്നോട്ടുവന്നു. സിസ, സഹായി, തണൽ, മിത്രനികേതൻ, അഡികേ പത്രിക, കാവൽ തുടങ്ങി അനുഭവസമ്പത്തുള്ള സംഘടനകൾ സഹസംഘാടകരായി. നബാർഡ്, ജൈവവൈവിധ്യ ബോർഡ്, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, മണ്ണു സംരക്ഷണ വകുപ്പ്, വി.എഫ്.പി.സി.കെ, കൃഷി വിജ്ഞാൻ കേന്ദ്ര, ഫാം ജേർണലിസ്റ്റ് ഫോറം, അഗ്രികൾച്ചർ ഓഫീസേഴ്സ് അസ്സോസിയേഷൻ, ഫ്രാറ്റ്, വികാസ് അധ്യയൻ കേന്ദ്ര, പ്രകൃതി ചികിത്സാ സ്ഥാപനങ്ങൾ എന്നിങ്ങനെ ഒട്ടേറെ സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും അണിചേർന്നു. പ്ലാവും ചക്കയും പഠന-ഗവേഷണ-പ്രചാരണ വിഷയമാക്കിയെടുത്ത സംഘടനകളേയും വ്യക്തികളേയും ഒരു കുടക്കീഴിൽ അണിനിരത്താനുള്ള പരിശ്രമമാണ് ഇപ്പോൾ നടന്നുവരുന്നത്.

ഭക്ഷ്യസുരക്ഷ ഒരു വൻ വെല്ലുവിളിയായി വളർന്നു വരുന്ന ഈ കാലഘട്ടത്തിൽ ശാശ്വത പരിഹാരമായി തെളിഞ്ഞു വരുന്നത് പ്രാദേശിക ഭക്ഷ്യസുരക്ഷയുടെ വഴികളാണ്. അതിൽ ഒരു സമ്പൂർണ്ണാഹാരമായ ചക്കയുടെയും കല്പവൃക്ഷമായ പ്ലാവിന്റേയും സ്ഥാനം അനന്യമത്രെ. കാലം നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. 'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.' ■

*ലേഖകൻ*
*കെ.എസ്.യു.ഡി.പി.യിൽ*
*ഐ.ഇ.സി. എക്സ്പെർട്ടാണ്.*







# ദേ മഴയിങ്ങെത്തി!!!

**ഡോ. മരിയ ലിസ മാത്യു**

മഴക്കാലം കൈയ്യെത്തും ദൂരത്തെത്തി. മഴക്കെടുതികൾ വലയ്ക്കാതിരിക്കാൻ കർഷകൻ ചില മുൻകരുതലുകൾ എടുക്കണം. മഴയും തണുപ്പും മൂലം രോഗപ്രതിരോധശേഷി കുറയുന്ന വളർത്തമൃഗങ്ങൾക്ക് രോഗങ്ങൾ പിടിപെടാൻ സാദ്ധ്യത കൂടുതലാണ്.

**മഴക്കാലത്തിന് സ്വന്തം ഈ രോഗങ്ങൾ**

മഴക്കാലത്ത് വ്യാപകമാകുന്ന ചില പ്രത്യേക രോഗങ്ങളുണ്ട്. അകിടുവീക്കം, വിരബാധ, വയറിളക്കം, പൂപ്പൽ ബാധ, വിഷബാധ, ശ്വാസകോശ രോഗങ്ങൾ, ആന്ത്രാക്സ്, കുരലടപ്പൻ എന്നിവയാണ് അവയിൽ പ്രധാനം.

**അകിടുവീക്കം**

മഴമൂലം സ്ഥിരമായി തൊഴുത്തിൽ നില്ക്കുന്ന പശു, വൃത്തിയില്ലാത്ത തൊഴുത്തും പരിസരവും, പൊട്ടിപ്പൊളിഞ്ഞ തൊഴുത്തു തറ, ഇവയെല്ലാം അകിടുവീക്കത്തിന് വഴിയൊരുക്കും. മേൽ വിവരിച്ച സാഹചര്യങ്ങൾ മഴയ്ക്കു മുമ്പു തന്നെ പരിഹരിക്കണം. ദിവസേന അണുനാശിനികൊണ്ട് തൊഴുത്ത് കഴുകണം. കറവ കഴിഞ്ഞാലുടൻ മുലക്കാമ്പ് പോവിഡോൺ ഐഡിൻ ലായനിയിൽ മുക്കണം (Povidone iodine).

**വിരബാധ**

വിരകളുടെ മുട്ട വിരിയാൻ അനുകൂല സാഹചര്യം ഒരുക്കും മഴക്കാലം. വിര ബാധിച്ചാൽ കന്നുകാലി മെലിയും, പാലുല്പാദനം ഗണ്യമായി കുറയും. വിരകൾ പല തരമുണ്ട്. ഏത് അവയവത്തെ ബാധിക്കുന്നു എന്നതനുസരിച്ച് ലക്ഷണങ്ങൾ കാണിക്കും. വയറ്റിലും കുടലിലും തമ്പടിക്കുന്ന വിരകൾ ദഹനം തടസ്സപ്പെടുത്തും. ചോര കലർന്ന വയറിളക്കവും വിശപ്പില്ലായ്മയുമാവും ലക്ഷണം. ശ്വാസകോശത്തെ ബാധിച്ചാൽ വിട്ടുമാറാത്ത ചുമയും പനിയും ക്രമേണ ന്യുമോണിയയും ആവും ഫലം. കരളിനെ ബാധിച്ചാൽ വിശപ്പില്ലായ്മയും മെലിച്ചിലുമാകും ലക്ഷണങ്ങൾ.

ചില വിരകൾ രക്തം കുടിക്കുന്ന മുറിവ് കട്ടിയാവില്ല. രക്തം ഒഴുകിക്കോണ്ടേയിരിക്കും. ഇത് വിളർച്ചയ്ക്ക് കാരണമാകും. മഴക്കാലം തുടങ്ങുമ്പോൾ കന്നുകാലികളെ നിശ്ചയമായും വിരയിളക്കണം.

**വയറിളക്കം**

പുതുമഴയിൽ ആർത്തു വളരുന്ന പുല്ലും കളകളും രുചിയോടെ വെട്ടി വിഴുങ്ങും കന്നുകാലികൾ. ഫലം വയറിളക്കം. പുല്ല് തലേദിവസം വെട്ടിവച്ച് വാടിയിട്ടോ, പുല്ലും വൈയ്ക്കോലും ചേർത്ത് യോജിപ്പിച്ചോ നൽകിയാൽ വയറിളക്കം നിയന്ത്രിക്കാനാവും.

**പൂപ്പൽബാധ**

മഴക്കാലത്ത് കാലിത്തീറ്റയും പിണ്ണാക്കും വൈയ്ക്കോലും പൂപ്പൽ പിടിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. പൂപ്പലിൽ നിന്ന് മാരക വിഷമായ അഫ്ളാടോയിൻ ഉണ്ടാകും. കൂടിയ അളവിൽ വിഷബാധയേറ്റാൽ പ്രകടമായ ലക്ഷണങ്ങളോടെ മരണം സംഭവിക്കും. വിറയൽ, വട്ടംചുറ്റൽ, കാഴ്ചക്കുറവ്, പല്ലുകടി, വയറിളക്കം എന്നിവയാണ് ലക്ഷണങ്ങൾ. ചെറിയ അളവിൽ പൂപ്പൽ വിഷം ദിവസങ്ങളോളം ഭക്ഷണത്തിലൂടെ ഉള്ളിൽച്ചെന്നുകൊണ്ടിരുന്നാൽ രോഗലക്ഷണങ്ങൾ ആഴ്ചകളോളം നീളും. വിശപ്പില്ലായ്മ, ഉണങ്ങിയ മൂക്ക്, പല്ലുകടി എന്നിവയാണ് ലക്ഷണങ്ങൾ. ക്രമേണ വിഷം കരളിനേയും, വൃക്കയേയും ബാധിക്കും. പാലുല്പാദനം നിലയ്ക്കും. പ്രതിരോധശേഷി നഷ്ടപ്പെട്ട് മറ്റു രോഗങ്ങൾ പിടിപെടും.

പ്രത്യക്ഷത്തിൽ പൂപ്പൽ ബാധിച്ച തീറ്റയോ, വൈയ്ക്കോലോ, മറ്റാഹാരമോ നൽകാൻ പാടില്ല. പുൽത്തൊട്ടി ദിവസേന വൃത്തിയാക്കുകയും വേണം. കാലിത്തീറ്റ നൽകുന്ന പാത്രവും എന്നും കഴുകണം. നനഞ്ഞ കൈകൊണ്ട് ചാക്കിൽ നിന്നും തീറ്റ എടുക്കരുത്. തീറ്റ എടുത്തതിനുശേഷം ചാക്ക് കെട്ടിവയ്ക്കണം. തീറ്റച്ചാക്കുകൾ തണുപ്പടിക്കാതിരിക്കാൻ പലകപ്പുറത്ത് ഭിത്തിയിൽ മുട്ടാതെ വയ്ക്കണം.

**ശ്വാസകോശ രോഗങ്ങൾ**

മഴയും തണുപ്പും വീശിയടിക്കുന്ന കാറ്റും ചുമ, പനി, മൂക്കൊലിപ്പ്, ശ്വാസതടസ്സം, ന്യുമോണിയ എന്നിങ്ങനെ ശ്വാസകോശ സംബന്ധമായ പല രോഗങ്ങൾക്കും കാരണമാകും. ആവശ്യമായ സംരക്ഷണം നൽകുന്നതിന് ശ്രദ്ധിക്കണം. കുടിക്കാൻ ചെറുചൂടുവെള്ളം നൽകുന്നത് വളരെ നല്ലതാണ്. രോഗലക്ഷണങ്ങൾ കണ്ടാൽ തുടക്കത്തിൽതന്നെ ചികിത്സ നൽകണം.

**വിഷബാധ**

വേനലിൽ മുരടിച്ചു നില്ക്കുന്ന വിഷച്ചെടികൾ മഴ തുടങ്ങുമ്പോൾ തഴച്ചു വളരും. ഇത് തിന്നാനിടയായാൽ കാലികൾക്ക് വിഷബാധയും മരണവും സംഭവിക്കും. കന്നുകാലികൾ മേയുന്ന പറമ്പിൽ വിഷച്ചെടികളില്ലെന്ന് ഉറപ്പാക്കണം.

**മുങ്ങിമരണം**

പുഴയുടെയോ കുളത്തിന്റെയോ കരയിൽ കെട്ടുന്ന കന്നുകാലികൾ തിട്ട ഇടിഞ്ഞോ, വെള്ളപ്പൊക്കം കൊണ്ടോ മുങ്ങിച്ചാകാം. എല്ലൊടിയുകയോ, പരിക്കു പറ്റുകയോ ചെയ്യാം. ഉടമയുടെ അശ്രദ്ധയാണ് ഇതിനു കാരണം.

**ഇടിമിന്നൽ**

ഇടിമിന്നലേൽക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം.

**അടപ്പാൻ, കുരലടപ്പൻ, ബ്ലാക്ക് ക്വാർട്ടർ, എലിപ്പനി**

മഴയും വെള്ളപ്പൊക്കവും പല പകർച്ചവ്യാധികളുടേയും രോഗാണുക്കളെ പകർത്തും. കുടിക്കാൻ ശുദ്ധജലം നൽകണം. ബ്ലീച്ചിംഗ് പൗഡറിട്ട് ജലം ശുദ്ധീകരിക്കാം. അടപ്പാൻ, കുരലടപ്പൻ, ബ്ലാക്ക് ക്വാർട്ടർ എന്നീ രോഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പെടുപ്പിക്കണം. അത്യാവശ്യം മുൻകരുതലുകൾ ഉണ്ടെങ്കിൽ ഈ മഴക്കാലം പ്രശ്നരഹിതമായി കടന്നുപോകും. ■

*ലേഖിക പാലക്കാട് ജില്ലയിൽ മൃഗസംരക്ഷണ ആഫീസറായിരുന്നു.*



മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

*"ഒരു വെറ്റില നൂറുതേച്ചു നീ തന്നാലു മീ-*
*തിരുവാതിര നാവ് താംബൂലപ്രിയയല്ലോ?"*

എന്ന് ഹൃദ്യമധുരമായി ജീവിതപ്രേമ പ്രേരകമായി താംബൂലത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നത് വൈലോപ്പിള്ളി ശ്രീധരമോനോനാണ്. അദ്ദേഹം തന്നെ നാലും കൂട്ടി മുറുക്കിയിരിക്കുന്നതിന്റെ സായാഹ്ന മധുരത്തെ കുടിയൊഴിക്കലിൽ പറയുന്നുണ്ട്. മലയാളികളുടെ തനത് ലഹരികളിൽ ഒന്നായിരുന്നു വെറ്റിലമുറുക്ക്. ഇൻഡ്യയിലാകെ അതുണ്ടെങ്കിലും നമുക്ക് തനതായ ചില രീതികൾ അതിനുണ്ടായിരുന്നു. ഗാർഹിക സദസ്സുകളിൽ അംഗീകൃതമായ ഒന്ന്. സൗഹൃദത്തിനു നിദാനമാകുന്ന ഒന്ന്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒന്നുപോലെ പങ്കുവെയ്ക്കാവുന്നത്. പ്രായഭേദം തീരെയില്ലാതെ ഉപയോഗിക്കാവുന്നത്. അതിനോട് അനുബന്ധമായി വെറ്റിലച്ചെല്ലം, കരണ്ടകം, കോളാമ്പി, വെറ്റിലത്തട്ടം തുടങ്ങിയ വസ്തുക്കൾ. ആകപ്പാടെ ഒരു മേളമാണ് വെറ്റില മുറുക്ക്. പലതരം വെറ്റിലകൾ, പലതരം പാക്കുകൾ, പലതരം പുകയില, വാസന ചുണ്ണാമ്പ് ഉൾപ്പെടെ പലതരം ചുണ്ണാമ്പുകൾ!



പുരാതന വൈദ്യശാസ്ത്രം ഇവയുടെ ഔഷധഗുണവും കണ്ടെത്തി. താംബൂലം എന്നാൽ വെറ്റിലയും അടക്കയും ചേർന്നതാണെന്ന് ചില പണ്ഡിതന്മാർ പറയുന്നു. ചിലർ വെറ്റില എന്നു മാത്രവും. നാഗവല്ലി എന്നും വെറ്റിലയ്ക്ക് പര്യായമുണ്ട്. നാഗലോകത്തു നിന്നും കൊണ്ടുവന്നതാണത്രെ! വാതത്തിനും, കഫത്തിനും കൃമി നാശത്തിനും ദുർഗന്ധ നിവാരണത്തിനും വെറ്റില നല്ലതാണെന്ന് പറയപ്പെടുന്നു. വദനത്തിന് ആഭരണമാണ് എന്നും പറയും. വെറ്റില മുറുക്കിച്ചുവന്ന ചുണ്ട് സൗന്ദര്യത്തിന്റെ അടയാളമായി പണ്ട് കണ്ടിരുന്നു. മനസ്സിനെ ആലസ്യത്തിലാഴ്ത്തുന്നതും ആസക്തിയെ ഉണ്ടാക്കുന്നതുമാണ് വെറ്റില എന്നും നമ്മുടെ കാരണവന്മാർ കണ്ടെത്തിയിട്ടുണ്ട്. വെറ്റില മുറുക്കുമായി ബന്ധപ്പെട്ട വാക്കുകളും പ്രയോഗങ്ങളുമാണ് ഈ ലക്കം മൊഴിമുത്തുകൾ.

## മുറുക്കാൻ

വെറ്റില, പാക്ക്, പുകയില, ചുണ്ണാമ്പ് ഇവ നാലും കൂട്ടി വായിലിട്ട് ചവയ്ക്കുന്നതിനാണ് മുറുക്കാൻ മുറുക്കുക എന്ന് പറയുക. നാലും കൂട്ടി മുറുക്കുക എന്ന് പറയാറുണ്ടല്ലോ. നാട്ടുമൊഴിയിൽ ഓണാട്ടുകര പ്രദേശത്ത് മുറുക്കാന് 'വെറ്റേയാൻ' എന്നും പറയുന്നു.

## മുറുക്കാൻ കട

നാട്ടിൻപുറങ്ങളിലെ നാൽക്കവലകളിൽ സർവ്വസാധാരണമായിരുന്ന മാടക്കടകളെയാണ് മുറുക്കാൻ കടയെന്നും പറഞ്ഞിരുന്നത്. മുഖ്യമായും മുറുക്കാനാണ് ഇവിടുത്തെ പ്രധാന കച്ചവടം. നാലുകാലിൽ ഉറപ്പിച്ചിട്ടുള്ളതും നിരപ്പലകകളുള്ളതുമായ ഏറുമാടമാണിത്. ഏറുമാടത്തിന് മുന്നിലായി ഇറക്കി കെട്ടിയിട്ടുള്ള ഒരു തട്ടികയും അതിനുതാഴെ മാടത്തോട് ചേർന്ന് ഒരു ഡസ്ക്കും ഉണ്ടാകും. ഇതിൽ ബീഡിപ്പെട്ടി, മിഠായി ഭരണികൾ, വെള്ളം നിറച്ച കുടം, സോഡാപ്പെട്ടി, ചുണ്ണാമ്പ് പാത്രം എന്നിവ വെച്ചിട്ടുണ്ടാകും. പണ്ട് അന്തി നേരങ്ങളിൽ ആളുകൾ ഒന്നിച്ചു കൂടുന്നത് മുറുക്കാൻ കടകളിലാണ്.





## മുറുക്കാൻ ചെല്ലം

വെറ്റയും പാക്കും പുകയിലയും ചുണ്ണാമ്പുമെല്ലാം സൂക്ഷിക്കുന്ന പാത്രത്തിനാണ് മുറുക്കാൻ ചെല്ലം എന്നു പറയുക. പണ്ട് സമൂഹത്തിലെ സമ്പന്നരും രാജാക്കന്മാരും മറ്റും യാത്ര പോകുമ്പോൾ മുറുക്കാൻ ചെല്ലവും കോളാമ്പിയും എടുത്ത് അനുഗമിക്കുന്നതിനായി വാല്യക്കാരെ നിയോഗിക്കുമായിരുന്നു. വിവിധ ആകൃതിയിലും വലിപ്പത്തിലുമുള്ള മുറുക്കാൻ ചെല്ലം ഉണ്ടായിരുന്നു. പിത്തളകെട്ടി ചിത്രപ്പണികളോടു കൂടിയവയും ഉണ്ടായിരുന്നു. രണ്ടു വശത്തും പിള്ള മുറികളോടു കൂടിയ തടി കൊണ്ടുള്ള മുറുക്കാൻ പെട്ടിയും ഉണ്ടായിരുന്നു.

## കോളാമ്പി

മുറുക്കുമ്പോഴുള്ള ഏറ്റവും പ്രധാന പ്രശ്നം മുറുക്കി തുപ്പുക എന്നതാണ്. മുറുക്കി കഴിഞ്ഞാൽ ഒരു സ്ഥലകാല ബോധവും കൂടാതെ അവിടെയും ഇവിടെയുമെല്ലാം തുപ്പുകയും മുറുക്കാൻ ചണ്ടി തുപ്പിക്കളയുകയും ചെയ്യുന്നവരുണ്ട്. ഒട്ടും ആരോഗ്യകരമല്ലാത്ത രീതിയും ശീലവുമാണിത്. ബസ്സ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥലങ്ങളെല്ലാം മുറുക്കി തുപ്പി വൃത്തിഹീനമാക്കുന്നത് നാം കാണാറുണ്ടല്ലോ? ഇങ്ങനെ ചെയ്യാതിരിക്കുവാൻ മുറുക്കി തുപ്പുന്നതിനായി കോളാമ്പി ഉപയോഗിച്ചിരുന്നു. ഓട്, പിത്തള, അലുമിനിയം എന്നിവ കൊണ്ടെല്ലാം കോളാമ്പിയുണ്ടാക്കിയിരുന്നു. ഈ കോളാമ്പിയോട് ഏകദേശ സാമ്യം ഉള്ളതിനാലാണ് ഉച്ചഭാഷിണിക്ക് 'കോളാമ്പി മൈക്ക്' എന്ന് പറഞ്ഞിരുന്നത്.

## കരണ്ടകം

ചുണ്ണാമ്പ് നിറച്ചുവെയ്ക്കുന്നതിനായി ഉപയോഗിക്കുന്ന ഒരു ചിമിഴാണ് കരണ്ടകം. പല വലിപ്പവും ആകൃതിയുമുള്ള കരണ്ടകം ഉണ്ട്. അടച്ചു സൂക്ഷിക്കത്തക്കവിധം അടപ്പോടുകൂടിയതാണ് മിക്ക കരണ്ടകവും. പിത്തളയോ ഓടോ കൊണ്ടുണ്ടാക്കിയവയായിരുന്നു ഇവയിലേറെയും. കരണ്ടകത്തിനുള്ളിൽ നിന്നും ചുണ്ണാമ്പ് തോണ്ടിയെടുക്കാൻ പാകത്തിൽ ഒരു ചെറിയ കോരികയും കരണ്ടകത്തോടൊപ്പം ഘടിപ്പിച്ചിരിക്കും.

## പാക്കുവെട്ടി

പേര് സൂചിപ്പിക്കുംപോലെ തന്നെ പാക്ക് വെട്ടുന്നതിനും നുറുക്കുന്നതിനുമുള്ള ഒരു ലഘു ഉപകരണം. മുറുക്കാൻ കടകളിൽ പാക്കുവെട്ടുന്നതിനും പുകയില അരിയുന്നതിനുമുള്ള ഒരു പലക കഷ്ണത്തിൽ ഉറപ്പിച്ച സാമാന്യം വലിപ്പമുള്ള പാക്കുവെട്ടിയാണ് ഉപയോഗിക്കുന്നത്.

## പുകയില

മുറുക്കാന് ലഹരിയേകുന്ന ഘടകം പുകയിലയാണ്. ജാപ്പാണം പുകയില വളരെ പ്രസിദ്ധമാണല്ലോ. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ പുകയില കൃഷി ചെയ്യുന്നുണ്ട്. പുകയില നന്നേ ചെറുതായി അരിഞ്ഞ് സുഗന്ധവസ്തുക്കളും ലേശം പഞ്ചസാര പാവും മറ്റും ചേർത്തിളക്കി അരിഞ്ഞ പുകയിലയുണ്ടാക്കും. അരിഞ്ഞ പുകയില കൂട്ടി മുറുക്കുന്നതിന് ഏറെ താല്പര്യമുള്ള മുറുക്ക് ശീലക്കാർ വളരെയാണ്.

## പാക്ക്

നാലും കൂട്ടി മുറുക്കുമ്പോൾ അതിലെ ഒരു പ്രധാന ഘടകം പാക്ക് അഥവാ അടയ്ക്കയാണ്. പാക്ക് പിളർന്ന് പുറത്തെ ചോറ് ചുരണ്ടിക്കളഞ്ഞ് ചെറിയ കഷ്ണങ്ങളാക്കി നുറുക്കിയാണ് എടുക്കുന്നത്. മുറുക്കാനെടുക്കുമ്പോൾ നല്ല പഴുക്കാ പാക്ക് തന്നെ തിരഞ്ഞെടുക്കുവാൻ മുറുക്ക് ശീലക്കാർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. പഴുക്കാ പാക്ക് ധാരാളമായുള്ള സമയത്ത് ഇത് വലിയ ചെമ്പിലും കുട്ടുകത്തിലും അണ്ഡാവിലും ഇട്ട് വെള്ളം നിറച്ച് സൂക്ഷിച്ചാൽ വളരെക്കാലം കേടുകൂടാതെ കിടക്കും. ഇതിന് വെള്ളത്തിലിട്ട പാക്കെന്നാണ് പറയുക.



## ഇടികല്ലും കുഴവിയും

പല്ലില്ലാത്ത മുത്തശ്ശൻമാർക്കും മുത്തശ്ശിമാർക്കും മുറുക്കാൻ ഇടികല്ലിലിട്ട് ഇടിച്ച് നൽകുകയാണ് ചെയ്യുന്നത്. ഇതിനായി കരിങ്കല്ലുകൊണ്ടുള്ള 'ഇടികല്ലും കുഴവിയും' പ്രായമായവരുള്ള വീടുകളിലുണ്ടായിരുന്നു. പണ്ട് കാരണവന്മാർക്ക് ഇടികല്ലിലിട്ട് മുറുക്കാൻ ഇടിച്ചു നൽകുന്നത് ആദരപൂർവ്വം ചെയ്യുന്ന ഒരു ജോലിയായിരുന്നു. കുറച്ചുനാൾ മുറുക്കാൻ ഇടിച്ചു കഴിയുമ്പോൾ ഇടികല്ലിന്റെ കുഴിയുള്ള ഭാഗം ചുവന്നുതന്നെയിരിക്കും.

## ലഹരി മുറുക്കാൻ

ഒരു പ്രത്യേകതരം ലഹരിയോ ഉന്മത്തതയോ ഉദ്ദേശിച്ചായിരുന്നില്ല നാലും കൂട്ടി മുറുക്കിയിരുന്നത്. ഇന്നതല്ല ശംഭു, പാൻ പരാഗ്, തമ്പാക്ക് എന്നിങ്ങനെ പല പേരുകളിൽ ചെറിയ പാക്കറ്റുകളിൽ നിറച്ചുവരുന്ന ലഹരി മുറുക്കാൻ സ്ഥിരമായി ഉപയോഗിക്കുന്നത് ഭാവിയിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. ഈ മുറുക്കാൻ വായിലിട്ട് ചവയ്ക്കുകയല്ല മറിച്ച് ചിറിക്കിടയിലും നാക്കിനടിയിലും മറ്റും കടത്തിവച്ച് ഉന്മാദമായ ഒരു ലഹരി അനുഭവിക്കുകയാണ്. തീരെ ചെറിയ കുട്ടികൾ പോലും ഈ ലഹരി മുറുക്കാന് അടിമകളായി മാറിയിട്ടുണ്ട്. വൻതോതിൽ ചെലവാകുന്നതിനാൽ ഒരു വലിയ വ്യവസായമായി ലഹരി മുറുക്കാൻ നിർമ്മാണം മാറിയിരിക്കുന്നു.

## വെറ്റച്ചണ്ടി

നാലും കൂട്ടി മുറുക്കി കഴിഞ്ഞാൽ വായിൽ അവശേഷിക്കുന്ന ഭാഗമാണ് ചണ്ടി. വെറ്റയും പാക്കും ചുണ്ണാമ്പും നന്നായി ചവച്ചു കഴിയുമ്പോൾ അല്പമാത്രമായിട്ടേ അവശേഷിക്കൂ. വെറ്റ ചണ്ടിയുടെ നല്ല ഭാഗം പുകയിലയായിരിക്കും.

## വെറ്റാട്ടി

പാടത്തും പറമ്പിലും പണിയെടുക്കുന്ന കർഷകത്തൊഴിലാളി സ്ത്രീകൾ വെറ്റയും പാക്കും പുകയിലയും ചുണ്ണാമ്പും മറ്റും സൂക്ഷിക്കുന്ന തഴ കൊണ്ടു നെയ്തെടുക്കുന്ന ഒരു തരം ചെറിയ പെഴ്സ് ആണ് വെറ്റാട്ടി. 'വെറ്റവട്ടി' എന്നാണ് ശരിയായ പ്രയോഗം. കർഷകത്തൊഴിലാളികളുടെ സംസാര ഭാഷയിലൂടെ അത് ക്രമേണ 'വെറ്റാട്ടി' എന്നായി മാറി. പണിയെടുക്കുമ്പോൾ ഇത് എളിയിൽ തിരുകി വെയ്ക്കുകയാണ് പതിവ്. ■

*(തുടരും)*

*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ*
*പ്രോഗ്രാം എക്സിക്യൂട്ടീവാണ്*

# വാർത്തകളും വിശേഷങ്ങളും

## അധികാരവികേന്ദ്രീകരണം: കേരളം ദേശീയ പുരസ്കാരം ഏറ്റുവാങ്ങി



*പുരോഗമനോന്മുഖമായി വർദ്ധിച്ച തോതിൽ അധികാര കൈമാറ്റം നടത്തി പഞ്ചായത്തീരാജ് സംവിധാനം നടപ്പാക്കി വരുന്നതിന് കേരളത്തിന് ലഭിച്ച ദേശീയ പുരസ്കാരം ഏപ്രിൽ 24ന് ദേശീയ പഞ്ചായത്തീരാജ് ദിനത്തിൽ, ന്യൂദില്ലിയിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി മൻമോഹൻസിങ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പാലോളി മുഹമ്മദ്കുട്ടിക്ക് സമ്മാനിക്കുന്നു. കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി വിലാസ്റാവു ദേശ്മുഖ് സമീപം.*

## ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ഫ്രണ്ട് ആഫീസ്



ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ഫ്രണ്ട് ആഫീസ് സംവിധാനം ആരംഭിച്ചു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.പി.സാബു ഫ്രണ്ട് ആഫീസ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കെ. രാജവർമ്മ തമ്പാൻ, പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ, ജില്ലയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ജീവനക്കാർ എന്നിവർ സന്നിഹിതരായിരുന്നു.

## 'പ്രതിപക്ഷ നേതാവ്' പദവിക്ക് നിയമസാധുതയില്ല


തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിപക്ഷ നേതാവ് എന്ന പദവിക്ക് നിയമസാധുത ഇല്ലാത്തതിനാൽ ഏതെങ്കിലും അംഗത്തിന് ആ നിലയിൽ പ്രത്യേക സൗകര്യമോ ആനുകൂല്യങ്ങളോ അനുവദിക്കാൻ പാടില്ലെന്നും അത്തരം ഏതെങ്കിലും പ്രത്യേക സൗകര്യങ്ങളോ ആനുകൂല്യങ്ങളോ നൽകുന്നുണ്ടെങ്കിൽ അവ ഉടനടി നിർത്തലാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാർ ആവശ്യമായ നടപടി സ്വീകരിക്കണം.


## കൊയ്ത്ത് മെതിയന്ത്രങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കണം

തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കൊയ്ത്ത് മെതിയന്ത്രങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകി. ഓരോ സീസണിന് മുമ്പായി ആവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തി യന്ത്രങ്ങൾ ഉപയോഗയോഗ്യമാക്കേണ്ടതാണ്. അറ്റകുറ്റപ്പണി നടത്തുന്നതിന് മെയിന്റനൻസ്, ജനറൽ പർപ്പസ്, തനത് ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്. (സർക്കുലർ നം.22312/ഡി.എ.2/2011/തസ്വഭവ, തീയതി 11.05.2011)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.


ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

**പരസ്യ നിരക്ക്**

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033


www.ammini.com
ammini
partnering with tomorrow
ഊർജ്ജസംരക്ഷണത്തിന്റെ
വിജയഗാഥയുമായി
അമ്മിണി എനർജി സിസ്റ്റംസിന്റെ
ലൈട്രോൺ
BIS CERTIFIED
CFL വഴിവിളക്കുകൾ
കേരളത്തിൽ മാത്രം 1.7 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
700 ൽ പരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീറ്റ്ലൈറ്റ്
ISO 9001 : 2008 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
NSIC രജിസ്റ്റേർഡ്
SIDCO രജിസ്റ്റേർഡ്
ഇപ്പോൾ ടെണ്ടർ
വിളിക്കാതെ
സിഡ്കോ (SIDCO)
മുഖാന്തിരം
വാങ്ങാവുന്നതാണ്
നിങ്ങളുടെ പഞ്ചായത്തിൽ ലൈട്രോൺ ഉണ്ടോ?
ഇല്ലെങ്കിൽ ഇന്നുതന്നെ ബന്ധപ്പെടുക
തിരുവനന്തപുരം 93871 60215
കൊല്ലം 93871 60215
പത്തനംതിട്ട 93871 60215
ആലപ്പുഴ 93871 60216
കോട്ടയം 93871 60216
ഇടുക്കി 93871 60216
എറണാകുളം 93871 60216
തൃശ്ശൂർ 93871 60217
പാലക്കാട് 93871 60217
മലപ്പുറം 93871 60217
കോഴിക്കോട് 93871 60218
വയനാട് 93871 60218
കണ്ണൂർ 93871 60218
കാസർകോഡ് 93871 60218
അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം - 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
ഇ-മെയിൽ: mail@ammini.com
ammini
partnering with tomorrow
അമ്മിണി എനർജി സിസ്റ്റംസ്
ലൈറ്റിംഗ് രംഗത്ത്
15 വർഷത്തെ
സേവന പാരമ്പര്യം
STQC Certification
BUREAU OF INDIAN STANDARDS
ISO 9001: 2008 CERTIFIED
NSIC
REGISTERED
ONICRA
We Secure Trust
CONTACT FOR ALL SUPPORTS (TOLL FREE) : 1800 300 00 600